# കരയോഗ സൗഹൃദം

*സത്യം പരം ധീമഹീ* Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 44

വാല്യം – 15 ലക്കം – 4 മീനം – 1198 ഏപ്രിൽ 2023






ഗുരുവായൂർ


# Radheyam®

GUEST HOUSE


Thekke Nada, Karakkat Road, Guruvayur - 680 101


E-mail: radheyamguesthouse@gmail.com


**Tel: +91 487 2504700, +91 85478 71161**



**Fully Air Conditioned**







**സൗകര്യപ്രദമായ 36 മുറികൾ** | **വിശാലമായ പാർക്കിംഗ്**

**വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ**

*Administrative Office:* **ERNAKULAM KARAYOGAM**

T.D.M Hall Complex, D.H. Road, Kochi 682016, Kerala

**Tel: 0484 2361160**



## എഡിറ്റോറിയൽ

# പുകയുന്ന മാലിന്യവും നാടിന്റെ ദുർഗ്ഗതിയും

**ഈ** വർഷവും ബ്രഹ്മപുരത്ത് മാലിന്യകൂമ്പാരത്തിന്, അല്ല മാലിന്യമലയ്ക്ക് തീ പിടിച്ചു. തീ പിടിച്ചതാണോ, പിടിപ്പിച്ചതാണോ എന്ന കാര്യത്തിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നു. രണ്ടിൽ ഏതായാലും ശരി ഈ വർഷത്തെ തീ പിടുത്തം കൊണ്ട് എറണാകുളം മുഴുവനായും സമീപ പ്രദേശങ്ങൾ ഭാഗികമായും മാലിന്യപ്പുകകൊണ്ട് നിറഞ്ഞ്, വിഷ വായു ശ്വസിച്ച് തൊണ്ടവേദനയും ചുമയും തലവേദനയും, മറ്റുരോഗങ്ങളും എല്ലാമായി ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾക്ക് കയ്യും കണക്കുമില്ല. ആസ്തമ തുടങ്ങിയ ശ്വാസകോശസംബന്ധമായ അസുഖമുള്ളവരാണ് ഏറെ കഷ്ടപ്പാട് സഹിച്ചത്. ഒട്ടേറെപേർ എറണാകുളം വിട്ട് മറ്റു സ്ഥലങ്ങളിലേയ്ക്ക് താമസം മാറി – പുക അടങ്ങുന്നതുവരെ. നൂറുകണക്കിനാളുകൾ ആശുപത്രികളെ അഭയം പ്രാപിക്കേണ്ടി വന്നു. ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾ അവർണ്ണനീയമാണ്. എന്തേ ഇതിനു കാരണം? എന്തെല്ലാം വസ്തുക്കളാണ് അവിടെ അഗ്നിക്കിരയായത്. ഒന്നു ചിന്തിക്കുക – നമ്മുടെ ഈ പ്രദേശങ്ങളിൽ നിന്നെല്ലാം കോർപറേഷൻ ശേഖരിച്ച ജൈവ-അജൈവ മാലിന്യങ്ങൾ ഉൾപ്പെടെ മണ്ണിൽ കലരാത്ത ദ്രവിച്ചു ചേരാത്ത ഒട്ടേറെ വസ്തുക്കൾ ഉൾപ്പെടുന്നു. ഈ വസ്തുക്കളിൽ തീ പിടിക്കുമ്പോൾ മനുഷ്യനു മാത്രമല്ല, സകലമാന ജീവജാലങ്ങൾക്കും ദുരിതം വിതയ്ക്കുന്ന, മാരകരോഗങ്ങൾക്ക് കാരണമാകുന്ന, കാർബൺ മോണോക്സൈഡ്, ഡയോക്സിൻ തുടങ്ങിയ വിഷവാതകങ്ങളാണ് ഇതിൽ നിന്നും വമിക്കുന്നത്. ഈ വിഷവായു ശ്വസിച്ചുകഴിഞ്ഞാൽ പിന്നെ ദിവസങ്ങളോളം നിലനില്ക്കുന്ന അസുഖങ്ങൾക്കു പുറമേ ഭാവിയിൽ അതിഭീതിദമായ മാരകരോഗങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത ഒട്ടും തള്ളികളയാനാകില്ലെന്നാണ് വിദഗ്ദർ പറയുന്നത്. ഡയോക്സിൻ അണുബോംബുപോലെ അപകടകാ

# ഉള്ളടക്കം

വാല്യം 15 | ലക്കം 4 | ഏപ്രിൽ 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| പുരാണങ്ങൾ | 12 |
| കാശ്മീർ – ഭൂമിയിലെ പറുദീസാ | 16 |
| വിദ്യാധിരാജാ ചട്ടമ്പിസ്വാമികൾ | 19 |
| നിറങ്ങളുടെ സത്യം | 22 |
| ആഹാരം തന്നെ ഔഷധം | 25 |
| കൊച്ചുവർത്തമാനങ്ങൾ | 28 |
| ഹാവൂ.. എന്തൊരു ചൂട് | 31 |
| ദൃക്ക് ദൃശ്യ വിവേകം | 33 |
| സാഹിത്യരംഗം | 36 |
| മാസഫലം | 40 |
| മാട്രിമോണിയൽ. | 41 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

രിയായാണെന്നാണ് പറയപ്പെടുന്നത്. സ്ത്രീകളിലും പുരുഷന്മാരിലും ഇതുമൂലം ഹോർമോൺ ഉത്പാദനത്തെ വരെ ബാധിച്ചേക്കാമെന്നാണ് ആരോഗ്യമേഖലയിലെ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തുമ്പോൾ ഉണ്ടാകുന്ന വായു മലിനീകരണത്തിനു പുറമെ അതിന്റെ അവശിഷ്ടങ്ങൾ മൂലം മണ്ണും മലിനമാകുന്നു. പിന്നീടു ആ മണ്ണിൽ വിളയുന്ന ഭക്ഷണപദാർത്ഥങ്ങളിലും ഈ വിഷാംശം എത്തിച്ചേരുന്നു. മണ്ണിലെത്തിയാൽ അത് സ്വാഭാവികമായും ജലത്തിൽ കലരുമല്ലോ? അത് കുടിക്കുന്ന സകല ജീവജാലങ്ങളിലേയ്ക്കും ഈ വിഷം പടർന്നു കയറും. അങ്ങനെ മനുഷ്യനിർമ്മിതമായ ഈ ദുരന്തം മണ്ണിനെയും വായുവിനെയും ജലത്തെയും മലിനമാക്കും. ഇതിന്റെ ദൂഷ്യഫലങ്ങൾ ഈ തലമുറ മാത്രമല്ല, വരും തലമുറകൾ പോലും അനുഭവിക്കേണ്ടി വരും.

ഇനി ബ്രഹ്മപുരത്തെ തീപിടുത്തം എങ്ങനെ സംഭവിച്ചതാണ്? ഇത് അടിയന്തിരമായി അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്. അതിനായി അന്വേ,ണങ്ങൾ നടക്കുന്നുണ്ട്. അതുപോലെ ഈ തീപിടുത്തം മൂലം ജനങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ഉണ്ടായ ആരോഗ്യപ്രശ്നങ്ങളും അന്വേഷിക്കാൻ ആരെയൊക്കയോ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നു കേൾക്കുന്നു. പക്ഷെ എരണാകുളം പ്രദേശത്തെങ്ങും ഈ അന്വേഷക സംഘം എത്തിയതായി അറിവില്ല. ദിവസങ്ങൾ കഴിയുമ്പോൾ മറ്റു പല അന്വേഷണങ്ങളെ പോലെ ഇതും എല്ലാവരും മറക്കും. എന്നാൽ ഇത് എറണാകുളം നിവാസികളുടെ ആരോഗ്യത്തെയും ആയുസ്സിനെയും ബാധിക്കുന്ന വിഷയമായതുകൊണ്ട് ഈ വിഷയം സജീവ ചർച്ചകൾക്ക് വിധേയമാക്കണം. കഴിഞ്ഞകാലചെയ്തികളെ, രാഷ്ട്രീയപ്രേരിതമല്ലാതെ കൃയാത്മകമായ വിമർശനങ്ങൾക്ക് വിധേയമാക്കേണ്ടതുമാണ്.

ബ്രഹ്മപുരത്ത് 110 ഏക്കർ വിസ്തീർണ്ണമുള്ള ഒരു കോമ്പൗണ്ടിലാണ് നമ്മുടെ എറണാകുളത്തും സമീപപ്രദേശങ്ങളിൽ നിന്നുമെല്ലാം ശേഖരിക്കുന്ന മാലിന്യം ഡംപ് ചെയ്യുന്നത്. ദിവസേന അവിടെ കൊണ്ട് കൂട്ടിയിടുന്ന മാലിന്യങ്ങളുടെ വേർതിരിക്കലും സംസ്കരണവും ഒക്കെ അവിടെ നടക്കേണ്ടതാണ്. ഇതെല്ലാം നടത്തുവാൻ കോർപറേഷൻ കോടികൾ കൊടുത്ത് കോൺട്രാക്ടർമാരെ നിയോഗിക്കാറുണ്ട്. പക്ഷേ അവിടെ ഓരോ ദിവസം ചെല്ലുന്തോറും മാലിന്യക്കൂമ്പാരം വലുതായി വലുതായി വരികയാണ്. ചെയ്യുന്നത്. അതായത് വേണ്ട വിധത്തിലുള്ള സംസ്കരണം അവിടെ നടക്കുന്നില്ല എന്ന് വ്യക്തം. ഈ പ്രവർത്തിയിലുള്ള സാങ്കേതിക പരിജ്ഞാനക്കുറവ്, ഇതിനുവേണ്ടുന്ന യന്ത്രസംവിധാനങ്ങളുടെ അപര്യാപ്തത, ഇവ എല്ലാംകൊണ്ടായിരിക്കാം മതിയായ വിധത്തിലുള്ള സംസ്കരണം നടത്താൻ പറ്റാതെ വരുന്നത് ഇതെല്ലാം പരിഹരിക്കപ്പെടണം. കർക്കശമായ നിയന്ത്രണങ്ങളും നിബന്ധനകളും ഇക്കാര്യത്തിൽ ഉണ്ടാകണം. അങ്ങോട്ട് പൈസകൊടുക്കാതെ മാലിന്യത്തെ, അത് ഏതുതരത്തിലുള്ള മാലിന്യമായാലും അതിൽ നിന്ന് മറ്റ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് ലാഭമുണ്ടാക്കാൻ പറ്റുന്ന സാങ്കേതികവിദ്യകൾ ഇന്ന് നിലവിലുണ്ട്. മാലിന്യസംസ്കരണത്തിന് വേണ്ടി ഇന്ന് കോടികൾ ചിലവഴിക്കുന്നിടത്ത് അതിൽ നിന്നും ലാഭമുണ്ടാക്കാൻ വഴിയുള്ളപ്പോൾ ആ വഴിക്കല്ലേ ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടത്? ഉദാഹരണത്തിന് പൂന മുനിസപ്പൽ കോർപ്പറേഷൻ 350 കോടി രൂപ മുടക്കി മാലിന്യത്തിൽ നിന്നും ഹൈഡ്രജൻ ഉല്പ്പാദിക്കുവാൻ സാധിക്കുന്ന ഒരു പുതിയ പ്ലാന്റ് ഒരു സ്വകാര്യകമ്പനിയുമായി യോജിച്ച് ആരംഭിക്കുകയാണ്. മുപ്പത് വർഷത്തേക്കുള്ള കരാറടിസ്ഥാനത്തിലാണ് കമ്പനി ഇതേറ്റെടുക്കുന്നത്. അടുത്ത തലമുറ വാഹനങ്ങൾ ഹൈഡ്രജൻ ഇന്ധനമായുപയോഗിക്കുന്നവയായിരിക്കുമല്ലോ? നമ്മുടെ ഈ പ്രദേശങ്ങളിൽ നിന്നെല്ലാം ശേഖരിക്കുന്ന മാലിന്യത്തിൽ നിന്നും ഇന്ധനമായി ഹൈഡ്രജൻ ഉത്പാദിപ്പിക്കാൻ സാധിച്ചാൽ അതെത്ര പ്രയോജനപ്രദവും ലാഭകരവുമായിരിക്കും. കൊച്ചിക്കും എന്തുകൊണ്ട് ഇങ്ങനെയുള്ള നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമാം വിധം പ്രയോജനപ്പെടുത്തിക്കൂടാ? തീർച്ചയായും കോർപ്പറേഷന്റെ ശ്രദ്ധ ഈ വഴിക്ക് തിരിയണമെന്നും മാറ്റങ്ങൾ ഉൾക്കൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

എന്തായാലും നമ്മുക്ക് ഇക്കാര്യത്തിൽ ഒന്നുമാത്രമേ ആവശ്യപ്പെടുവാനുള്ളു. കൊച്ചിനിവാസികൾ സർവ്വരും കോർപ്പറേഷൻ അനുശാസിക്കുന്ന മുഴുവൻ നികുതികളും നല്കി ജീവിക്കുന്നവരാണ്. പകരം കോർപ്പറേഷൻ നൽകേണ്ട പ്രധാന സേവനങ്ങൾ, കോർപ്പറേഷന്റെ കീഴിലുള്ള റോഡുകൾ പരിപാലിക്കുകയും, മാലിന്യനിർമ്മാർജ്ജനവുമാണല്ലോ? ഈ രണ്ടും കൃത്യമായി നിർവ്വഹിക്കാൻ ബാദ്ധ്യതപ്പെട്ട കോർപ്പറേഷൻ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ കുറേക്കൂടി ജാഗ്രത പുലർത്തണമെന്നുള്ളതാണ്. ഭാവിയിലൊരിക്കലും, ഇപ്പോൾ കൊച്ചിക്കാർ അനുഭവിച്ച ആരോഗ്യ പ്രശ്നങ്ങളും ദുരിതങ്ങളും ഉണ്ടാകാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ ബഹു: കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും ഞങ്ങൾ ആവശ്യപ്പെടുകയാണ്- ജനങ്ങളെ ഇനിയും ബുദ്ധിമുട്ടികരുതേ എന്ന അപേക്ഷയും.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

## എല്ലാ വായനക്കാർക്കും വിഷുദിനാശംസകൾ

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തെ സംബന്ധിച്ച് 2022-2023 സാമ്പത്തീക വർഷം ഈ മാർച്ച് 31ന് അവസാനിക്കുകയാണ്. മുൻവർഷങ്ങളിൽ ഉണ്ടായ കോവിഡ്-19ന്റെ സാമ്പത്തീക ബുദ്ധിമുട്ടുകളിൽ നിന്നും ഒരു വിധം പിടിച്ചു നിൽക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2022ലെ എറണാകുളം കരയോഗത്തന്റെ റവന്യൂ, ക്യാപിറ്റൽ ബഡ്ജറ്റുകൾ പ്രകാരം പല പരിമിതികളിൽ നിന്നുകൊണ്ടാണെങ്കിലും ക്യാപിറ്റൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2023-2024 സാമ്പത്തീകവർഷത്തിൽ 160 KWA സോളാർ പവ്വർ പ്രൊജക്റ്റും മുൻവർഷങ്ങളിൽ ചെയ്ത 25 KWA സൂര്യതാപവൈദ്യുതി ഉൽപ്പാദനവും പൂർത്തിയാക്കാൻ കഴിയും. അതുവഴി ഏകദേശം പ്രതിദിനം 1000 യൂണിറ്റ് വരെ കറന്റ് ഉൽപ്പാദിപ്പിക്കാന് കഴിയുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ നിലവിൽ 3 മുതൽ 3 1/2 ലക്ഷം രൂപ വരെയാണ് വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽ ഒരു 60 മുതൽ 70 ശതമാനം വരെ കുറവു കിട്ടിയാൽ 5 കൊല്ലം കൊണ്ട് നമ്മുടെ സൂര്യതാപവൈദ്യുതിക്ക് മുടക്കിയ തുക തിരികെ ലഭിക്കും.

ഇതോടനുബന്ധിച്ച് ഗംഗ, പമ്പ, കാവേരി ഹാളുകളുടെ റൂഫ് ഷീറ്റിന്റെ അറ്റകുറ്റ പണികളും ആവശ്യമായ പഴയ ഷീറ്റുകൾ മാറ്റിസ്ഥാപിക്കുകയും സോളാർ പ്രൊജക്റ്റിനു വേണ്ടി ആവശ്യമായ മേൽക്കൂര ബലപ്പെടുത്തുന്ന ജോലികളും ഈവർഷം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് സ്ഥാപനത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും ആവശ്യമായ പദ്ധതികൾ, മരാമത്തുകൾ എന്നിവ കൃത്യസമയത്ത് ചെയ്ത് തീർക്കുന്നതും അതുവഴി ടിഡിഎം ഹാളിലെ വിവിധ ഹാളുകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്ക് വൃത്തിയുള്ളതും കാലത്തിനനുസൃതവുമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സേവനങ്ങൾ നല്കുവാൻ കഴിയും എന്നുള്ളതാണ്. കരയോഗം വക കെട്ടിടങ്ങളും ഹോളുകളും എല്ലാം വൃത്തിയായി സൂക്ഷിക്കേണ്ടത് ഭരണസമിതിയുടെ ചുമതലയാണെന്നുള്ള ഉത്തമബോദ്ധ്യം ഉൾക്കൊണ്ടുകൊണ്ടു തന്നെയാണ് സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നുകൊണ്ടും സ്ഥാപനത്തിന്റെ ഭാവിയും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ അപ്പപ്പോൾ ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും.

ഇതോടൊപ്പം നിലവിൽ ഉണ്ടായിരുന്ന പമ്പ ഡൈനിംഗ് ഹാൾ നവീകരിച്ച് കൂടുതൽ സേവനങ്ങൾ നല്കുന്നതിനുള്ള ഒരു പദ്ധതിയും പുരോഗമിച്ചുവരുന്നു. ഈ ഹാൾ 2023 ജൂലൈ മാസത്തിനു മുമ്പായി തുറന്നുകൊടുക്കാമെന്നാണ് പ്രതീക്ഷ. കൂടാതെ പുതിയ ലിഫ്റ്റിന്റെ നിർമ്മാണവും നടന്നു വരുന്നുണ്ട്.

എറണാകുളം കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിർലോഭമായ സഹായസഹകരണങ്ങൾ നല്കി വരുന്ന എല്ലാ മാന്യ അംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കെ. പ്രദീപ്, സീനിയർ ഡെപ്യൂട്ടി എഡിറ്റർ (The Hindu Rtd) 'നമ്മുടെ സംഗീതപാരമ്പര്യം' എന്ന വിഷയത്തെ അധികരിച്ച് ഏപ്രിൽ 12 ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് പ്രഭാഷണം നടത്തുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അന്തരിച്ച പ്രശസ്ത കഥകളി നടൻ കലാമണ്ഡലം വാസു പിഷാരടി ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം ഏപ്രിൽ 17 തിങ്കളാഴ്ച, കാവേരി, ടി.ഡി.എം. ഹാളിൽ വൈകുന്നേരം 5.30ന്. തുടർന്ന് കഥകളിപ്പദകച്ചേരിയും അവതരിപ്പിക്കുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടി ഏപ്രിൽ 25-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ശ്രുതി ഓർക്കസ്ട്രയുടെ ഗാനമേള ടി.ഡി.എം. ഹാളിൽ അവതരിപ്പിക്കുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 30 ഞായറാഴ്ച 4 മണിക്ക് ശതാഭിഷേകത്തിലേക്ക് കടന്ന ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംഗീതപരിപാടി ടി.ഡി.എം. ഹാളിൽ.

കരയോഗത്തതിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിപാടികളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും സാന്നിധ്യവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

*ജനറൽ സെക്രട്ടറി*

*****

# വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം



എറണാകുളം കരയോഗം വിഘ്നേശ്വരക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി (ബുധനാഴ്ച) നടത്തപ്പെടുന്നു. അന്നേ ദിവസം അഷ്ടദ്രവ്യഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (ആയിരത്തൊന്നുകുടം), കരിക്കഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഈശ്വര കൃപ

*പ്രിയപ്പെട്ട ചങ്ങാതിമാരേ,*

**ഒ**രു കഥയിൽ തുടങ്ങാം. ഈ ലക്കം. ഒരു രാജാവും മന്ത്രിയും വേഷപ്രച്ഛന്നരായി ഊരു ചുറ്റാനിറങ്ങി. വഴി മദ്ധ്യേ അവർക്കു മുന്നിൽ രണ്ടു യാചകർ ചെന്നു കൈനീട്ടി. ഒരാൾ ഈശ്വരനാമത്തിലാണ് യാചിച്ചത്. മറ്റേയാൾ രാജാവിനെ പുകഴ്ത്തിക്കൊണ്ടാണ് കൈനീട്ടിയത്.

രാജാവ് മന്ത്രിയെ നോക്കി ഇവരിൽ ആരാവും യഥാർത്ഥ രാജഭക്തൻ?

മന്ത്രി പറഞ്ഞു 'നേരും നെറിയും വേർതിരിക്കാൻ സമയം വേണം പ്രഭോ. അങ്ങ് ഇവർക്ക് ഉചിതമായി എന്തെങ്കിലും കൈയ്യിൽ വെച്ചു കൊടുത്താലും.'

'രാജാവിന് ആരെയും സമ്പന്നനാക്കാൻ കഴിയും' എന്നാലും കുറച്ചൊന്നാലോചിച്ച് രാജാവ് തുടർന്നു.

'രണ്ടാമനാണ് പ്രായോഗികബുദ്ധിയുള്ളത് എന്നാൽ ഈശ്വരകൃപയാണ് ഒരുവന്റെ ഐശ്വര്യത്തിനു കാരണം. അതിനാൽ ഒന്നാമനാണ് ശരി.'

'ആരാണ് ശരിയെന്ന് കുറച്ച് ദിവസങ്ങൾക്കുള്ളിൽ അറിയാം.' മന്ത്രിപറഞ്ഞു.

യാചകരോടായി രാജാവ് പറഞ്ഞു. 'നാം ഈ രാജ്യത്തെ മഹാരാജാവാണ്. ഇദ്ദേഹം നമ്മുടെ മന്ത്രിമുഖ്യനും.' നാളെ വിഷുവല്ലേ, രണ്ടുപേരും നാളെ കൊട്ടാരത്തിലേക്കു വന്നോളൂ. ഉചിതമായ കൈനീട്ടം നാം നിങ്ങൾക്കായി കരുതി വയ്ക്കുന്നുണ്ട്.

രണ്ടുപേരും പിറ്റേന്ന് രാജകൊട്ടാരത്തിലെത്തി. ഈശ്വരനാമത്തിൽ യാചിച്ച ആൾക്ക്, എല്ലാവർക്കും കൊടുത്തതുപോലെ ഒരു പണം രാജാവ് കൈയിൽ വച്ചുകൊടുത്തു. രാജാവിനെ പ്രശംസിച്ച യാചകന് പ്രത്യേകമായി മാറ്റി വെച്ചിരുന്നു ഒരു മത്തങ്ങയും ഒരു പണവും കുറച്ചു പുതുവസ്ത്രങ്ങളും കൊടുത്തു.

നാളുകൾ കഴിഞ്ഞ് പഴയ വഴിയിലൂടെ രാജാവും മന്ത്രിയും വേഷപ്രച്ഛന്നരായി വീണ്ടും നടക്കാനിറങ്ങി.

മത്തങ്ങ വാങ്ങിയ യാചകൻ അപ്പോൾ ഒരു മണിമാളികയ്ക്കു മുന്നിലിരുന്ന് യാചിക്കുന്നതാണ് അവർ കണ്ടത്.

രാജാവ് ചോദിച്ചു.

'നിനക്ക് കൊട്ടാരത്തിൽ നിന്ന് കിട്ടിയ വിഷു കൈനീട്ടം നീ എന്തു ചെയ്തു'

യാചകൻ പറഞ്ഞു.

'ഓഹ് അത് ഒരു മത്തങ്ങയായിരുന്നു. ഞാനത് അഞ്ചു നാണയത്തിന് അങ്ങാടിയിൽ കൊണ്ട് ചെന്നു വിറ്റു.'

'മറ്റേ യാചകനെവിടെ?'

'അയാളോ അയാൾക്കേതോ നിധി കിട്ടി. ഈ കാണുന്ന മണിമാളിക ആയൾ വാങ്ങിയതാണ്.'

മാളികയിലേക്ക് കടന്നുചെന്ന രാജാവ് ആരാഞ്ഞു

'നീ എങ്ങനെയാണ് ഇത്ര പെട്ടെന്ന് ധനവാനായത്.' അയാൾ പറഞ്ഞു.

ഭഗവാന് വിഷുപുഴുക്കു നേദിക്കാൻ ഞാൻ അങ്ങാടിയിൽ നിന്നു വാങ്ങിയ മത്തങ്ങയിൽ നിറയെ രത്നങ്ങളും മുത്തുകളും ആയിരുന്നു. എല്ലാ ഈശ്വരകൃപയല്ലാതെന്ത്

തിരിച്ചുള്ള നടത്തത്തിൽ രാജാവ് മന്ത്രിയോടു പറഞ്ഞു.

'ഞാൻ മുത്തും രത്നവും നിറച്ച മറേറ യാചകന് സമ്മാനിച്ച മത്തങ്ങ അനുഭവിക്കാൻ യോഗമുണ്ടായത് ഇയാൾക്കാണ്. തീർച്ചയായും അയാൾ പറഞ്ഞതുപോലെ ഇത് ഈശ്വരകൃപതന്നെയാണ്.'

വിഷുവാണ്. വിഷുക്കാലമാണ്. പറഞ്ഞകഥയും ഒരു വിഷുക്കാലത്തെതാണ്.

വിഷുവിന് പ്രധാനം വിഷുക്കണി. പിന്നെ കൈനീട്ടം. വിഷു സദ്യ. എല്ലാം കൂട്ടുകാർ ആസ്വദിച്ച് അനുഭവമാക്കണം.

മേട വസന്തവിഷുക്കാലത്ത്, ഗൃഹാതുരതയുടെ ഈ ഓർമ്മക്കാലത്ത് എല്ലാ ബാലലോകം കൂട്ടുകാർക്കും ഹൃദ്യമായ ആശംസകൾ

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)


## സെപ്റ്റിക്ടാങ്ക്

**അ**ടുത്ത കാലത്ത് ഞാൻ പോയ ഒരു വീട്ടിലെ പ്രധാന പ്രശ്നം സെപ്റ്റിക്ടാങ്ക്. കന്നിമൂലയിലാണ് എന്ന് വീട്ടിൽ വന്ന ഏതൊ ബന്ധുക്കൾ പറഞ്ഞു. ഞാൻ പരിശോധിച്ചപ്പോൾ സെപ്റ്റിക്ടാങ്ക് വടക്കു പടിഞ്ഞാറാണ്. കഴിഞ്ഞ 30 കൊല്ലമായി വലിയ പ്രശ്നമൊന്നുമില്ലാതെ താമസിക്കുന്ന വീടാണ്. ഏതൊ ബന്ധുക്കൾ വന്നു പറഞ്ഞതോടു കൂടി അവരുടെ മനസമാധാനം പോയി. വന്നു പറഞ്ഞവർക്കും, വീട്ടുകാർക്കും കന്നിമൂല എവിടെയാണെന്ന് അറിയില്ല.

കന്നിമൂല എന്നു പറയുന്നത് തെക്കു പടിഞ്ഞാറെ മൂലയാണ്. കന്നിമൂല എല്ലാ മുറികൾക്കും, വീടിനുമൊത്തത്തിലും, പ്ലോട്ടിന് മൊത്തത്തിലും വരുന്നുണ്ട്. മുറികളുടെ തെക്കുപടിഞ്ഞാറെ മൂലയിൽ (കന്നിമൂലയിൽ) വാതിലുകൾ വരാതെ നോക്കണം. വീടിന്റെ മൊത്തം തെക്കുപടിഞ്ഞാറെ മൂലയിൽ (കന്നിമൂലയിൽ) പ്രധാനവാതിൽ വരരുത്. പ്ലോട്ടിന്റെതെക്കു പടിഞ്ഞാറെ മൂലയിൽ (കന്നിമൂലയിൽ ഗേറ്റ്, കിണർ, കുളം എന്നിവ വരരുത്.

ഏതെങ്കിലും വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ (കന്നിമൂലയിൽ) സെപ്റ്റിക്ടാങ്ക് വന്നിട്ടുണ്ടെങ്കിൽ യാതൊരു കാരണവശാലും പൊളിച്ചുമാറ്റേണ്ട കാര്യമില്ല. അതിന്റെ മുകൾഭാഗത്തെ കവർ സ്ലാബ് വായുവും, വെളിച്ചവും കടക്കാത്ത തരത്തിൽ ശരിയാക്കി മുകളിൽ മണ്ണിട്ടു മൂടണം. സെപ്റ്റിക്ടാങ്ക് വീടിന്റെ വടക്കുകിഴക്കെ മൂലയിലാണെങ്കിൽ യാതൊരു കാരണവശാലും ഭൂമിയുടെ നിരപ്പിൽ നിന്നും പൊന്തി നിൽക്കരുത്. തെക്കും, പടിഞ്ഞാറും, തെക്കു പടിഞ്ഞാറുമാണെങ്കിൽ ഭൂമിയുടെ നിരപ്പിൽ നിന്നും പൊന്തിനിന്നാൽ കുഴപ്പമില്ല. സെപ്റ്റിക്ടാങ്ക് കന്നിമൂലയിലാണെന്നു പറഞ്ഞ് മനസമാധാനം കളയേണ്ടതില്ല.

ഇതുപോലെ തന്നെ മറ്റൊരു പ്രശ്നമാണ് പട്ടിക്കൂടും, തൊഴുത്തും. പട്ടിക്കൂട് വടക്ക് കിഴക്ക് ഒഴിച്ച് മറ്റെവിടെയും ആവാം. അതുപോലെ തന്നെ തൊഴുത്ത് കിഴക്ക് തെക്കും, വടക്കു പടിഞ്ഞാറും ആകാവുന്നതാണ്. തൊഴുത്തിൽ പശു നിൽക്കുമ്പോൾ പശുവിന്റെ മുഖം വടക്കോട്ടോ, കിഴക്കോട്ടോ ആയിരിക്കണം. പശു തൊഴുത്തിൽ നിൽക്കുമ്പോൾ പശുവിന്റെ മുഖത്തേക്ക് ഉദയം വരണം.






വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# കരുമാടി കാമപുരത്ത് കാവിൽ ക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

**ഭാ**രതത്തിലെ ക്ഷേത്രങ്ങളെ വിശ്വാസികളുടെ ആരാധനാലയങ്ങളായി മാത്രം കാണുവാൻ കഴിയില്ല. ഓരോ ക്ഷേത്രങ്ങളും അതാതു പ്രദേശങ്ങളുടെ ചരിത്രങ്ങളുമായി അഭേദ്യമായ ബന്ധമുള്ളവയാണ്. നാടിന്റെ പ്രശസ്തിക്ക് ക്ഷേത്രങ്ങൾ മുഖ്യ പങ്കു വഹിക്കാറുണ്ട്. ഗ്രാമങ്ങളിലെ ക്ഷേത്രങ്ങൾ ഗ്രാമവാസികളെ ഒത്തൊരുമയോടെ വസിക്കുവാൻ സഹായിക്കുന്നു. ഗ്രാമീണസംസ്ക്കാരം ക്ഷേത്രാചാരങ്ങളിലും ഉത്സവാഘോഷങ്ങളിലും പ്രകടമാകുന്നതുകാണാം. തദ്ദേശവാസികളുടെ കൂട്ടായ്മയായാണ് ക്ഷേത്രോത്സവങ്ങൾ നടക്കാറുള്ളത്. പല ക്ഷേത്രങ്ങൾക്കും ഏതെങ്കിലും പ്രത്യേകതയാൽ പ്രസിദ്ധിയുള്ളതായും കാണാം. അതിമഹത്തായ ക്ഷേത്രചരിത്രങ്ങൾ നിറഞ്ഞ പുണ്യഭൂമിയായ ഭാരതത്തിന്റെ തെക്കെ അറ്റത്തുള്ള ഒരു ചെറിയ ഭൂഭാഗമാണ് കേരളം. കേരളക്കരയുടെ ഉയർച്ചയുടേയും താഴ്ചയുടേയും ഐശ്വര്യത്തിന്റെയും പ്രതാപത്തിന്റെയും കഥകളുറങ്ങുന്ന ഈ മണ്ണിൽ അനേകം പ്രത്യേകതകളുള്ള ക്ഷേത്രങ്ങളുണ്ട്. ഭക്തന്റെയും ഭരണകർത്താക്കളുടേയും പങ്കാളിത്തംകൊണ്ടും നിർമ്മാണരീതികളിലെ വൈവിദ്ധ്യങ്ങൾ കൊണ്ടും ശില്പകലാവൈഭവങ്ങൾകൊണ്ടും മഹർഷിവര്യന്മാരുടെ തപച്ചരിത്രങ്ങൾകൊണ്ടും അവരുടെ യാഗസ്ഥലങ്ങളെക്കൊണ്ടും പ്രത്യേകതയും പ്രസിദ്ധിയും നേടിയിട്ടുള്ള ക്ഷേത്രങ്ങൾ അനവധിയാണ്. എന്നാൽ ഈ വക പ്രത്യേകകളിലൊന്നും ഉൾപ്പെടാത്ത ഒരു വ്യത്യസ്ഥമായ പ്രത്യേകതയുള്ള ക്ഷേത്രമുണ്ട് നമ്മുടെ കേരളക്കരയിൽ. അത്ഭുതവും കൗതുകവും ജനിപ്പിക്കുന്ന പ്രത്യേകതയുള്ള ആ ക്ഷേത്രമാണ് കരുമാടി കാമപുരത്ത് കാവിൽ ക്ഷേത്രം.

ആലപ്പുഴജില്ലയിലെ കരുമാടിഗ്രാമത്തിന്റെ ഗ്രാമക്ഷേത്രമാണ് കരുമാടിശങ്കരനാരായണ ക്ഷേത്രം. ക്ഷേത്രത്തെപ്പറ്റി പ്രതിപാദിക്കുന്നതിനു മുമ്പുതന്നെ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തേപ്പററി മനസ്സിലാക്കേണ്ടതുണ്ട്.

ആലപ്പുഴജില്ലയിൽ കുട്ടനാടിന്റെ ഭാഗമായ പ്രദേശമാണ് കരുമാടി. ചുട്ട നാടാണ് കുട്ടനാട് എന്നറിയപ്പെട്ടത് എന്നും വിശ്വസിക്കുന്നു. മഹാഭാരതകഥയിലെ ഖാണ്ഡവവനദഹന കഥയുമായി ബന്ധപ്പെട്ട പ്രദേശമാണ് കുട്ടനാട്. ഖാണ്ഡവവനദഹനസമയത്ത് അഗ്നി സമീപപ്രദേശങ്ങളിലേക്കെത്തിയപ്പോഴേക്കു ധാരാളം കുളങ്ങളും പാടശേഖരങ്ങളും നദികളും ഉള്ള പ്രദേശമായിനാൽ തീനാളത്തിന്റെ ശക്തികുറഞ്ഞുകുറഞ്ഞുവന്നു. അങ്ങനെ അഗ്നി മാടിമാടി (കുറഞ്ഞുകുറഞ്ഞു)വന്ന പ്രദേശമാണ് കരുമാടി എന്നറിയപ്പെടുന്നത്.

ഋഷിവര്യന്മാർ യജ്ഞം നടത്തുമ്പോൾ ഹവിസ്സ് അഗ്നിദേവനുസമർപ്പിക്കുന്നു. ധാരാളം യജ്ഞങ്ങളിലെ ഹവിസ്സു ഭക്ഷിച്ച് അഗ്നിദേവന് ഒരിക്കൽ അജീർണ്ണം ബാധിച്ചു. അജീർണ്ണത്തിൽ നിന്നും മോചിതനാകുവാൻ ഔഷധം ഭക്ഷിക്കുവാൻ ദക്ഷിണാമൂർത്തി അഗ്നിദേവനെ ഉപദേശിച്ചു. പണ്ടുകാലത്ത് കുട്ടനാട് പ്രദേശങ്ങൾ ധാരാളം ഔഷധങ്ങളും വൻവൃക്ഷങ്ങളും നിറഞ്ഞ കൊടും വനപ്രദേശങ്ങളായിരുന്നു. ദക്ഷിണാമൂർത്തിയുടെ ഉപദേശം കേട്ട് അഗ്നിദേവൻ സന്യാസിവേ

ഷം ധരിച്ച് അർജ്ജുനന്റെ അടുത്തെത്തി ത നിക്കു ഭക്ഷണം വേണം എന്നറിയിച്ചു. വിശപ്പ കറ്റാനാണ് ഭക്ഷണം കൊടുക്കുന്നത്. തന്റെ മുന്നിൽ നിക്കുന്ന സന്യാസിക്ക് വിശപ്പിനു ള്ള ഭക്ഷണം കൊടുക്കുകയെന്നത് തൻെറ ധർമ്മമാണ് എന്നു വിശ്വസിച്ച് അർജ്ജുനൻ ഭക്ഷണം നൽകാം എന്നു വാക്കു കൊടുത്തു. അഗ്നിദേവൻ ഖാണ്ഡവവനമാണ് ഭക്ഷണമാ യി ആവശ്യപ്പെട്ടത്. അഗ്നി ഖാണ്ഡവ വനം ഭക്ഷിച്ചു. ഔഷധങ്ങൾ നിറഞ്ഞ ഖാണ്ഡവ വനം അഗ്നിക്കിരയായി അഗ്നി ചുട്ട നാടായി. ഈ പ്രദേശങ്ങളിലെല്ലാം ഇന്നും ആഴത്തിൽ കുഴിക്കുമ്പോൾ വൃക്ഷങ്ങളുടെ കരിഞ്ഞ തടി കൾ കിട്ടാറുണ്ട് എന്ന് പ്രദേശവാസികൾ പറയുന്നു. കുട്ടനാട്ടിലെ പല സ്ഥലപ്പേരുക ളിലും കരിശബ്ദമുള്ളതായി കാണാം.

വിശാലമായ നെൽപ്പാടങ്ങളും വിസ്തൃ തമായ കുളങ്ങളും നീരൊഴുക്കുള്ള തോടുക ളും നിറഞ്ഞ സസ്യശാമളമായ സ്ഥലത്താണ് കാമപുരത്തുകാവ് ക്ഷേത്രം സ്ഥിതിചെയ്യു ന്നത്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേ ത്രത്തേക്കാളും പഴക്കമുള്ള ക്ഷേത്രമാണിത്. ഈ ക്ഷേത്രത്തിന് മറ്റൊരു ക്ഷേത്രത്തിനു മില്ലാത്ത പ്രത്യേകത എന്തെന്നു നോക്കാം. ക്ഷേത്രത്തിനു മുന്നിൽ പ്രധാനവാതിലി നുമുന്നിലായി ക്ഷേത്രാങ്കണത്തിൽ സാമാ ന്യം നല്ല ഉയരമുള്ള ഒരു കൽവിളക്കുണ്ട്. ഇത് ചലിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് പ്രത്യേകത. സ്വദേശികളും വിദേശികളുമായ ചരിത്രഗവേഷകരും, ഭൗമഗവേഷകരും, ഈ കൽവിളക്കിന്റെ ചലനത്തെക്കുറിച്ച് ഗവേഷ ണങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ ശാസ്ത്ര ലോകത്തിന് ഉത്തരം കിട്ടാത്ത ചോദ്യമായി ഇന്നും ഈ കൽവിളക്ക് ചലിച്ചുകൊണ്ടിരി ക്കുന്നു. ക്ഷേത്രകവാടത്തിനു നേരെ മുന്നി ലായിരുന്ന ഈ വിളക്ക് ഇന്ന് ഒന്നരമീറ്ററോളം തെക്കുഭാഗത്തേക്ക് നീങ്ങിയാണ് കാണപ്പെടു ന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് കരുമാടികാമ പുരത്തുകാവ് ശങ്കരനാരായണ ക്ഷേത്രം എന്നാണ് ഈ ക്ഷേത്രം അറിയപ്പെട്ടിരുന്നത്.

ഇന്ന് വൈഷ്ണവാരാധനയാണ് ഇവിടെ നടക്കുന്നത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ക്ഷേത്രത്തിലെ സ്വർണ്ണക്കൊടിമരം ആരുടേ യും ശ്രദ്ധയിൽപെടാതിരിക്കുവാൻ വേണ്ടി ക്ഷേത്രത്തിനു മുന്നിൽ മണ്ണിൽ കുഴിച്ചിട്ടു. അതിനു മുകളിൽ ഇന്നു കാണുന്ന കൽവി ളക്കും സ്ഥാപിച്ചു എന്നാണ് വിശ്വസിക്കുന്നത്. ഈ കൽവിളക്കാണ് തെക്കുഭാഗത്തേക്കുനീ ങ്ങിക്കൊണ്ടിരിക്കുന്നത്. തെക്കുപടിഞ്ഞാറു ഭാഗത്തായാണ് യക്ഷിയമ്പലവും കാവും കാ ണപ്പെടുന്നത്. ദേവപ്രശ്നവിധിപ്രകാരം ഈ കൽവിളക്ക് നീങ്ങിനീങ്ങി യക്ഷിയമ്പലത്തി നടുത്തെത്തുമെന്നും അന്ന് ഭൂമിയിൽ നിന്നും സ്വർണ്ണക്കൊടിമരം ഉയർന്നു വരുമെന്നും പ്രവചിച്ചു ഒരു നിശ്ശബ്ദാ ന്തരീക്ഷമാണ് ഈ ക്ഷേത്രപരിസരങ്ങൾക്കുള്ളത്. അമ്പ ലപ്പുഴക്ഷേത്രത്തെക്കാൾ പഴക്കമേറിയ ക്ഷേത്രമാണിത്. പഴമയുടെ ഭംഗി നിലനി ർത്തിക്കൊണ്ട് ഇന്നും ഈ ക്ഷേത്രം ഇവി ടെ നിലനില്ക്കുന്നു. വേണ്ടത്രപരിപാലന മൊന്നും ഇല്ലാത്തതിന്റെ എല്ലാലക്ഷണങ്ങ ളും ഇവിടെകാണാം.

വിശാലമായ ക്ഷേത്രക്കുളവും ചലിക്കുന്ന കൽവിളക്കും കടന്ന് ക്ഷേത്രത്തിലെ ബലി ക്കല്ലിനെയും വണങ്ങി നാലമ്പലത്തിലേക്കു കടക്കാം. സാമാന്യം വലുപ്പമുള്ള തും ഇരട്ട ഗർഭഗൃഹങ്ങളുമുള്ള വട്ടശ്രീകോവിലിൽ ശി ലാവിഗ്രഹത്തിൽ കരുമാടിയുടെ ഗ്രാമദേവ തയായി ഭഗവാൻ വിരാജിക്കുന്നു. ശ്രീകോ വിലിന്റെ പുറം ചുമരുകളിൽ വട്ടെഴുത്തു ലിപിയിൽ എന്തൊക്കെയോ എഴുതിയിരി ക്കുന്നതും കാണാം. അതിൽ നിന്നു തന്നെ ഇത് അതിപുരാതനക്ഷേത്രമാണെന്നു മന സ്സിലാക്കാം. നാലമ്പലവും തിടപ്പള്ളിയും

മണിക്കിണറും ബലിക്കൽപ്പുരയും എല്ലാമടങ്ങിയ ഒരു പുരാതനക്ഷേത്രം. ഇന്ന് കൊടിമരം ഇല്ല. നാലമ്പലത്തിനുവെളിയിൽ കാവിനോടു ചേർന്ന് യക്ഷിയമ്മയുടെ ശ്രീകോവിലാണ്. യക്ഷിയമ്മ വാൽക്കണ്ണാടിയിൽ മുഖം നോക്കിയിരിക്കുന്ന രൂപത്തിലാണ്. യക്ഷിയമ്മയുടെ ശ്രീകോവിലിനടുത്ത് പണ്ടു ബലികർമ്മങ്ങൾ നടത്തിയിരുന്ന ബലിത്തറയും കാണാം. അതിനടുത്തായി സർവ്വാധികാര്യക്കാരായിരുന്ന ശ്രീവൈക്കം പത്മനാഭപിള്ളയ്ക്ക് സ്ഥാനം നൽകിയിട്ടുണ്ട്. ഇവിടെ ഒരു പന ഉയർന്നു നില്ക്കുന്നു. ക്ഷേത്രാങ്കണത്തിലേക്കു കടക്കുമ്പോൾ തന്നെ ക്ഷേത്രത്തേക്കാൾ ഉയർന്നു നില്ക്കുന്ന ഈ പനയാണ് നമ്മുടെ കണ്ണിൽപ്പെടുക.

കാമപുരത്തുകാവ് ക്ഷേത്രത്തിനടുത്തു തന്നെ റോഡിനപ്പുറം മറ്റൊരു ക്ഷേത്രവും വിസ്തൃതമായ കുളവും കാണാം. ഒരു സ്വതന്ത്രക്ഷേത്രമെന്ന പ്രതീതിയിലാണ് ഇത് കാണപ്പെടുന്നത്. എന്നാൽ ഈ ക്ഷേത്രവും കാമപുരത്തുകാവ് ക്ഷേത്രത്തിന്റെ ഭാഗമാണ് ഇവിടെ ശക്തിസ്വരൂപിണിയായ ഭദ്രകാളിയമ്മ കുടികൊള്ളുന്നു. നാലമ്പലവും ബലിക്കല്ലും ബലിക്കൽപ്പുരയും തിടപ്പിള്ളി വിളക്കുമാടവും ചുറ്റമ്പലവും എല്ലാമടങ്ങിയ ഈ ക്ഷേത്രത്തിൽ ഉഗ്രസ്വരൂപിണിയായ ഭദ്രകാളിയമ്മ വടക്കോട്ടു ദർശനമായി കരുമാടികാവിലമ്മയായി കുടികൊള്ളുന്നു. പണ്ട് ശക്തിസ്വരൂപിണികളായ ഭദ്രകാളിയമ്മയും യക്ഷിയമ്മയും കൂടി ഈ പരിസരങ്ങളിൽ പലവിധ ഉപദ്രവങ്ങളും ചെയ്തിരുന്നു. പിന്നീട് തന്ത്രി ഇവരുടെ കൂട്ടുകെട്ടിന്റെ ശക്തി കുറയ്ക്കുവാൻ യക്ഷിയമ്മയെ പിടിച്ചു കെട്ടി എന്നു പറയുന്നു, എങ്കിലും യക്ഷിയമ്മയുടെ പാതി ശക്തി ഇവിടെത്തന്നെയുണ്ട് എന്ന വിശ്വാസത്താൽ യക്ഷിയമ്മയുടെ പൂജകൾക്കായി നടതുറക്കുമ്പോൾ വാതിൽ മുഴുവനും തുറക്കാറില്ല, പാതിയേ തുറക്കാറുള്ളൂ. ഭദ്രകാളിയമ്മയുടെയും യക്ഷിയമ്മയുടേയും കൂട്ടുകെട്ടിനെ നിയന്ത്രിച്ചത് തകഴി ശാസ്താവാണ് എന്നും വിശ്വസിക്കുന്നു.

യക്ഷിയമ്മയെപ്പോലെ ഭദ്രകാളിയമ്മയേയും പിടിച്ചുകെട്ടാൻ ശ്രമിച്ചു എങ്കിലും അമ്മ ഇറങ്ങി ഓടിയെന്നും അമ്പലപ്പുഴ ശ്രീകൃഷ്ണഭഗവാൻ അവിടെ അമ്മക്ക് സ്ഥാനം നൽകിയിരുത്തി എന്നും പറയുന്നു. തകഴി ധർമ്മശാസ്ത്രാക്ഷേത്രം ഈ ക്ഷേത്രത്തിനടുത്ത ഗ്രാമത്തിലാണ് സ്ഥിതിചെയ്യുന്നത്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിയുടെ ശിവേലി എഴുന്നള്ളിപ്പിനുള്ള ഓലക്കുട ഓരോ വർഷവും ഉത്സവനാളുകളിൽ തകഴിശാസ്താ ക്ഷേത്രത്തിൽ നിന്നാണ്. കൊണ്ടുവരുന്നത്. ഓരോവർഷവും പുതിയകുടവരുമ്പോൾ പഴയ കുടമാറ്റുന്നു. ഇതാണ് പതിവ്. ചെമ്പകശ്ശേരി രാജാവിന്റെ കാലം മുതൽ അമ്പലപ്പുഴ വേലകളിയുടേയും മറ്റും അകമ്പടിയോടു കൂടി കരുമാടി വഴി ഘോഷയാത്രയായി കുടവരവ് ഇന്നും നടത്തുന്നു. ഈ കുടവരവു ഘോഷയാത്ര കരുമാടി വഴിയാണ് കാമപുരത്തു കാവിനടുത്തെത്തുമ്പോൾ ഭദ്രകാളി അമ്മയെ ഒഴിവാക്കിയാണ് പോകുന്നത്. കുടവരവ് ഘോഷയാത്ര കരുമാടി ഭദ്രകാളി ക്ഷേത്രസമീപമെത്തുമ്പോൾ കുട അല്പം ചരിച്ചു പിടിച്ചുപോകുന്നു.

ഇന്ന് കാമപുരത്തുകാവ് ക്ഷേത്രത്തെപ്പറ്റിയുള്ള പ്രസിദ്ധി പരിസരവാസികളിലും മറ്റും വളരെക്കുറച്ചാളുകളിലും മാത്രമായി ഒതുങ്ങിയിരിക്കുന്നു, ഇപ്പോൾ ഈ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൽ കീഴിലാണ്. കരുമാടിഗ്രാമത്തിന്റെ തലപ്പാവ് എന്നു വിശേഷിപ്പിക്കാവുന്ന ഈ അത്ഭുതം ഒന്നു കാണുവാൻ, ഇവിടെ കുടികൊള്ളുന്ന ദിവ്യചൈതന്യത്തെ കണ്ടു വണങ്ങുവാൻ കാമപുരത്തപ്പന്റെയും ജഗദീശ്വരിയുടേയും അനുഗ്രഹങ്ങളാൽ ഏവർക്കും സാദ്ധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*****

# പുരാണങ്ങൾ

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**പു**രാണം എന്നാൽ പുരാതനം അല്ലെങ്കിൽ പുരാണകാലത്തുണ്ടായത് എന്നർത്ഥത്തിലല്ല; മറിച്ചു ഒരു കാലഘട്ടത്തിലെ ധാർമ്മികവും, ആത്മീയവും സാമൂഹ്യവുമായ ബന്ധങ്ങളെക്കുറിച്ചുള്ള ഒരു പഠനം എന്നർത്ഥത്തിലാണ് നാം എടുക്കേണ്ടത്. നമ്മുടെ സാംസ്ക്കാരിക പൈതൃകങ്ങളായ തത്ത്വസംഹിതകൾ, ആയുർവേദം, ജ്യോതിഷം തുടങ്ങിയ വൈജ്ഞാനിക ശാഖകളുടെ സഞ്ചിത രൂപങ്ങളാണ് പുരാണങ്ങൾ. മനുഷ്യജീവിതത്തിന്റെ പല ഘട്ടങ്ങളിലായി ഉണ്ടായ പല തത്ത്വചിന്തകളും, പ്രപഞ്ച സത്യങ്ങളും അടങ്ങിയ പഞ്ചലക്ഷണയുക്തമായ അറിവാണ് പുരാണം. ഇവയെ ഒരു പരിധിവരെ ആദ്യകാലസാമാന്യ ചരിത്രത്തിന്റെ രേഖകളായി കണക്കാക്കാം. കാരണം അവിടെ ഗ്രഹങ്ങൾ, പ്രകൃതി, മനുഷ്യമനസ്സിന്റെ അവസ്ഥ, സദാചാരം, വർണ്ണാശ്രമധർമ്മങ്ങൾ, തുടങ്ങിയവ കൂടാതെ ഭൂവിന്യാസത്തെപറ്റിയുള്ള വർണ്ണന, ഭൂമിശാസ്ത്ര വിജ്ഞാനം തുടങ്ങി പൊതുസമൂഹത്തിനു അറിയേണ്ട പലതും; ഉദാഹരണത്തിന് ഗൃഹനിർമ്മാണ പരിചയം, സംഗീതശാസ്ത്രം, പ്രപഞ്ചസൃഷ്ടി, സാംഖ്യസിദ്ധാന്തം, ത്രിമൂർത്തി സിദ്ധാന്തം, ചരിത്രപുരുഷന്മാരുടെ പരാമർശങ്ങൾ ഇങ്ങനെ നീണ്ടുപോകുന്ന വിവരണങ്ങൾ ഇതിലുണ്ട്.

പുരാണത്തിന്റെ ആഖ്യാനഘടന തന്നെ ബ്രഹ്മാവ്, വായു, ബ്രഹസ്പതി, സൂര്യൻ, യമൻ, ഇന്ദ്രൻ, വസിഷ്ഠൻ തുടങ്ങിയവരിലൂടെ സഞ്ചരിച്ച് ദക്ഷൻ, ശക്തി, പരാശരൻ ജാതുകർണ്യൻ, വ്യാസൻ തുടങ്ങിയവരിലൂടെ പകർന്ന്, സൂതനിലൂടെ നൈമിഷാരണ്യത്തിലെ മുനിമാരിലെത്തി. ഇവയുടെ സൃഷ്ടി ഏതു കാലഘട്ടത്തിലാണെന്നോ ഒന്നും അറിവില്ല. എന്നാൽ ഛാന്ദോക്യോപനിഷത്തിലും അഥർവ്വവേദത്തിലും പുരാണങ്ങളേക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈ ചിന്താധാരകളെ ക്രോഡീകരിച്ചു ജനങ്ങൾക്കു സമ്മാനിച്ചത് വേദവ്യാസനാണെന്നാണ് ഭൂരിപക്ഷം പേരും അഭിപ്രായപ്പെടുന്നത്. ഇവിടെ വ്യാസൻ തന്നെ കൃഷ്ണദ്വൈപായനവ്യാസനെ കൂടാതെ പലരും ഉണ്ടെന്നുള്ള വാദവും പ്രബലമാണ്. ഏതായാലും, വ്യാസൻ എന്ന ജ്ഞാനിയുടെ അറിവിന്റെ മുൻപിൽ നമ്രശിരസ്ക്കരായി നിൽക്കുമ്പോളാണ് ഭാരതീയർക്കു ലഭിച്ച ഈ സമ്പത്തിന്റെ മൂല്യം ബോധ്യമാകുന്നത്.

എന്തായാലും, ഭാരതീയ സംസ്കൃതിയുടെ പരമോന്നത പദവിയിലുള്ള പുരാണങ്ങൾ, വേദം, ഇതിഹാസങ്ങൾ ഇവയൊക്കെ നമുക്കു സമ്മാനിച്ച ജ്ഞാനദൃഷ്ടിയെ എത്ര പ്രകീർത്തിച്ചാലും മതിയാകില്ല. അക്കാലത്ത് ജീവിച്ചിരുന്ന ഋഷിവര്യന്മാരും രാജാക്കന്മാരും എല്ലാം തന്നെ ദിവ്യാത്മാക്കളും, ജ്ഞാനികളുമായിരുന്നുവെന്നും അവർ പ്രയാഗ, നൈമിഷാരണ്യം തുടങ്ങിയ സ്ഥലങ്ങളിൽ സംവാദങ്ങൾ നടത്തിയിരുന്നുവെന്നും വായിച്ചറിയുവാൻ കഴിയും.

പുരാണങ്ങളുടെ ആദ്യഘട്ടം സി. ഇ നാലാം നൂറ്റാണ്ടിൽ. അമരസിംഹന്റെ കാലത്താണെന്നു പറയപ്പെടുന്നു. അന്നത്തെ പഞ്ചലക്ഷണങ്ങൾ പിന്നീട് ദശലക്ഷണങ്ങളായി മാറിയെന്ന് പല സ്ഥലത്തും പറയുന്നുമുണ്ട്. ഇത് 3-ാം നൂറ്റാണ്ടിനും 10-ാം നൂറ്റാണ്ടിനുമിടയിലാണെന്നും വാദമുണ്ട്.

പ്രപഞ്ചഘടനാശാസ്ത്രം, വംശാവലി, ഔഷധം, ജ്യോതിശാസ്ത്രം, വ്യാകരണം, ദൈവം, ദേവത തുടങ്ങിയവയാണ് പുരാണങ്ങളിൽ പല സ്ഥലത്തും വിവരിക്കുന്നത്. വ്യാസശിഷ്യന്മാരായ ലോമഹർഷണൻ, ജെമിനി തുടങ്ങിയവരുടെ പേരുകൾ പല പുരാണങ്ങളുമായി ബന്ധപ്പെടുത്തുന്നുണ്ട്. ഇതെല്ലാം ക്രോഡീകരിച്ചത് വ്യാസനാണെന്നും, സാധാരണക്കാരിലേക്ക് എത്തിക്കാൻ ശിഷ്യന്മാർ സഹായിച്ചുവെന്നും വിവരിക്കുന്നുണ്ട്. പുരാണങ്ങളേക്കാൾ മുൻപാണ് വേദങ്ങൾ എന്നും പറയപ്പെടുന്നു.

വേദങ്ങൾ; ശ്രുതി (കേൾക്കുന്നത്) പുരാണങ്ങൾ സ്മൃതി (ഓർമ്മിക്കേണ്ടത്). പ്രധാനമായും പുരാണങ്ങൾക്ക് 5 സ്വഭാവവിശേഷതകൾ പറയാറുണ്ട്. സർഗ്ഗവും (പ്രപഞ്ചത്തിന്റെ) സൃഷ്ടിക്രമം പ്രതിസർഗ്ഗം, വംശം, മന്വന്തരം പ്രപഞ്ചസൃഷ്ടിയുടെ ജീനിയോളജി, ഇവയാണ്. തത്ത്വചിന്താപരവും സാംസ്ക്കാരികവുമായ പുസ്തകങ്ങൾ ശ്രുതിയും സ്മൃതിയുമായിരിക്കും. വേദങ്ങളും ബ്രാഹ്മണങ്ങളും സംഹിതയും ആരണ്യകവും ഉപനിഷത്തുമൊക്കെ ശ്രുതി. രാമായണം, മഹാഭാരതം തുടങ്ങിയ സൂത്രങ്ങൾ മനുസ്മൃതി വ്യാസന് ഭാവിയും ഭൂതവും വർത്തമാനവുമായ കാലങ്ങളെ അപഗ്രഥിക്കുവാനുള്ള ജ്ഞാനവും ജ്ഞാനദൃഷ്ടിയുമുണ്ടായിരുന്നെന്നു പറയപ്പെടുന്നു.

പുരാണത്തിൻെറ കാലഘട്ടം വ്യക്തമായി പറയാൻ കഴിയില്ല. എന്നാൽ രാമായണവും മഹാഭാരതവുമങ്ങനെയല്ല. രാമായണം വാല്മീകിയുടെ കാലഘട്ടത്തിലാണ് ഉണ്ടായതന്നു പറയാം. കാരണം, വാല്മീകി, രാമായണത്തിൽ ജീവിക്കുന്നു. സൃഷ്ടി നടത്തി ശ്രീരാമപുത്രന്മാരെ പഠിപ്പിക്കുന്നു തുടങ്ങിയവ. അതേപോലെ, മഹാഭാരതത്തിൽ വ്യാസൻ പലസ്ഥലത്തും പ്രത്യക്ഷപ്പെടുന്നു. ഈ ഇതിഹാസങ്ങളുടെ കാലഘട്ടവും അത് രചിച്ചവരുടെ കാലഘട്ടവും, ഒന്നാണെന്നും പറയാം.

സ്വാമി ശിവാനന്ദ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്നത് പുരാണങ്ങൾ ദശലക്ഷണസമ്മിശ്രമാണെന്നാണ്. വേദത്തിനെക്കുറിച്ചു പറയുകയാണങ്കിൽ, അവ പണ്ഡിതന്മാരിൽ നിന്നും സാധാരണക്കാരിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ലായെന്നുള്ളതാണ്. ഏതാനും ആളുകളുടെ കൈപ്പിടിയിൽ ഒതുങ്ങിപ്പോയി. സാധാരണക്കാരും, സ്ത്രീകളും അടങ്ങിയ ഒരു സമൂഹത്തിലേക്ക് ഭാരതീയ ചിന്താധാരയെ മാറ്റി നിർത്താനാണ് ശ്രീ വേദവ്യാസൻ മഹാഭാരത ചിന്താധാരയെ ലിഖിത രൂപത്തിലാക്കിയത്. ഇത്തരം കൃതികളെല്ലാം തന്നെ കാലഘട്ടത്തിന്റെ ആവശ്യവും, വരും തലമുറകൾ അറിഞ്ഞിരിക്കേണ്ടവയുമാണ്. ഭാരതീയ സംസ്ക്കാരത്തിന്റേയും, വിജ്ഞാനകലവറയുടേയും പ്രത്യേകതയെന്താണെന്നുവച്ചാൽ, ഓരോ കാലഘട്ടങ്ങളിൽ ഓരോ യുഗപുരുഷന്മാർ അവതാരമെടുക്കുകയും ജനതയെ വിജ്ഞാനമേഖലയിലേക്കും, കർമ്മമേഖലയിലേക്കും വഴിതെളിക്കുകയും ചെയ്യും. പുരാണങ്ങൾ ലളിതമായ സംസ്കൃത ഭാഷയിലായതുകൊണ്ട്, സാധാരണക്കാരായ സംസ്കൃതഭാഷ കൈകാര്യം ചെയ്യാനറിയാവുന്നവർക്ക് മനസ്സിലാക്കാൻ കഴിയുമെന്നുള്ളതാണ്. ആദ്യകാലത്ത് പണ്ഡിതന്മാരിൽ മാത്രം ഒതുങ്ങി നിന്ന ചിന്താധാര അവരിൽ നിന്നും സൂതന്മാരിലേക്ക് പകർന്നു കിട്ടി. അങ്ങനെ സൂതന്റെ പങ്കിനും പ്രാധാന്യം കൂടി. മറ്റു വിഭാഗക്കാർ സൂതന്റെ വാക്കുകൾ കേൾക്കാനിടയായി. അങ്ങനെ പൊതു സമൂഹം ഇടപെടാൻ തുടങ്ങിയതോടുകൂടി, അറിയേണ്ട കാര്യങ്ങൾ, ജനഹിതമായി മാറി. അങ്ങിനെ പുരാണം സമകാലീന കാര്യങ്ങളേക്കുറിച്ചു വിവരിക്കുവാനും തുടങ്ങി.

(തുടരും)

******

# എറണാകുളം കരയോഗം പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്

## 2023 ലെ അവാർഡ് ഡോ. സി.ജി. മധുസൂദനന്

കേരള നദീ സംരക്ഷണസമിതിയുടെ അദ്ധ്യക്ഷനും 'ഭൂമിക്കു പനി', 'ജലം ജീവജലം' തുടങ്ങി നിരവധി പരിസ്ഥിതി ശാസ്ത്രകൃതികളുടെ രചയിതാവുമായ പരേതനായ പി.എസ്. ഗോപിനാഥൻനായർ 2008 ൽ ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ അവാർഡ്. 2023 ലെ ഈ അവാർഡ് ജേതാവായി തിരഞ്ഞെടുത്തത് ഡോ. സി.ജി. മധുസൂദനനെയാണ്. 15001 രൂപയും പ്രശസ്തി പത്രവും ഫലകവുമാണു അവാർഡായി നൽകുന്നത്. 15-ാമത് എറണാകുളം കരയോഗം പി. എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനവും ഭൗമദിനാചരണവും 2023 ഏപ്രിൽ 22 ശനിയാഴ്ച വൈകുന്നേരം 5.00 മണിക്ക് എറണാകുളം ടി.ഡി.എം. ഹാളിൽ വെച്ച് നടത്തുന്നു.

ഡോ. സി.ജി. മധുസൂദനൻ ഐഐടി ബോംബെയിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും PhD നേടിയ ഒരു ഹൈഡ്രോളജിസ്റ്റും കാലാവസ്ഥാവ്യതിയാനം, ജലവിഭവ എഞ്ചിനീയറിംഗ് എന്നീ ഗവേഷണ മേഖലകളിൽ വൈദഗ്ധ്യമുള്ള ശാസ്ത്രജ്ഞനുമാണ്. തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ ബിടെക് പഠനത്തിന് ശേഷം അദ്ദേഹം ജനകീയമായ ചെറു ജലവൈദ്യുതപദ്ധതികളുടെ സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ട് ഗ്രാമീണഇന്ത്യ ഒട്ടാകെസഞ്ചരിക്കുകയും സഹ്യാദ്രി, വിന്ധ്യ സത്പുര എന്നീ മലനിരകളിലുള്ളവൈദുതി എത്താത്ത ഗ്രാമങ്ങളിൽ സ്വയംപര്യാപ്തതക്കുതകുന്ന ചെറുപദ്ധതികൾക്ക് സുഹൃത്തുക്കളുമായി ചേർന്ന് രൂപം കൊടുക്കുകയും ഉണ്ടായി. വറ്റിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ നദികളുടെ അവസ്ഥ അദ്ദേഹത്തെ പുഴകളെ കുറിച്ച് കൂടുതൽ പഠിക്കുന്നതിലേക്ക് നയിച്ചു. മൈസൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിങ്ങിൽ നിന്നും വെസ്റ്റേൺ ഘാട്സ് സ്ട്രീം ഹൈഡ്രോളജിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ മധുസൂദനൻ ആ കാലയളവിൽ നിരവധി ജനകീയ സമരങ്ങൾക്ക് ശാസ്ത്രീയ പിൻബലം നൽകാൻ മേൽനോട്ടം വഹിച്ചു. 2018 ലെ കേരളത്തിലെ വെള്ളപൊക്കവുമായി ബന്ധപ്പെട്ട് നാഷണൽ ഡിസാസ്റ്റർമാനേജ്മന്റ് അതോറിറ്റിക്കായുള്ള ഒരു പഠനത്തിന് നേതൃത്വം നൽകിയിട്ടുണ്ട്. ഈ പഠനത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ ജനകീയമായ കാലാവസ്ഥാ ദുരന്തമുന്നറിയിപ്പ് സംവിധാനങ്ങൾക്ക് രൂപം കൊടുക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ഗവേഷണപ്രവർത്തന മേഖലകളിൽ നിരവധി പ്രബന്ധങ്ങളും പുസ്തകങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. അദ്ദേഹം ഇപ്പോൾ കാലാവസ്ഥാ വ്യതിയാനത്തിന്റ പരിണിതഫലങ്ങളെ അതിജീവിക്കുന്നതിനു ജനകീയമായ പ്രശ്നപരിഹാരങ്ങൾ തേടുന്ന പ്രവർത്തനങ്ങളിൽ സജീവമാണ്.

എന്ന്
പി.രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

ആകാശവാണി കൊച്ചി FM ന്റെ സഹകരണത്തോടെ എറണാകുളം കരയോഗം 2023 ലെ ഭൗമ ദിനാചാരണവും അവാർഡ്ദാനവും വിവിധപരിപാടികളോടെ നടത്തുന്നു.

3.30 pmന് - ഭൂമിഗീതം, നാടൻ പാട്ടുകൾ അവതരണം കൃഷിപാഠശാല ആറങ്ങോട്ടുകര

4.00 pmന് - മുളപാടും രാവ് മുള മാത്രമുപയോഗിച്ചുള്ള വാദ്യസംഗീതം ഉണ്ണികൃഷ്ണ പാക്കനാരും സംഘവും,ഇരിങ്ങാലക്കുട

5.00 pmന് - പുരസ്കാര സമർപ്പണം

**കരയോഗം സ്മരണിക ഗീതം ഭദ്രദീപം തിരിതെളിയിക്കൽ**

**സോപാന സംഗീതം**

സ്വാഗതം - പി.രാമചന്ദ്രൻ, ജനറൽ സെക്രട്ടറി, എറണാകുളംകരയോഗം

അധ്യക്ഷൻ - ആലപ്പാട്ട് മുരളീധരൻ, പ്രസിഡന്റ്, എറണാകുളം കരയോഗം

പുരസ്കാര ജേതാവിനെ പരിചയപ്പെടുത്തൽ - ബാലനാരായണൻ, പ്രോഗ്രാം മേധാവി, ആകാശവാണി, കൊച്ചി

മുഖ്യാതിഥി അവാർഡ്ദാനം നിർവ്വഹിക്കുന്നതായിരിക്കും.

അവാർഡ് ദാനം, മംഗള പത്രസമർപ്പണം

ഭൗമദിനസന്ദേശം - Dr. G. മധു

മറുപടി പ്രസംഗം - Dr. C. G. മധുസൂദനൻ

കൃതജ്ഞത - എസ്. ജയതിലകൻ കൺവീനർ, പരിസ്ഥിതി അവാർഡ് കമ്മറ്റി

6.00 pm ന് ഏകപാത്രനാടകം **പോസ്റ്റ് മാൻ,** ഒരു പരിസ്ഥിതി ആശയ രംഗാവിഷ്കാരം രംഗത്ത് - ഡേവിസ് പയ്യപ്പിള്ളി, രചന - കെ. എ. മുരളീധരൻ, സംവിധാനം - മുതുകുളം മോഹൻ, അവതരണം - വിശ്വം ആർട്സ് കൊച്ചി

## എറണാകുളം കരയോഗത്തിലെ 2023-ലെ ഭാഗവതം കിളിപ്പാട്ട് പാരായണം മെയ് 3 മുതൽ 9 വരെ രാവിലെ 7 മണിക്ക്

**ചൈത്രം**

- **മാനസിക സംഘർഷമനുഭവിക്കുന്നവർ**
- **ഏകാന്തതയനുഭവിക്കുന്നവർ**
- **ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**
- **നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:**

**0484 2361161**

**ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# കാശ്മീർ- ഭൂമിയിലെ പറുദീസാ

സുമംഗല

സാധാരണയിലും നീണ്ട യാത്ര ഇന്നായതിനാൽ നേരത്തെ തന്നെ യാത്ര തുടങ്ങണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. പ്രഭാത ഭക്ഷണം, പാക്കറ്റ് ആയി ഓരോരുത്തരേയും ഏല്പിച്ചു. സമയം ലാഭിക്കാനായി 8.30ന് തന്നെ യാത്ര തുടങ്ങി. ഗുൽമാർഗ് എന്ന സ്ഥലത്തേക്കാണ് യാത്ര.

പ്രധാനവ്യക്തികളുടെ താമസസ്ഥലങ്ങളുടെ അരികിലൂടെ, CRPF ന്റെ താവളത്തിന്റെ മുന്നിലൂടെ, ഞങ്ങളുടെ വാഹനം പതിയെ നീങ്ങി. ചീഫ് ജസ്റ്റിസ്, ഗവർണർ എന്നിവരുടെ വാസസ്ഥാനം പ്രത്യേകം ഗൈഡ് കാണിച്ചു തന്നു. ഫുട്ബോൾ സ്റ്റേഡിയം, ലാൽ ചൗക്ക് എന്ന കാശ്മീരിലെ സിറ്റിസെന്റർ, ഹൈദർ എന്ന സിനിമ ഷൂട്ട് ചെയ്ത സ്ഥലം, ഒക്കെ കണ്ട് ഞങ്ങൾ മുന്നോട്ടു നീങ്ങി. അവിടുത്തെ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ നേരെ എതിരെയാണ് ശ്രീനഗറിലെ പഴയ സിറ്റിസെന്റർ. കാശ്മീരിന്റെ സെക്രട്ടറിയേറ്റും ഒരു നോക്കു കണ്ടു. 21 J.K. Bn NCC ഓഫീസ് കണ്ടപ്പോൾ എന്നിലെ NCC OFFICER സന്തോഷമായി ഒന്നു കൂടി നോക്കി. J & K Road transport corporation ന്റെ വാഹനങ്ങൾ തലങ്ങും വിലങ്ങും ഓടുന്നുണ്ട്. അവിടുത്തെ ട്രാഫിക്ജാം നമ്മുടെ കൊച്ചിയെ ഓർമ്മിപ്പിക്കും. അങ്ങനെ നിരങ്ങി, നിരങ്ങി ഞങ്ങളുടെ വാഹനം ശ്രീനഗർമുസാഫിർ റോഡിലെത്തി. ഹൈവേ ഇവിടെ തുടങ്ങുന്നു. അവിടെ driver മാരുടെ ലൈസൻസും മറ്റും പരിശോധിച്ചേ മുന്നോട്ടു വിടൂ. ഞങ്ങളുടെ ഗൈഡിൻെറ അഭിപ്രായത്തിൽ അഴിമതിയില്ലാത്ത, കർശന പരിശോധന തന്നെയാണ് അവിടെ നടക്കുന്നതത്രെ.

11.30 ആയപ്പോഴേക്കും ഞങ്ങൾ ഗുൽമാർഗിലെത്തി. ജമ്മുകാശ്മീരിലെ, ബാരമുള്ള ജില്ലയിലെ, അതിർത്തിയിൽ നിന്ന് വെറും 20 കി.മീ മാത്രം അകലെയുള്ള ഒരു ഹിൽസ്റ്റേഷനാണ് ഗുൽമാർഗ്. പടിഞ്ഞാറൻ ഹിമാലയസാനുക്കളിലെ പിർപഞ്ചൽ റേഞ്ചിലാണിത്. കുടിവെള്ളം ലഭ്യമാക്കുന്നത് peer punjal മലനിരകളിൽ നിന്നാണത്രെ. 13 Hairpin curves കയറിയാണ് ഇവിടെ എത്തിയിരിക്കുന്നത്. Meadow of flowers എന്ന ഗുൽമാർഗിൽ.

കേബിൾ കാറിൽ യാത്രചെയ്ത് ഗുൽമാർഗിന്റെ പ്രകൃതി ഭംഗി ആസ്വദിക്കാൻ തയ്യാറായി വന്നിരിയ്ക്കയാണ് ഞങ്ങളും, മറ്റുള്ളവരും നല്ല ആൾത്തിരക്ക് - ഇവിടെ സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന 'tourist spot' ആണിവിടം. Gulmarg Gondola Ride. ഇത് ഏഷ്യയിലെ ഏറ്റവും നീളമേറിയതും, പൊക്കമേറിയതുമാണ്. ലോകമൊന്നാകെ നോക്കിയാൽ, രണ്ടാം സ്ഥാനം. രണ്ടു phase ആയിട്ടാണ് ജമ്മുകാശ്മീർ cable car corporation ഇത് തയ്യാറാക്കിയിരിക്കുന്നത്. 1998 ൽ പണിതീർത്ത 1st phase, Gulmarg മുതൽ Kongdoori വരെയും, 2005 ൽ പണി തീർത്ത 2nd phase, kongdoori മുതൽ Apharwat peak വരെയും. ആദ്യത്തേത് 10അടി ഉയരത്തിലും, രണ്ടാമത്തേത് 12അടി ഉയരത്തിലുമാണ്. രണ്ടാം phase കയറിയാൽ നമ്മൾ 13780അടി ഉയരത്തിലെത്തും ഒന്നു സങ്കല്പിച്ചു നോക്കുക.

എങ്ങനെ Gulmarg ന്റെ അഭിമാനമായ Gulmarg Gondola യിലെത്തും. കാറിലൊ, നടന്നോ, കുതിരപ്പുറത്തോ അവിടെ എത്താമെന്ന് പുറപ്പെടും മുമ്പെ അറിയിച്ചിരുന്നു. കുതിരപ്പുറത്ത് കയറുന്ന പ്രശ്നമേ ഇല്ല എന്ന ഉറച്ച തീരുമാനത്തിലാണ് ഞങ്ങളിൽ പലരും അവിടെ എത്തിയത്. പക്ഷേ, അവിടെ ചെന്നു കഴിഞ്ഞപ്പോൾ, വേണുവിന്റെയും മറ്റും ധൈര്യത്തിൽ ഞങ്ങളുടെ തീരുമാനം മഞ്ഞിൽ അലിഞ്ഞുപോയി. ഞങ്ങളിൽ ഒരു വിഭാഗം കാറിലും, ഞങ്ങൾ കുറെപ്പേർ കുതിരപ്പുറത്തും Gondola യിലേക്കു യാത്ര തിരിച്ചു.

കുതിരപ്പുറത്തെ യാത്ര ഒരു പ്രത്യേക അനു

ഭവമായിരുന്നു, അങ്ങേയറ്റം രസകരവുമായിരുന്നു. ജീവിതത്തിൽ ആദ്യത്തെ അനുഭവം ഇനി പോകുന്നവരും ആ അനുഭൂതി ആസ്വദിയ്ക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. കുതിരക്കാരന്റെ സഹായത്തോടെ അതിൻെറ പുറത്ത് സുഖമായി കയറിപ്പറ്റാം. കുതിരകയറ്റം കയറുമ്പോൾ നമ്മൾ പിറകോട്ടും, ഇറക്കം ഇറങ്ങുമ്പോൾ നമ്മൾ മുന്നോട്ടും, ആഞ്ഞിരിക്കണം. ജീവിതത്തിലെ മറക്കാനാവാത്ത യാത്ര. ഒരു കുതിരയ്ക്ക് 800 രൂപയാണ് ചാർജ്. തിരികെ എത്തുമ്പോൾ നമ്മൾ തീർച്ചയായും കുതിരക്കാരന് tip കൊടുത്തുപോകും. ഇതുമാത്രം കൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന സാധുമനുഷ്യർ. അങ്ങനെ ഞങ്ങൾ Gondola യിലെത്തി.

I phase നേരത്തെ reserve ചെയ്തിരുന്നു. I I phase 1200 രൂപ വീതം കൊടുത്ത് അവിടെ ചെന്ന് ടിക്കറ്റ് എടുത്തു. ഓരോ phase ലും ഒരേ സമയം 600 പേർ വരെ കയറാം. നമ്മുടെ ഇവിടെയൊക്കെ ഉള്ളതുപോലെ 6 പേർക്ക് കയറാവുന്ന കേബിൾ കാർ. ഉയരത്തിലേക്ക് പോകും തോറും ഉള്ള നയനാനന്ദകരമായ, ഹൃദയാനന്ദകരമായ കാഴ്ച വർണ്ണിക്കുവാൻ ആയിരം നാവുള്ള അനന്തനു പോലുമാവില്ല. മനോഹരപുഷ്പങ്ങളാൽ അലംകൃത, പശ്ചാത്തലത്തിൽ, മഞ്ഞുമൂടിയ മലനിരകൾ. രണ്ടാം phase കയറിചെല്ലുമ്പോൾ, സൂര്യനെ കൈപിടിയിലൊതുക്കാമെന്ന് നാം വ്യാമോഹിച്ചു പോകും. അവിടെ ആ peak ൽ 13780' ഉയരത്തിൽ ഞങ്ങളിറങ്ങി. ഹാ, എന്തൊരു സുഖം എന്തൊരനുഭൂതി! വർണ്ണിക്കുവാൻ വാക്കുകളില്ല, അനുഭവിച്ചറിയണം. മഞ്ഞുമലകളുടെ പശ്ചാത്തലത്തിൽ അതീവ കുളിർമ്മയാർന്ന കാറ്റും ഏറ്റുനില്ക്കുമ്പോൾ കണ്ടു, നമ്മുടെ രക്ഷകരായ നമ്മുടെ ധീരജവാന്മാരുടെ താവളം, അതിലും പൊക്കത്തിൽ. വീണ്ടും കയറാൻ ശക്തിയുള്ള ചെറുപ്പക്കാർ മുന്നോട്ടു പോയി അവരെ അഭിവാദ്യം ചെയ്യാൻ. ഞങ്ങൾ ഒക്കെ കണ്ട് ആസ്വദിച്ച്, വീണ്ടും ഓർമ്മയിൽ സൂക്ഷിക്കുവാൻ ദൃശ്യങ്ങൾ പകർത്തി അവിടെത്തന്നെ നിന്നു. കാശ്മീർ യാത്രയിലെ ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവം. അധികസമയമൊന്നും അവിടെ നില്ക്കാൻ ഞങ്ങളുടെ ആരോഗ്യം സമ്മതിയ്ക്കില്ല എന്ന് അറിയാവുന്നതുകൊണ്ട്, ഞങ്ങൾ തിരികെ കേബിൾ കാർ വഴി താഴെയെത്തി. അവിടെ എല്ലാവരും ചേർന്ന് ഫോട്ടോ എടുത്തു. എന്നെന്നും സൂക്ഷിക്കുവാൻ. ഞങ്ങളുടെ സ്വന്തം കുതിരകൾ ഞങ്ങളെ പ്രതീക്ഷിച്ചു നിന്നിരുന്നു. അവ ഞങ്ങളെ പുറപ്പെട്ട സ്ഥലത്ത് തിരികെ എത്തിച്ചു. എല്ലാവരും വിശേഷങ്ങൾ പങ്കുവച്ച്, രസകരമായ കാഴ്ചകൾ അയവിറക്കി സുഖമായി യാത്ര ചെയ്യവെ, ട്രാഫിക് ജാം. അതത്ര ഇഷ്ടമായില്ല പക്ഷേ, ഞങ്ങൾ വിട്ടുകൊടുത്തില്ല. അന്താക്ഷരിയുടെ ഭണ്ഡാരം തുറന്നു. വിരസതയ്ക്ക് വിടപറഞ്ഞു. ക്ഷീണമറിയാതെ, ഒരു ദിവസം നീണ്ടു നിന്ന യാത്രയ്ക്കു ശേഷം, സുഖമായി വാസസ്ഥാനത്തെത്തി.

പിറ്റെ ദിവസം മടക്കയാത്ര. രാവിലെ 6.30ന് തന്നെ എല്ലാവരും റെഡിയായി താഴെയെത്തി. അന്നും breakfast packet ആയി കിട്ടി. നേരെ Airport ലേക്ക്. അവിടെ CRPF ന്റെ വിശദമായ, കർശനമായ പരിശോധന. വല്ലാത്ത തിക്കും തിരക്കും. വിമാനം കൃത്യത പാലിച്ചു. 10.45 ന് ഞങ്ങൾ ഡെൽഹിയിൽ എത്തി. എല്ലാവരും കൂടി ഒരു വലിയ ബസ്സിൽ നേരെ സരോജിനി മാർക്കറ്റിലേക്ക്. പിന്നത്തെ പൂരം പറയേണ്ടല്ലോ. ഉത്സവത്തിന്റെ തിക്കും തിരക്കുമാണതിന്റെ ഉള്ളിൽ. അതിനിടയിലെ ഷോപ്പിംഗ്. അതും സമയബന്ധിതമായി. ഒക്കെ കഴിച്ച് നേരെ 'അക്ഷർധാം'ടെമ്പിളിലെത്തി. ലോകത്തിലെ ഏറ്റവും വലിയ ഹിന്ദു ടെമ്പിൾ എന്ന് അറിയപ്പെടുന്ന സ്വാമി നാരായണന്റെ ഈ അമ്പലം അതിന്റെ ശില്പചാരുതയാലും, വലുപ്പത്താലും, ആദ്ധ്യാത്മിക അന്തരീക്ഷ പരിവേഷത്താലും ജനങ്ങളെ ഹഠാദാകർഷിക്കുന്നതാണ്. അവിടുത്തെ light and sound show ഒന്നു കാണേണ്ടതുതന്നെയാണ്. ഓരോ ദിവസം ഓരോ കഥകൾ, ശബ്ദവും പ്രകാശ വും നിയന്ത്രിച്ച് യഥാതഥമായി ചിത്രീകരിച്ച് കാണിക്കുന്നു. അതും ആസ്വദിച്ച് ഒരു ദിവസത്തെ യാത്രയുടെ ക്ഷീണത്തിൽ ഡൽഹിയിലെ ഹോട്ടൽ അമ്രപാലിയിലെത്തി.

നല്ല സ്വാദിഷ്ഠഭക്ഷണം. ചുറ്റും കണ്ണാടി പതിച്ച ശുചിമുറികൾ അവിടുത്തെ പ്രത്യേകതയായിരുന്നു. ക്ഷീണത്താൽ സുഖമായി ഉറങ്ങി.

പിറ്റേന്ന് രാവിലെ മടക്കയാത്ര. ബസ്സിൽ ഇരുന്നുകൊണ്ടു തന്നെ ഡൽഹിയിലെ പ്രധാനസ്ഥലങ്ങൾ ആയ പാർലമെന്റ് ഹൗസ്, ഇന്ത്യാഗേറ്റ്, ഈയിടെ ജനങ്ങൾക്കായി തുറന്നുകൊടുത്ത കർത്തവ്യമാർഗ്ഗ്, ഇവ കണ്ടു കണ്ട് 'Lotus temple'ൽ എത്തി. സമയപരിമിതി മൂലം അതും കണ്ടുവെന്ന സമാധാനത്തിൽ ദൃശ്യങ്ങൾ പകർത്തി, അല്പം ഷോപ്പിംഗ് ഒക്കെ നടത്തി, ഞങ്ങൾ എയർപോർട്ടിൽ എത്തി. വിമാനങ്ങൾ എല്ലാം കൃത്യതപാലിച്ച ഒരു യാത്രയായിരുന്നു ഞങ്ങളുടേത്. അതിനാൽ ഞങ്ങൾ സസുഖം നെടുമ്പാശ്ശേരിയിലെത്തി. മറക്കാനാവാത്ത ഈ ദിവസങ്ങളെ അയവിറക്കികൊണ്ട്, അന്യോന്യം വിടപറഞ്ഞ് സ്വന്തം താവളങ്ങളിലേക്ക് മടക്കയാത്ര.

അങ്ങനെ കാശ്മീർ എന്ന മോഹം സാക്ഷാത്ക്കരിക്കപ്പെട്ടു. ആനന്ദദായകമായ അനുഭൂതികൾ ജീവിതത്തിന്റെ ഏടുവയ്പിലേക്ക് നല്കിയ ദിനങ്ങൾ. അതിനിട നല്കിയ എറണാകുളം കരയോഗം ഭാരവാഹികൾക്കും, ഹോളിഡേ ഡിസ്കവേഴ്സിനും, നന്ദിയുടെ, സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ.!!!

******

## എറണാകുളം കരയോഗം

### ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### ഏപ്രിൽ – മെയ്

| | | | | |
|---|---|---|---|---|
| 1. | 12-04-2023 | ബുധൻ | ഹെറിറ്റേജ്- നമ്മുടെ സംഗീത പാരമ്പര്യം | 5.00 pm |
| 2. | 17-04-2023 | തിങ്കൾ | ഡോക്യുമെന്ററി , കഥകളിപ്പദകച്ചേരി | 5.30 pm |
| 3. | 22-04-2023 | ശനി | എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ അവാർഡ് | 5.00 pm |
| 4. | 25-04-2023 | ചൊവ്വ | ബീം – ഗാനമേള | 6.30 pm |
| 5. | 30-04-2023 | ഞായർ | സാംസ്കാരിക വേദി – സംഗീതം | 4.00 pm |
| 6. | 08-04-2023<br>15-04-2023<br>22-04-2023<br>29-04-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 7. | 12-04-2023<br>19-04-2023<br>26-04-2023<br>03-05-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 8. | 13-04-2023<br>20-04-2023<br>27-04-2023<br>04-05-2023 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 9. | 03-05-2023<br>മുതൽ<br>09-05-2023<br>വരെ | ബുധൻ<br>മുതൽ<br>ചൊവ്വ<br>വരെ | ഭാഗവതം കിളിപ്പാട്ട് പാരായണം | 7.00 am |

# വിദ്യാധിരാജ പരമഹംസ ചട്ടമ്പിസ്വാമി തിരുവടികൾ

**എം.ആർ.എസ് മേനോൻ - 9037126220**

തുടർച്ച

**കു**ഞ്ഞൻ കുട്ടിക്കാലം മുതൽ ജാതി വ്യത്യാസത്തിൽ വിശ്വസിച്ചിരുന്നില്ല. ജാതി വ്യത്യാസം രൂക്ഷമായിരുന്ന അക്കാലത്ത് തന്നെ കുഞ്ഞൻ ഈഴവ ഗൃഹങ്ങളിൽ പോയി ഭക്ഷണം കഴിക്കുക പതിവാക്കിയിരുന്നു. ഈഴവരായ കൂട്ടുകാരുടെ വീടുകളിൽ പോയി ഇരിപ്പും കിടപ്പും ഒക്കെ അവരുടെ കൂടെയായി. പിൽക്കാലത്ത് പ്രസിദ്ധനായ ഡോ. പൽപ്പുവിന്റെ മൂത്ത സഹോദരൻ പരമേശ്വരൻ കുഞ്ഞന്റെ അടുത്ത സുഹൃത്തായിരുന്നു. പരമേശ്വരന്റെ വീട്ടിൽ നിന്ന് ഊണു കഴിച്ച വിവരമറിഞ്ഞ രാമൻ പിള്ളയാശാന് ഇഷ്ടപ്പെട്ടില്ല. കുഞ്ഞന്റെ മറുപടി 'ആശാന്റെ വീട്ടിൽ നിന്നാകാമെന്ന സ്ഥിതിക്ക് എനിക്കവിടെ നിന്നും ആകാം 'എന്നായിരുന്നു. പഴയ നടപ്പനുസരിച്ച് നായരിൽ തന്നെ താഴ്ന്ന വിഭാഗമായിരുന്നു ആശാന്റേത് നായർ സമുദായാം ഗങ്ങളുടെയിടയിൽ ഇതൊരു ചർച്ചാ വിഷയമായി. 'തൊട്ട് തിന്ന് നടക്കുന്ന തെണ്ടി ' എന്ന് കുഞ്ഞനെ പരിഹസിക്കാൻ തുടങ്ങി.

കുഞ്ഞൻ കുട്ടിക്കാലം മുതൽ വിജ്ഞാന ദാഹിയായിരുന്നു. സംഗീതം കഥകളി, ചിത്രരചന കായികവിനോദങ്ങൾ എന്നിവയിൽ താൽപര്യമുണ്ടായിരുന്ന കുഞ്ഞന് ജീവജാലങ്ങളോടുള്ള കാരുണ്യം മറ്റൊരു സവിശേഷതയായിരുന്നു. ദാരിദ്യം മൂലം കുട്ടിക്കാലത്ത് കുഞ്ഞന് കൂലിപ്പണിക്കും പോകേണ്ടി വന്നിട്ടുണ്ട്. അന്നത്തെ ഹജൂർ കച്ചേരിക്ക് (ഇന്നത്തെ സെക്രട്ടറിയേറ്റ്) 'ഞാനും കുറച്ച് മണ്ണു ചുമന്നിട്ടുണ്ട് 'എന്ന് പിന്നീട് അദ്ദേഹം പറയാറുണ്ടായിരുന്നു. വീട്ടിലെ ദാരിദ്ര്യം മൂലം ജോലി തേടി നടന്ന കുഞ്ഞനെ ആധാരമെഴുത്തുകാരനായ ഒരു ബന്ധു നെയ്യാറ്റിങ്കര രജിസ്റ്റർ കച്ചേരിയിൽ ജോലിക്ക് കൊണ്ടു പോയി. കുറച്ച് കാലം ആധാരമെഴുത്തുകാരനായി അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. ആധാരമെഴുത്തുകാർക്ക് ചെയ്യുന്ന ജോലിക്കായിരുന്നു പ്രതിഫലം. ജോലിയിൽ സമർത്ഥനായതിനാൽ നെയ്യാറ്റിങ്കര രജിസ്ട്രാർ ആഫീസിലെ ഇൻസ്പക്ടറായിരുന്ന ഷണ്മുഖ സുന്ദരം പിള്ള ആധാരമെഴുത്തു കുറഞ്ഞാലും കുഞ്ഞന്ന് വൈകിട്ട് എട്ടു ചക്രം കൊടുക്കണമെന്ന് ചട്ടം കെട്ടി. പക്ഷേ കുഞ്ഞൻ ഒന്നും കിട്ടാത്തവർക്ക് തന്റെതിൽ നിന്ന് ഒരു ഭാഗം നൽകുമായിരുന്നു. 'നമ്മുടെ പട്ടിണി പോലെയല്ലേ അവരുടെതും' എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ ആധാരമെഴുത്ത് മടുത്തതിനാൽ അദ്ദേഹം തിരുവനന്തപുരത്തേക്ക് മടങ്ങി.

ഹജൂർ കച്ചേരിയിൽ ക്ലർക്ക്മാരെ എടുക്കാൻ ദിവാൻ സർ.ടി.മാധവരായർ കുറച്ച് കുട്ടികൾക്ക് പരീക്ഷ നടത്തി. എല്ലാവർക്കും ശരിയുത്തരം. വീണ്ടും പരീക്ഷ നടത്തിയപ്പോഴും ഇതേ അവസ്ഥ. ഇതിന്റെ രഹസ്യം അന്വേഷിച്ചപ്പോൾ കുഞ്ഞൻ പിള്ള ചട്ടമ്പിയുടെ മിടുക്കാണ് ഇതിന് പിന്നിൽ എന്നറിഞ്ഞു അദ്ദേഹത്തിന് ഹജൂർ കച്ചേരിയിൽ നാലു രൂപ ശമ്പളത്തിൽ ജോലി കൊടുത്തു. ഒരു മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സാമർത്ഥ്യം കാരണം പത്ത് രൂപ കൊടുത്തെങ്കിലും അദ്ദേഹം ആറ് രൂപ മടക്കിക്കൊടുക്കുകയാണുണ്ടായത്. പക്ഷേ അദ്ദേഹത്തിന്റെ മേലധികാരി ത്രിവിക്രമൻ തമ്പി ഒരു ധിക്കാരിയായിരുന്നു. അയാളുടെ മര്യാദകെട്ട പെരുമാറ്റം കാരണം ജോലി ഉപേക്ഷിച്ച് പോരുകയാണ് ഉണ്ടായത്.

അക്കാലത്ത് പോട്ടയിൽ രാമൻ പിള്ളയാശാന്റെ നേതൃത്വത്തിൽ ആരംഭിച്ച ജ്ഞാനപ്രജാഗരം എന്ന സമാജം വിവിധ ആദ്ധ്യാത്മിക വിഷയങ്ങളെപ്പറ്റി ചർച്ചകളും പഠനങ്ങളും നടത്തിവന്നിരുന്നു. റസിഡൻസി മാനേജരായിരുന്ന തൈക്കാട്ട് അയ്യാവ് എന്ന വേദാന്ത പണ്ഡിതനും ഈ സംഘത്തിൽ പങ്കെടുത്തിരുന്നു. ഈ സംഘത്തിൽ അംഗമായ കുഞ്ഞൻ പിള്ള ചട്ടമ്പി അയ്യാവിൽ നിന്ന് യോഗ ശാസ്ത്രത്തിലും തമിഴ് വേദാന്ത ഗ്രന്ഥങ്ങളെപ്പറ്റിയും പഠിച്ചു. തിരുവനന്തപുരത്തെ കോളേജിലെ തമിഴ് അദ്ധ്യാപകനും വേദാന്ത പണ്ഡിതനുമായിരുന്ന സ്വാമിനാഥദേശികനുമായി ജ്ഞാനപ്രജാഗരത്തിലൂടെ പരിചയപ്പെട്ട കുഞ്ഞൻ തമിഴിലെ ശാസ്ത്ര ഗ്രന്ഥങ്ങളിലും വേദാന്ത ഗ്രന്ഥങ്ങളിലും പാണ്ഡിത്യം നേടി. തമിഴ് ഭാഷയിൽ അദ്ദേഹം ആഴത്തിലുള്ള അറിവ് നേടി. തമിഴിന്റെ പാരമ്പര്യത്തിൽ ആകൃഷ്ടനായ കുഞ്ഞൻ നവരാത്രി വിദ്വത് സദസ്സിന് വന്ന സുബ്ബയ്യാ ജടപാഠികൾ എന്ന മഹാപണ്ഡിതനായ വ്യക്തിയുമായി പരിചയപ്പെട്ടതോടെ അദ്ദേഹത്തിൽ ആകൃഷ്ടനായി. കുഞ്ഞൻ പിള്ളയുടെ വിദ്യ നേടാനുള്ള ഉത്സാഹവും ബുദ്ധിയും വിനയവും ജടാപാഠികൾക്ക് ബോധിച്ചതോടെ തന്റെ കൂടെ കല്ലടക്കുറിച്ചിക്ക് പോരുന്നോ എന്ന് ചോദിച്ചതോടെ കുഞ്ഞന് അത്യധികം ആനന്ദമാണ് ഉണ്ടായത്. അങ്ങനെ ജടാപാഠികളോടൊപ്പം തമിഴ് നാട്ടിലേക്ക് യാത്ര തിരിച്ചത് കുഞ്ഞന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു.

കല്ലടക്കുറിച്ചിയിലെ താമസം കുഞ്ഞൻ പിള്ളയുടെ ജീവിതത്തിൽ വലിയ പരിവർത്തനങ്ങൾക്ക് കാരണമാക്കി. വിവിധ ശാസ്ത്ര വിഷയങ്ങളിൽ അഗാധ പാണ്ഡിത്യം ഉള്ള വ്യക്തിയായിരുന്നു സുബ്ബയ്യ ജടാപാഠികൾ. പല ഭാഗങ്ങളിൽ നിന്നും നിരവധി പണ്ഡിതന്മാർ അദ്ദേഹത്തെ കാണാനും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാനും എത്തിക്കൊണ്ടിരുന്നു. ഇവിടെ വച്ചാണ് കുഞ്ഞൻപിള്ള തമിഴിലും സംസ്കൃതത്തിലും ഉള്ള ശാസ്ത്ര ഗ്രന്ഥങ്ങളിൽ അഗാധ പാണ്ഡിത്യം തേടിയത്. നാലു വർഷത്തോളം ജടാപാഠികളോടൊപ്പം കല്ലടക്കുറിച്ചിയിൽ കഴിഞ്ഞു. കല്ലടക്കുറിച്ചിയിൽ ഉണ്ടായിരുന്ന ഒരു യോഗിശ്വരനിൽ നിന്ന് തമിഴ് സമ്പ്രദായത്തിലെ യോഗ മുറകളും അഭ്യസിച്ചു. വിവിധ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിലുള്ള പ്രാവീണ്യവും അക്കാലത്താണ് അദ്ദേഹം കരസ്ഥമാക്കിയത്. പിന്നീട് അദേഹം നാട്ടിലേക്ക് തിരിക്കുകയുണ്ടായി. ഇക്കാലത്ത് കുറച്ച് കാലം മരുത്വാമലയിൽ ധ്യാനനിഷ്ഠനായി കഴിഞ്ഞിരുന്നു. അക്കാലത്ത് വടിവേലു എന്ന സിദ്ധനിൽ നിന്ന് മർമ്മ വിദ്യയും പരിശീലിച്ചു. ഈ യാത്രയിലാണ് ഒരു തങ്ങളിൽ നിന്ന് ഇസ്ലാമിക ദർശനങ്ങളെപ്പറ്റി പഠിച്ചത്.

തിരിച്ച് നാട്ടിലെത്തിയ കുഞ്ഞൻപിള്ളയെന്ന മഹാപണ്ഡിതനെ ജനം ആദരവോടെ സ്വീകരിച്ചു. വിവിധ വിദ്യകളിൽ പാണ്ഡിത്യം നേടിയെങ്കിലും തനിക്ക് ആത്മജ്ഞാനം പകർന്ന് നൽകാൻ കഴിവുള്ള ഒരു ഗുരുവിന് വേണ്ടിയുള്ള തീവ്രമായ ആഗ്രഹം അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞ് നിന്നു. അക്കാലത്ത് നാട്ടിൽ ഒരിടത്ത് ഒരു സദ്യ നടക്കുകയായിരുന്നു. നമ്മുടെ കഥാനായകനും അവിടെ എത്തിച്ചേർന്നു. പുറത്ത് എച്ചിലിലകൾ കൂട്ടിയിട്ട സ്ഥലത്ത് പട്ടികൾ എച്ചിലിനായി കടി കൂടുന്നുണ്ടായിരുന്നു. ആ കൂടെ ഒരു വൃദ്ധനും പട്ടികളോടൊപ്പം എച്ചിൽ വാരിത്തിന്നുന്നു. പുറത്ത് നിന്ന് ചില കുസൃതിക്കുട്ടികൾ പട്ടികളെ കല്ലെറിയുന്നുണ്ടായിരുന്നു. ചില കല്ലുകൾ വൃദ്ധന്റെ ദേഹത്തും കൊള്ളുന്നുണ്ടായിരുന്നെങ്കിലും അദ്ദേഹം അതൊന്നും വക വച്ചില്ല. ഈ വ്യക്തി സാധാരണക്കാരനല്ല എന്ന് കുഞ്ഞന് മനസ്സിലായി. കുറച്ച് കഴിഞ്ഞ് വൃദ്ധൻ യാത്രയായി. കുഞ്ഞൻ അദ്ദേഹത്തെ പിന്തുടർന്നു. ജനവാസ കേന്ദ്രങ്ങൾ വിട്ടിട്ട് വൃദ്ധൻ വിജനമായ വനപ്രദേശത്ത് എത്തി. തന്നെ പിന്തുടരുന്ന യുവാവും സാധാരണക്കാരനല്ലെന്ന് ഭിക്ഷുവും മനസ്സിലാക്കി. പെട്ടെന്ന് വൃദ്ധൻ തിരിഞ്ഞ് നിന്നു.

അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞതോടെ കുഞ്ഞന്റെ ശരീര ബോധം നഷ്ടമായി. അദ്ദേഹം കുഞ്ഞനെ താങ്ങിയെടുത്ത് മടിയിൽ കിടത്തി. അദ്ദേഹം കുഞ്ഞന്റെ ചെവിയിൽ ബാലസുബ്രഹ്മണ്യമന്ത്രം ഉപദേശിച്ചു. ഒരു അവധൂത ഗുരുവിന്റെ അനുഗ്രഹം യുവാവായ കുഞ്ഞനിൽ വലിയ പരിവർത്തനം സൃഷ്ടിച്ചു ചട്ടമ്പി എന്നറിയപ്പെട്ടിരുന്ന അദ്ദേഹം ചട്ടമ്പിസ്വാമികളായി മാറി.

തിരുവനന്തപുരത്ത് മടങ്ങിയെത്തിയ ചട്ടമ്പിസ്വാമിയിൽ പുതിയ ഒരു വ്യക്തിയെയാണ് ജനങ്ങൾ ദർശിച്ചത്. ചട്ടമ്പിസ്വാമികളുടെ യോഗ്യത ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങി. ചട്ടമ്പിസ്വാമികളുടെ ഒരു ബന്ധുവായിരുന്ന മരാമത്ത് വകുപ്പിൽ ഓവർസിയറായിരുന്ന ശ്രീ കേശവപിള്ളയുടെ ഭവനം അദ്ദേഹത്തിന്റെ താവളമായിത്തീർന്നു. കേശവപിള്ളയുടെ പത്നിയുടെ പഴകിയ ചില രോഗങ്ങൾ ചട്ടമ്പിസ്വാമി മാറ്റിക്കൊടുത്തതോടെ കേശവപിള്ളക്ക് സ്വാമിയോട് ആദരവ് വർദ്ധിച്ചു. ധാരാളം പേർ സ്വാമിയെക്കാണാൻ വന്നു തുടങ്ങി. ചില ദിവസങ്ങളിൽ സ്വാമി യാത്രയിലായിരിക്കും. പല സ്ഥലത്തേക്കും അപൂർവ്വ ഗ്രന്ഥങ്ങൾ തേടിയായിരിക്കും സ്വാമിയുടെ യാത്ര. പല അപൂർവ്വ ഗ്രന്ഥങ്ങളും സ്വാമി തേടിപ്പിടിച്ച് വായിച്ചു. സ്വന്തം സൗകര്യങ്ങളെപ്പറ്റി അദ്ദേഹം ഒട്ടും ചിന്തിച്ചിരുന്നില്ല.

കൂപക്കര മഠം തെക്കൻ തിരുവിതാംകൂറിലെ ഒരു തന്ത്രി കുടുംബമായിരുന്നു. അവിടെ അപൂർവ്വങ്ങളായ ചില താന്ത്രിക ഗ്രന്ഥങ്ങൾ ഉണ്ടെന്നറിഞ്ഞ് സ്വാമി അവിടെച്ചെന്ന് അവ വായിച്ചാൽ കൊള്ളാമെന്ന് അറിയിച്ചു. ഗ്രന്ഥപ്പുരയിൽ ഒറ്റ പ്രാവശ്യം കയറി നോക്കിക്കോളാൻ ഗൃഹനാഥൻ സമ്മതിച്ചു. മുഴുവൻ ഗ്രന്ഥങ്ങളും നോക്കി പഠിച്ച് ഹൃദിസ്തമാക്കിയ ശേഷമേ സ്വാമി പുറത്തിറങ്ങിയുള്ളു. പരീക്ഷിക്കാൻ വേണ്ടി കൂപക്കരയിലെ തന്ത്രി പല ചോദ്യങ്ങളും ചോദിച്ചപ്പോൾ കൃത്യമായ മറുപടി പറയാൻ അദ്ദേഹത്തിന് കഴിഞ്ഞു. താന്ത്രികമായ പൂജാവിധികളും പ്രതിഷ്ഠ, ശ്രീഭൂതബലി, ഉത്സവബലി തുടങ്ങിയ ചടങ്ങുകളും പഠിക്കാൻ പറ്റിയത് അദ്ദേഹത്തിന് പിൽക്കാലത്ത് ഏറെ പ്രയോജനപ്പെട്ടു. യാത്രക്കിടയിൽ മന്ത്രവാദം ജോതിഷം, വൈദ്യം, ഭൂമിശാസ്ത്രം, ചരിത്രം തുടങ്ങി വൈവിദ്ധ്യമാർന്ന വിഷയങ്ങളിൽ സ്വാമി പാണ്ഡിത്യം നേടി. കേശവപിള്ള ഉത്തര ഭാരതത്തിൽ നിന്ന് നിരവധി അപൂർവ്വ ഗ്രന്ഥങ്ങൾ വാങ്ങിക്കൊടുത്തു. ചരിത്രം, ഭൂമിശാസ്ത്രം, മന്ത്രവാദം ഐതിഹ്യങ്ങൾ ജ്യോത്സ്യം വൈദ്യം തുടങ്ങി വൈവിദ്ധ്യമാർന്ന എല്ലാ മേഖലകളിലും അഗാധമായ പാണ്ഡിത്യം സ്വാമി നേടി.

അക്കാലത്ത് ശ്രീനാരായണ ഗുരുദേവനുമായുള്ള സംഗമം രണ്ടുപേരുടെയും ജീവിതത്തിലും കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിലും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. തുടരും................

*****

മിനിക്കഥ

# തിരുത്താൻ

ഉണ്ണി വാരിയത്ത്

ഭൂതകാലത്തെ തിരിച്ചുപിടിക്കാൻ കഴിയുന്ന ഒരു മനുഷ്യനുമില്ലെന്നും, അതുപോലെ ഭാവികാലത്തെ മെച്ചപ്പെടുത്താൻ കഴിയാത്ത ആരുമില്ലെന്നും, അയാൾ അവനോടു പറഞ്ഞു.

തന്റെ ഭൂതകാലം ശോചനീയമായിരുന്നതുകൊണ്ട് തിരിച്ചുപിടിക്കുന്ന പ്രശ്നമേയില്ലെന്നും, അതുപോലെ തന്റെ വർത്തമാനകാലം മെച്ചപ്പെടാത്ത സ്ഥിതിക്ക് ഭാവികാലത്തെപ്പറ്റി ചിന്തിക്കേണ്ട കാര്യമില്ലെന്നും, ആശുഭാപ്തിവിശ്വാസിയായ അവൻ പ്രതിവചിച്ചു. ചിലരെ തിരുത്താൻ പ്രയാസമാണല്ലോ!

*****

# നിറങ്ങളുടെ സത്യം



പത്മ പ്രിയ- 8589018487


*നീലാകാശം പീലികൾ വിരിയും പച്ചത്തെങ്ങോല*
*തെളിഞ്ഞ മഞ്ഞപൂങ്കിളിയാകെച്ചുവന്ന റോസാപ്പൂ*
*തവിട്ടു പശുവിൻ വെളുത്ത പാല് കുടിച്ചതിൽ പിന്നെ*
*കറുത്തരാത്രിയിലീനിറമെല്ലാം ഓർത്തുകിടന്നു ഞാൻ*
(സുഗതകുമാരി)

**നി**റങ്ങളും സ്വപ്നങ്ങളും അത്രത്തോളും പരസ്പരബന്ധിതമാണ്. നമ്മുടെ വികാരങ്ങളുടെ , ചിന്തകളുടെ , ആശയങ്ങളുടെ കൂട്ടുകാരൻ ആകുന്നു നിറങ്ങൾ. ഉദയസൂര്യനും, അസ്തമയസൂര്യനും ഉച്ചസൂര്യനും ആകാശത്തിൽ തരുന്ന നിറങ്ങൾ വ്യത്യസ്തമാണ്. ആകാശത്തിന്റെ നീലനിറം പ്രകാശരശ്മികൾക്ക് ഉണ്ടാകുന്ന വിസരണം എന്ന പ്രതിഭാസം (scattering) കൊണ്ടാണ്. വിസരണം എന്നാൽ ഒരുതരം ചിതറിപോകുന്ന അവസ്ഥ. വളരെ ലളിതമായി പറഞ്ഞാൽ സൂര്യനിൽ നിന്നും പ്രകാശം ഒരു സെക്കന്റിൽ ഏകദേശം 3,00,000 കിലോമീറ്റർ സഞ്ചരിച്ചു ഭൂമിയുടെ അന്തരീക്ഷത്തിൽ എത്തുമ്പോൾ അവിടെ ഉള്ള ജലകണികകളിലും, വായുവിന്റെ ചെറിയ തന്മാത്രകളിലും തട്ടി പ്രകാശത്തിലെ നിറങ്ങൾ യഥാർത്ഥത്തിൽ വിവിധ തരംഗദൈർഘ്യമുള്ള പ്രകാശതരംഗങ്ങൾ ചിതറിപോയി, ബാക്കി അവശേഷിക്കുന്നത് ആകാശത്തെ നീലനിറം ആക്കുന്നു. അപ്പോൾ ബഹിരാകാശത്തു നിന്ന് നോക്കുമ്പോൾ ആകാശം നീലയാണോ? അല്ല, എന്നതാണ് സത്യം. നമ്മൾ കാണുന്നത് നമ്മുടെ വീക്ഷണ കോണിൽ നിന്ന് കൊണ്ടാണ്. നമ്മൾ എവിടെ നില്ക്കുന്നു, അവിടത്തെ അന്തരീക്ഷം എന്നിവ ഒക്കെ നിറങ്ങളുടെ ലോകം മാറ്റി മറിക്കുന്നു. മാത്രമല്ല നിറങ്ങൾ പ്രകാശത്തിന്റെ ഒരു സ്വഭാവവിവരണം ആണെന്ന് പറയാം. നിറങ്ങൾ ഇങ്ങനെ ഒക്കെ അവരുടെ അത്ഭുത ലോകത്തേക്ക് നമ്മളെ കൊണ്ടു പോകും.

ഓരോ നിറത്തിനും അതുല്യമായ സ്വഭാവസവിശേഷതകൾ ഉണ്ട്. കാവ്യാത്മകമായി തോന്നാം. പക്ഷെ ശാസ്ത്രപരമായും പൂർണ്ണമായി ഈ ആശയത്തിനെ തള്ളി കളയാൻ പറ്റില്ല. നിറങ്ങൾ പ്രകാശത്തിന്റെ ഒരു അംശം ആണ്. പ്രകാശത്തിനെ ഒരു വൈദ്യുതകാന്തിക സ്പെക്ട്രം (Electromagnetic spectrum) ആയിട്ടാണ് ശാസ്ത്രം കാണുന്നത്. പ്രകാശത്തെ ആവശ്യാനുസാരം ദ്രവ്യമായും തരംഗമായും കാണാം. പ്രകാശത്തിന്റെ മനോഹാരിത ആണ് ഈ ഇരട്ട വ്യക്തിത്വം. പക്ഷെ സൂര്യന്റെ 400 നാനോമീറ്റർ മുതൽ 700 നാനോമീറ്റർ വരെ തരംഗദൈർഘ്യമുള്ള പ്രകാശരശ്മികൾ മാത്രമേ മനുഷ്യനേത്രങ്ങൾകൊണ്ട് കാണാൻ സാധിക്കൂ. (നാനോമീറ്റർ എന്നത് തരംഗദൈർഘ്യത്തിന്റെ യൂണിറ്റ് ആണ്.)അതാണ് മഴവില്ലിന്റെ ഏഴു നിറങ്ങൾ. പ്രകാശപ്രകീർണ്ണനം (dispersion of light) എന്ന പ്രതിഭാസം ആണ് ഇവിടെ സംഭവിക്കുന്നത്. ചുവപ്പ് തൊട്ടു വയലറ്റ് വരെ ഉള്ള നിറങ്ങൾ. ഈ പരിധിക്ക് താഴെ ഉള്ളവയെ ഇൻഫ്രാ റെഡ്, റേഡിയോ തരംഗങ്ങൾ എന്നും, മുകളിൽ ഉള്ളവയെ അൾട്രാവയലറ്റ്, എക്സ്റേ, ഗാമതരംഗങ്ങൾ എന്നും യഥാക്രമം വിളിക്കുന്നു. ഇവയെ കൂട്ടമായി വൈദ്യു

തകാന്തിക സ്പെക്ട്രം, അഥവാ Electromagnetic spectrum എന്നു പറയുന്നു. കാലങ്ങളായുള്ള ശാസ്ത്ര പഠനങ്ങളുടെയും ഗവേഷണ പരീക്ഷണങ്ങളുടെയും അനന്തരഫലമായി വിവിധ മേഖലകളിൽ ഈ വൈദ്യുതകാന്തിക സ്പെക്ട്രത്തിന്റെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തി വരുന്നു.

നമുക്ക് ചുറ്റും കാണുന്ന നിറങ്ങൾക്ക് കാരണം അന്വേഷിച്ചാൽ രസകരമായ സത്യങ്ങൾ നമുക്ക് കണ്ടെത്താൻ പറ്റും. ഇലകളുടെ പച്ചനിറത്തിനു കാരണം സൂര്യപ്രകാശത്തിൽ ഉള്ള പച്ചനിറത്തെ ഇലകൾ പ്രതിഫലിപ്പിക്കു





വൈദ്യുതകാന്തിക സ്പെക്ട്രം (Wikipedia)

ന്നത്കൊണ്ടാണ്. മറ്റു നിറങ്ങളെ, അല്ലെങ്കിൽ പ്രകാശതരംഗങ്ങളെ ആഗിരണം ചെയ്തു പച്ചനിറത്തിനെ പുറത്തു കളയുന്നു. അതുപോലെ മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങൾ പ്രതിഫലിപ്പിക്കുന്നത് കൊണ്ടാണ്, പൂക്കളിൽ ആ നിറങ്ങൾ കാണുന്നത്. കറുപ്പ് എല്ലാ രശ്മികളേയും ആഗിരണം ചെയ്യുമ്പോൾ, വെളുപ്പ് എല്ലാം പ്രതിഫലിപ്പിക്കുന്നു. എങ്ങനെ ആണ് ഇത് സംഭവിക്കുന്നത്. ?

ഒരു വസ്തുവിലെ പിഗ്മെന്റുകൾ പ്രകാശത്തിന്റെ ആഗിരണം (absorption), പ്രതിഫലനം, (reflection), വിസരണം (scattering), അപവർത്തനം (refraction), വ്യതികരണം (interference), എന്നിവ തീരുമാനിക്കുന്നു. ഈ പ്രതിഭാസങ്ങൾ എല്ലാം നിറങ്ങളുടെ ലോകത്തിനു കാരണക്കാർ ആണ്. പിഗ്മെന്റുകളുടെ ജീവശാസ്ത്രപരമായ ഒരു പേര് മെലാനിൻ (melanin) എന്നാണ്. ഇതാണ് നമ്മുടെ മുടിക്കും തൊലിക്കും എല്ലാം നിറം നൽകുന്ന ബയോളോജിക്കൽ പിഗ്മെന്റ്. ക്യാരറ്റിൽ, കരോട്ടീൻ (carotene) എന്ന പിഗ്മെന്റ് ആണ് നിറം നൽകുന്നത്. ക്ലോറോഫിൽ (chlorophyll) എന്ന പിഗ്മെന്റ് ആണ് ഇലകൾക്ക് പച്ചനിറം കൊടുക്കുന്നത്. ജീവജാലങ്ങളുടെ നിറം നിർണയിക്കുന്നത് പിഗ്മെന്റുകൾ ആണ്. ഒരു ജീവിയുടെ കണ്ണിന്റെ, തൊലിയുടെ ഒക്കെ നിറം ഈ പിഗ്മെന്റുകളുടെ അളവ് ആണ് നിശ്ചയിക്കുന്നത്.

മയിൽപീലിയുടെയും, ചിത്രശലഭങ്ങളുടെയും മനോഹരമായ നിറങ്ങൾ കണ്ടിട്ടില്ലേ? മനുഷ്യരുടെ വിരലടയാളം പോലെ ഒന്ന് ഒന്നിൽ നിന്നും വ്യത്യസ്തം ആണ്. ഓരോ മയിലിന്റെയും പീലിയുടെ നിറങ്ങൾ സമാനതകൾ ഇല്ലാത്തതാണ്. പ്രപഞ്ചസൃഷ്ടിയിൽ കാണുന്ന കരവിരുത് മാന്ത്രികമായി തോന്നാം. മയിൽപീലിയിലും, പൂമ്പാറ്റയുടെ ചിറകിലും കാണുന്ന നിറങ്ങൾ പിഗ്മെന്റുകൾ കൊണ്ടല്ല, മറിച്ച് സൂക്ഷ്മമായ (നാനോ




(a) മയിൽപീലിയുടെ ചിത്രം (b, c) മയിൽപീലിയുടെ മൈക്രോസ്കോപിക് ചിത്രം

മീറ്റർ വ്യാസത്തിൽ) പാറ്റേണുകൾ (Nano patterns) കൊണ്ടാണ്. ഒരു മയിൽ പീലിയെടുത്ത് മൈക്രോസ്കോപ്പിൽ കൂടി നോക്കുമ്പോൾ വളരെ സൂക്ഷ്മമായ നാനോ പാറ്റേണുകൾ നമുക്ക് കാണാൻ സാധിക്കും. മയിൽ പീലിയിൽ മെലാനിൻ, കെരാറ്റിൻ-വായു എന്നിവ വളരെ ചെറിയ വ്യാസത്തിലും, നീളത്തിലും അടുക്കി വെച്ചതുപോലെയുള്ള നാനോ പാറ്റേർണുകൾ കാണാം.

ഇതിൽ പ്രകാശരശ്മികൾ കടന്നു പോകുമ്പോൾ ചില തരംഗദൈർഘ്യമുള്ള രശ്മികൾ

മാത്രം പുറത്തു വരികയും ചെയ്യുന്നു. പ്രകാശരശ്മികൾക്ക് ഈ നാനോ പാറ്റേർണുകളിൽ തട്ടി വ്യതികരണം (interference) എന്ന പ്രതിഭാസം ആണ് സംഭവിക്കുന്നത്. ഈ പാറ്റേണുകളുടെ വ്യാസം, ഘടന, നീളം എന്നിവയും പാറ്റേണുകൾ നിർമ്മിച്ച പദാർത്ഥവും വ്യതികരണം സംഭവിച്ചു പുറത്തു പോകുന്നത് ഏതു നിറം ആകണം എന്ന് തീരുമാനിക്കുന്നു. മയിൽ പീലിയിലും പൂമ്പാറ്റയിലും കാണുന്ന വിസ്മയ നിറങ്ങൾ ഇതുകൊണ്ടാണ്.

ഐസക്ന്യൂട്ടന്റെ കാലം മുതൽ ഈ പാറ്റേർണുകളെ കുറിച്ച് പഠിക്കുന്നുണ്ട്. എന്നാൽ, വർഷങ്ങൾക്ക് ശേഷം 1987 ൽ ഏലിയബ്ലോനോവിച്, സജീവ് ജോൺ എന്നീ രണ്ടുപേർ പ്രകാശരശ്മികളെ നിയന്ത്രിക്കുന്ന നാനോപാറ്റേർണുകളെ കുറിച്ച് കൂടുതൽ ഗവേഷണം നടത്തുകയും അവയെ ലാബിൽ നിർമ്മിക്കുകയും, അവയുടെ പ്രായോഗിക സാധ്യതകൾ പഠിക്കുകയും ചെയ്തു. ഇവർ ഈ നാനോപാറ്റേണുകളെ ഫോട്ടോണിക് ക്രിസ്റ്റൽസ് എന്ന് പേരിട്ടു. യബ്ലോനോവിച്ച് അമേരിക്കയിലെ ബെൽ കമ്മ്യൂണിക്കേഷൻസ് എന്ന ഗവേഷണ സ്ഥാപനത്തിൽ നിന്നും, സജീവ് ജോൺ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്നും (അദ്ദേഹം തിരുവല്ലയിൽ ആണ് ജനിച്ചത്) യാദൃശ്ചികമായി ഒരേ വിഷയത്തിൽ ഗവേഷണം നടത്തുകയും, ഒരേ ആശയത്തതിൽ എത്തിച്ചേരുകയും, ഒരേ സമയം പ്രബന്ധങ്ങൾ സമർപ്പിക്കുകയും ചെയ്തു. അങ്ങിനെ ഇരുവരും ഒരുമിച്ചു ഫോട്ടോണിക് ക്രിസ്റ്റൽ എന്ന ആശയത്തിൽ എത്തുകയായിരുന്നു. ഇപ്പോഴും ഇരുവരും ഫോട്ടോണിക്സ് (പ്രകാശത്തിന്റെ ശാസ്ത്രപഠനം) ഗവേഷണ രംഗത്ത് വളരെ സജീവമാണ്.


ഇന്ന് ലോകത്തിൽ പല യൂണിവേഴ്സിറ്റികളിലും ഈ വിഷയത്തിൽ ഗവേഷണം നടത്തുന്നുണ്ട്. പ്രകാശത്തെ വളയ്ക്കാനും , വഴിതിരിച്ചു വിടാനും, പിരിക്കാനും, പ്രകാശത്തിന്റെ സഹായത്തോടെ സന്ദേശങ്ങൾ അയക്കാനും ഒക്കെ ഉള്ള മാധ്യമത്തിൽ അവയുടെ കാര്യക്ഷമത കൂട്ടാൻ ഫോട്ടോണിക് ക്രിസ്റ്റൽ ഉപയോഗിക്കുന്നു. എങ്ങിനെ Protonic crystal ഉപയോഗിച്ച് എൽഈഡിയുടെ പ്രകാശം കൂട്ടാം, കൂടുതൽ സൂര്യപ്രകാശം ആഗിരണം ചെയ്തു എങ്ങനെ സോളാർ സെല്ലിൽ നിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാം, എന്നൊക്കെ ഗവേഷണങ്ങൾ നടക്കുന്നു. എൽഇഡി, ലേസർ, സോളാർസെൽ, ഓപിറ്റിക്കൽ വേവ്ഗൈഡ് (optical waveguide) തുടങ്ങി ഒട്ടുമിക്ക അർദ്ധചാലക മേഖലകളിലും (field of semiconductors) പ്രകാശത്തെ നിയന്ത്രിക്കാനുള്ള ഉപാധി ആയി ഫോട്ടോണിക് ക്രിസ്റ്റൽസ് ഉപയോഗിച്ച് വരുന്നു.

*****

## 2023 മാർച്ച് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**അഡ്വ.യു.കെ. രാമകൃഷ്ണൻ**
L/2201 വെരുംപുരക്കൽ
മൻകട, പെരുന്തൽമണ്ണ



**ഹരിജൻ നായർ ബി. എൻ**
L/4556, ശാരദാമന്ദിരം
ഇളമക്കര, കൊച്ചി - 26



**സി. രാമചന്ദ്രൻ**
L/3297, ചെറുപറമ്പത്ത്
കടവന്ത്ര, കൊച്ചി 20

# ആഹാരം തന്നെ ഔഷധം

**എൻ. രാജശേഖരൻ**

## മാറിയ ഭക്ഷ്യരീതികൾ

മലയാളിയുടെ ഭക്ഷ്യരീതിയിൽ വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്. ചോറും കറികളും, ദോശയും, ഇഡ്ഡലിയും, സാമ്പാറും, പുട്ടും, കടലയുമെല്ലാം വേണ്ടാതായി കഴിഞ്ഞിരിക്കുന്നു. ന്യൂഡിൽസും, ബർഗ്ഗറും സാന്റ്‌വിച്ചും, ഫ്രൈഡ്റൈസും, ചില്ലിപറോട്ടയും, പിസയും കബാബും, ടിക്കായും, വിംഗസും, ഷവർമ്മയും, കുഴിമന്തിയും എല്ലാം മലയാളിയുടെ ഇഷ്ട വിഭവമാണ് ഇന്ന്. ചിക്കനില്ലാത്ത, ബീഫില്ലാത്ത ഭക്ഷണം മലയാളിക്ക് ആലോചിക്കാൻ പോലും കഴിയാതെയായിരിക്കുന്നു. പക്ഷേ ഇത്തരം ഭക്ഷ്യസാധനങ്ങൾ അവന്റെ ആരോഗ്യത്തെ പാടെ തകർത്തുകളയുകയാണ് ചെയ്യുന്നതെന്ന് അറിയുന്നില്ല.

പ്രമേഹം, കൊളസ്ട്രേൾ, രക്തസമ്മർദ്ദം, ഹൃദയാഘാതം, എന്നീ രോഗങ്ങളെല്ലാം നമ്മുടെ നാട്ടിൽ ലോകനിലവാരത്തിനും മുകളിലായിരിക്കുന്നു. നമ്മുടെ കുട്ടികൾ പോലും ഇത്തരം രോഗങ്ങൾക്കു ഇരയായികൊണ്ടിരിക്കുന്നു. മെഡിക്കൽ ഷോപ്പുകളുടെ അഭൂതപൂർവ്വമായ വളർച്ച, ആരെയാണ് അമ്പരിപ്പിക്കാത്തത് ഈ വർത്തമാനകാലത്തെ ഏററവും ആദായകരമായ ബിസിനസ്സ് ആശുപത്രികൾ ആരംഭിക്കുക എന്നതാണ്.

പക്ഷേ ഒന്നുണ്ട്, ഈ ഒരു കാലഘട്ടത്തിൽ പോലും ചിലരിലെങ്കിലും സംഭവിച്ച് കൊണ്ടിരിക്കുന്നതും, എന്നാൽ, ഭാവിയിൽ വരാൻ പോകുന്നതുമായ ജനങ്ങളുടെ ഇടയിലെ ആരോഗ്യത്തെപ്പറ്റിയുള്ള ഒരു തിരിച്ചറിവ് വളരെ മന്ദഗതിയിലാണെങ്കിൽ കൂടി ഉണ്ടായികൊണ്ടിരിക്കുന്നു എന്നത് എത്ര ആശ്വാസപ്രദം.

നമ്മുടെ വീട്ടുവളപ്പിൽ ഉണ്ടായിരുന്ന കൃഷികൾ, കൃഷിവകുപ്പിൻെറ 'ഞങ്ങളും കൃഷിയിലേക്ക്' തുടങ്ങിയ പദ്ധതികളുടെ പ്രോത്സാഹനത്തിൽ വീണ്ടും ആരംഭിക്കാൻ തുടങ്ങിയിട്ടുണ്ട്. വീട്ടുവളപ്പുകളിലും, മട്ടുപ്പാവുകളിലും ഗ്രോബാഗുകളിലും, വിവിധ പഴവർഗ്ഗങ്ങളും പച്ചക്കറികളും നട്ടുവളർത്താൻ തുടങ്ങിയിട്ടുണ്ട്.

വർഷങ്ങൾക്കു മുമ്പ് വരെ കൃഷിയിലൂടെയാണ് നാം ജീവിച്ച് വന്നത്. വയലിലും, പുരയിടത്തിലും എല്ലുമുറിയെ അവർ പണിയെടുത്തിരുന്നു. തൊടിയിലെല്ലാം കപ്പയും, കാച്ചിലും, ചേമ്പും, പയറും മുതിരയുമെല്ലാം ധാരാളമായി ഉല്പാദിപ്പിച്ചിരുന്ന ഒരു കാലമായിരുന്നു അത്. വീടുകളിലാകട്ടെ മാസം തോറും മാറ്റിവയ്ക്കുന്ന നാളികേരം ഓണം, വിഷു തുടങ്ങിയ വിശേഷദിവസങ്ങളിൽ ഉടച്ച് വച്ച് ഉണക്കി ചക്കിലൊ, മില്ലിലൊ ആട്ടിയാണ് വെളിച്ചെണ്ണ ഉല്പാദിപ്പിച്ചിരുന്നത്. അതിൽ മായത്തിന്റെ ഒരംശപോലും ഉണ്ടായിരുന്നില്ല. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമെല്ലാം ഡോക്ടർമാർ ശുദ്ധമായ വെളിച്ചെണ്ണയുടെ ഔഷധഗുണം തിരിച്ചറിഞ്ഞ് ദിവസവും വെളിച്ചെണ്ണ കഴിക്കാൻ ഉപദേശിച്ച് വരുന്നു. എന്നാൽ നാമോ രുചികരവും ഔഷധഗുണമുള്ളതുമായ വെളിച്ചെണ്ണയെ അയിത്തം കൽപ്പിച്ചു അടുക്കളയിൽ നിന്ന് പുറത്താക്കിയിട്ട് നാളുകളായി.

ഇപ്പോഴത്തെ കേരളീയ സമൂഹത്തിന് മണ്ണിൽ പണിയെടുക്കുവാനുള്ള അലസതയാണ് ഇന്നത്തെ ഈ ദു:സ്ഥിതിക്ക് കാരണം. മാംസാഹാരത്തോടുള്ള അടങ്ങാത്ത പ്രതിപത്തി മറ്റൊരു ഘടകം തന്നെയാണ്. അമിത

വും കൊഴുപ്പ് കൂടുതൽ അടങ്ങിയതുമായ മാംസാഹാരങ്ങൾ കഴിക്കുന്നതും മണ്ണിൽ പണിയെടുക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നതും മററ് ഘടകങ്ങളാണ്. ആരോഗ്യപൂർണ്ണമായ ജീവിതത്തിന് ശാരീരികമായ അദ്ധ്വാനം വളരെ അത്യാവശ്യമാണ്. ഇപ്പോൾ തന്നെ കൃഷിയിൽ നേരിയ ചലനങ്ങളൊക്കെ ഉണ്ടാക്കാൻ കഴിഞ്ഞത്. അന്യദേശതൊഴിലാളികളെ കൊണ്ടാണെന്ന് ഓർത്തിരിക്കുന്നത് നന്ന്. ഏതാണ്ട് മുപ്പത് ലക്ഷത്തിൽപ്പരം അയൽ സംസ്ഥാന തൊഴിലാളികളാണ് നമ്മുടെ ദേശത്ത് പണിയെടുക്കുന്നത്. ഇവരില്ലായിരുന്നെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ഒരു നിമിഷം ആലോചിക്കാം.

**നെൽ വയലുകൾ**

എന്നാൽ കഴിഞ്ഞ 60, 70 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥ ശ്രദ്ധിക്കുക വീടിനോട് ചേർന്നുള്ള തറ പുരയിടങ്ങളിൽ (പുരയിടങ്ങളെക്കാൾ അല്പം കൂടി താഴ്ന്ന സ്ഥലം) നിറയെ പച്ചക്കറികളായിരുന്നു കൃഷി ചെയ്തിരുന്നത്. ഉദാഹരണമായി നമുക്കു നെൽക്കൃഷിയുടെ കാര്യം തന്നെ എടുക്കാം. 1975ൽ 8.75 ലക്ഷം ഹെക്ടർ നെൽവയലുകളുണ്ടായിരുന്നത് 2017 ആയപ്പോൾ 1.71 ഹെക്ടറായി കുറയുകയാണ് ചെയ്തത്. അതായത് 7 ലക്ഷം ഹെക്ടറിന്റെ നഷ്ടമാണ് ഈ ചുരുങ്ങിയ കാലയളവിൽ ഉണ്ടായത് എന്നത് വേദനിപ്പിക്കുന്ന ഒരു കാര്യമാണ്.

നാണ്യവിളകൾ, വികസനപ്രവർത്തനങ്ങൾ എന്നിവക്ക് വേണ്ടി ഈ കൊച്ചുകേരളത്തിൽ ഇത്രയധികം നെൽവയലുകളെ നാം കശാപ്പ് ചെയ്തപ്പോൾ നമ്മുടെ ഭക്ഷ്യോല്പാദനത്തിൽ ഉണ്ടായ കുറവ് അറിയേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ തീറ്റിപ്പോറ്റാൻ പ്രതിവർഷം 40 ലക്ഷം ടൺ അരി ആവശ്യമാണ്. എന്നാൽ നാം ഉല്പാദിപ്പിക്കുന്നത് കേവലം 6 ലക്ഷം ടൺ അരിമാത്രമാണ്.

നെൽ വയലുകൾ ഇത്ര ഭീമമായ തോതിൽ നികത്തിയതിന്റെ മറ്റൊരു ഫലം, പ്രകൃത്യാ തന്നെ ഉണ്ടായിരുന്ന ജലസംഭരണികളാണ് ഇല്ലാതായത്. മറ്റൊരു ഫലം കൂടി കേട്ടോളൂ. ഭൂഗർഭ ജലത്തെ പരിപോഷിപ്പിച്ചിരുന്നത് നെൽവയലുകളാണെന്നതിനാൽ വരാൻ പോകുന്നത് അല്ലെങ്കിൽ ഇപ്പോൾ തന്നെ സംഭവിച്ച് കൊണ്ടിരിക്കുന്നത് ജലക്ഷാമമാണ്. ഒരു നല്ല മഴ പെയ്തു കഴിഞ്ഞാൽ ഓണാട്ടുകര, കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം ഭാഗങ്ങളിലെ പുരയിടങ്ങളെല്ലാം വെള്ളത്തിൽ മുങ്ങുകയാണ്. മഴക്ക് ശേഷമുള്ള ചുരുക്കം ദിവസത്തെ അതിരൂക്ഷമായ താപനത്താൽ ജലം മുഴുവൻ നീരാവിയായി പോകുകയും ചെയ്യുന്നു. ഭൂഗർഭജലത്തിന്റെ കുറവ് മൂലം കിണറുകൾ, കുഴൽ കിണറുകൾ എന്നിവ ഭാവിയിൽ വറ്റിവരണ്ടു പോകുന്നു. നെൽപ്പാടങ്ങളിൽ നിന്നുള്ള ഭൂജലപോഷണം അത്രമാത്രം പ്രാധാന്യമുള്ള ഒന്നാണ്. കുട്ടനാട്, കോൾ മേഖലകൾ, വേമ്പനാട് കോൾ പ്രദേശങ്ങൾ എന്നിവ വളരെയധികം ഭീഷണിയാണു നേരിടുന്നത്.

നേരത്തേ ചൂണ്ടിക്കാണിച്ച കുട്ടനാട്, കോൾ മേഖലകൾ, പൊക്കാളിപാടങ്ങൾ, വേമ്പനാട് കോൾ എന്നിവയെല്ലാം തന്നെ തണ്ണീർത്തടങ്ങൾ തന്നെയായിരുന്നു. ജനസംഖ്യാ വർദ്ധനവിനെ തുടർന്നുണ്ടായ ഭക്ഷ്യധാന്യക്ഷാമം നേരിടാൻ ഇവിടമെല്ലാം വെള്ളം വറ്റിച്ച് നെൽക്കൃഷി ആരംഭിക്കുകയാണ് ചെയ്തത്. നെൽവയലുകളുടെ പരിസ്ഥിതി പ്രാധാന്യം മനസ്സിലാക്കാതെ ചെയ്ത വികസനപ്രവർത്തനങ്ങൾ വലിയതോതിലുള്ള ആഘാതങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളാണല്ലോ നാം പശ്ചിമ മേഖലയിലും സൃഷ്ടിച്ചത്. മനുഷ്യന്റെ ഏതാണ്ട് മിക്ക പ്രവർത്തികളും പരിസ്ഥിതിക്ക് ദോഷകരമായിട്ടാണല്ലോ ഭവിച്ചിരിക്കുന്നത്. ഇതിനെ തുടർന്ന് സംഭവിച്ചിട്ടുള്ള

പരിസ്ഥിതി നാശം, ജൈവവൈവിധ്യ നാശം എന്നിവയ്ക്ക് കുറവ് വരുത്തുക എന്ന ലക്ഷ്യം വച്ചാണ് സുസ്ഥിര വികസനം എന്ന ആശയം ഉണ്ടായിരിക്കുന്നത്. ഭാവി തലമുറയുടെ ആവശ്യങ്ങൾക്ക് പ്രതിബന്ധമുണ്ടാകാത്ത തരത്തിൽ ഇന്നിന്റെ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് സുസ്ഥിര വികസനം എന്ന കാഴ്ചപ്പാടിന്റെ ലക്ഷ്യം.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. തണ്ണീർത്തടങ്ങളും, നെൽവയലുകളും, കണ്ടൽക്കാടുകളും കാടുകളും മറ്റ് ആവാസ വ്യവസ്ഥകളും ഇല്ലെങ്കിൽ നമുക്കു നിലനിൽപ്പില്ല, വികസനമില്ല, ജലമില്ല, കൃഷിയില്ല. അത്ര സമാനതകളില്ലാത്ത സേവനങ്ങളാണ് അവ നമുക്ക് നൽകുന്നത്.

**സുരക്ഷിത ഭക്ഷണം**

പോഷകസമൃദ്ധമായ ആഹാരത്തിന്റെ ലഭ്യതയാണ് ഒരു രാജ്യത്തെ ആരോഗ്യദൃഢഗാത്രരും, ചിന്താശക്തിയുമുള്ള ജനതയെ വാർത്തെടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നത്. പോഷക സമൃദ്ധമായ ആഹാരത്തിന്റെ ലഭ്യതയെപ്പറ്റി പറഞ്ഞല്ലോ ഇതിന്റെ തുടക്കം കൃഷിയിടങ്ങളിൽ നിന്നാണ് വരേണ്ടത്. അവിടെ നിന്നാണല്ലോ ഭക്ഷ്യപദാർത്ഥങ്ങൾ സമൂഹത്തിന് ലഭിക്കേണ്ടത്. അതുകൊണ്ടാണ് ഭക്ഷ്യോല്പാദനത്തിന്, ആരോഗ്യപരിപാലനത്തിൽ അനുപമമായ പങ്കാണ് വഹിക്കാനുള്ളതെന്ന് പറയുന്നത്. ഉത്തമമായ കൃഷിരീതികൾ, അനുവർത്തിച്ചുല്പാദിപ്പിക്കുന്ന ഭക്ഷ്യോല്പന്നങ്ങൾ മാത്രമേ സുരക്ഷിത ഭക്ഷണം എന്നു പറയാൻ കഴിയുകയുള്ളൂ. അതിൽ ആരോഗ്യമുള്ള കൃഷിയിടങ്ങൾ കൂടിയേ കഴിയൂ. മണ്ണിന്റെയും പരിസ്ഥിതിയുടെയും ആരോഗ്യത്തിന് നിരക്കാത്ത ഒരു ചേരുവകളും ഉണ്ടാവാൻ പാടില്ല. ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനം മുതൽ ഭക്ഷണമാക്കി മാററുന്ന ഘട്ടം വരെയുള്ള വിവിധഘട്ടങ്ങളിൽ ഭക്ഷ്യ സുരക്ഷാനടപടികൾ കർശനമായി തന്നെ പാലിക്കപ്പെടണം. നിയമവും തുടർന്നുള്ള ശിക്ഷാവിധികളും കൂടുതൽ കർശനമാക്കണം.

സുരക്ഷിത ഭക്ഷ്യോല്പാദനത്തിന് അനുവർത്തിക്കേണ്ട കാർഷിക പ്രവർത്തനങ്ങളുടെ ചില നടപടിക്രമങ്ങൾ തന്നെ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയെയാണ് ശ്രേഷ്ഠകൃഷിമുറകൾ (Good Agricultural Practices) എന്ന് പറയുന്നത്. ശ്രേഷ്ഠകൃഷിമുറകളുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഓരോരുത്തരും അവരവരുടെ ആരോഗ്യവും ക്ഷേമവും കാത്തു സൂക്ഷിക്കണം.
2. ഓരോരുത്തരും ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ അവ ഉപയോഗിക്കുന്ന ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും നിശ്ചയമായും ഉറപ്പാക്കണം.
3. പരിസ്ഥിതിയുടെ ആരോഗ്യം നിലനിർത്തുക.

**കാർഷികോൽപ്പാദനം നടത്തുന്ന കർഷകർ.**

സാമ്പത്തീക നേട്ടം മാത്രം ലക്ഷ്യമാക്കിയിട്ടുള്ള നമ്മുടെ ഇപ്പോഴത്തെ പോക്ക് പരിസ്ഥിതി, ജൈവവൈവിധ്യം, ആവാസ വ്യവസ്ഥകൾ എന്നിവയ്ക്കു തികച്ചും ഹാനികരമാണെന്ന് മാത്രമല്ല, ഇവ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിക്കുന്നതിനും, തൽഫലമായി സാംക്രമിക രോഗങ്ങൾ, ജീവിതശൈലീരോഗങ്ങൾ, ശിശുരോഗങ്ങൾ പിന്നെ ആത്യന്തികമായി വളരെ വിശദമായി ചർച്ച ചെയ്തിട്ടുള്ള ആഗോളതാപനത്തിന്റെയും തീവ്ര കാലാവസ്ഥാമാറ്റങ്ങളിലുമാണ് നമ്മെ കൊണ്ടെത്തിക്കുക.

വരും കാലങ്ങളിൽ എല്ലാവർക്കും ജീവിച്ചിരിക്കുന്ന കാലം വരെ ആഹാരം നൽകണമെങ്കിൽ പരിസ്ഥിതിക്ക് നാശമുണ്ടാക്കാതെ സുസ്ഥിരമായ രീതിയിൽ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഉത്തമ കൃഷി രീതികളാണ് അതിന് അനുവർത്തിക്കേണ്ടത്. സുരക്ഷ ഭക്ഷ്യോല്പാദനത്തിന് അനുവർത്തിക്കേണ്ട കാർഷിക പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ അതായത് ശ്രേഷ്ഠകൃഷിമുറകൾ കൃത്യമായി തന്നെ പാലിക്കപ്പെടണം.

*****

# കൊച്ചുവർത്തമാനങ്ങൾ

**യു.എസ്. രവീന്ദ്രൻ– 9496120978**

**ഗോ**സിപ്പ് (Gossip) എന്ന ഇംഗ്ലീഷ് പദത്തിന് നിരവധി അർത്ഥങ്ങൾ ഉണ്ട്. അപവാദം, നുണ, കിംവദന്തി, നർമ്മസല്ലാപം, പരദൂഷണം, കൊച്ചുവർത്തമാനം എന്നൊക്കെ സന്ദർഭത്തിനനുസരിച്ച് ഇതിന്റെ അർത്ഥം മാറികൊണ്ടിരിക്കും.

പ്രസിദ്ധ അമേരിക്കൻ എഴുത്തുകാരിയായ കാതറൈൻ ആഷെൻബർഗ് തന്റെ കുട്ടിക്കാലത്തെ ഒരു സ്കൂൾ അനുഭവം പറയുന്നു – 'ഞാൻ കുട്ടിയായിരുന്നപ്പോൾ സ്കൂളിലെ കന്യാസ്ത്രീ ടീച്ചർ പറയാറുണ്ട് – കുട്ടീ നിനക്കൊരു നല്ല വിശേഷങ്ങളും പറയാനില്ലെങ്കിൽ മിണ്ടാതെയിരിക്കുകയായിരിക്കും നല്ലത്.'

പഴയ അമേരിക്കൻ പ്രസിഡന്റ് തിയോർഡർ റൂസ്‌വെൽട്ടിന്റെ മകൾ ആലീസ് റൂസ്‌വെൽട്ട്കൊച്ചുവർത്തമാനത്തിന്റെ ആശാത്തിയാണ്. അവർക്ക് പറയാനുള്ളത് മറിച്ചാണ്. 'നിങ്ങൾക്ക് ഒരു വ്യക്തിയെപ്പറ്റി നല്ലതൊന്നും പറയാനില്ലെങ്കിൽ എന്റെ അടുത്ത് വന്നിരിക്കൂ ബാക്കിയുള്ളതെല്ലാം ഞാൻ പറഞ്ഞു തരാം.'

'കൂട്ടത്തിൽ അപ്പോൾ ഇല്ലാത്ത ഒരു വ്യക്തിയെപ്പറ്റി ആളുകൾ പറയുന്നതാണ് കൊച്ചുവർത്തമാനം എന്നതിന്റെ സാമാന്യ നിർവ്വചനം. അത് നല്ലതുമാകാം ചീത്തയുമാകാം. എന്നാൽ ഇതെല്ലാം ആവശ്യമാണ്' എന്നാണ് ആലീസിന്റെ അഭിപ്രായം എന്നാൽ ഈ അഭിപ്രായത്തിന് ജനങ്ങളുടെ ഇടയിൽ പൊതുവേ അംഗീകാരമില്ല. നമ്മൾക്ക് മറ്റുള്ളവരെ പറ്റി പറയുന്നതും കേൾക്കുന്നതും കുറെ ബോധമുള്ള ഒരു സന്തോഷം തരുന്നു. കൊച്ചുവർത്തമാനങ്ങൾ ഒരു നിഷ്കളങ്കമായ പ്രവർത്തിയല്ല. എന്നാൽ സമൂഹജീവികളോട് സംവദിക്കുക എന്നത് തികച്ചും മാനുഷികവികാരമാണ്. ഒരുപക്ഷേ, നല്ല സംവാദമാകാം, നല്ലതല്ലാത്തതുമാകാം. കൊച്ചുവർത്തമാനങ്ങൾ മാനുഷികമായ ആവശ്യകത നിറവേറ്റുന്നു. ഇതു നടത്തുന്നവരുടെ മാനസികാവസ്ഥ പോലെയിരിക്കും സംഭാഷണവിഷയങ്ങൾ. ഒരു പക്ഷേ, അത് മറ്റുള്ളവരുടെ അഭിലഷണീയമല്ലാത്ത സ്വഭാവത്തെ മാറ്റാൻ ഉള്ള ഉദ്ദേശ്യത്തോടു കൂടിയാകാം. അല്ലെങ്കിൽ പരദൂഷണം പറഞ്ഞ് സ്വയം സന്തോഷിക്കുന്നതിനുമാകാം. നല്ലതിനും മോശമായതിനും കൊച്ചുവർത്തമാനങ്ങൾ കാരണമാകുന്നു.

**1. എന്തുകൊണ്ടാണ് നമ്മൾ കൊച്ചുവർത്തമാനത്തിൽ തൽപ്പരരാകുന്നത്?**

ഓരോരുത്തരും വളർന്നുവന്ന സാഹചര്യവും മാസികാവസ്ഥയുമാണ് കൊച്ചുവർത്തമാനങ്ങളിൽ തൽപ്പരരാക്കുന്നത്. ജേണലിസ്റ്റും എഴുത്തുകാരിയുമായ ലിൻഡേഗ്രീൻ പേരു വെളിപ്പെടുത്താൻ ഇഷ്ടമല്ലാത്ത ഒരു വിശിഷ്ട വ്യക്തിയോടു ചോദിച്ചു – 'താങ്കൾ ഒരാളെ മോശമായ അഭിപ്രായം പറയാറില്ലല്ലോ എന്തുകൊണ്ടാണ് ഇങ്ങനെയായത്.?' 'കുട്ടിക്കാലം തൊട്ടേ വളർന്നുവന്ന സാഹചര്യം അതാണ്. തന്നെയുമല്ല എന്റെ സുരക്ഷിത ബോധവും മറ്റുള്ളവരെപ്പറ്റി മോശമായി സംസാരിക്കുവാൻ എന്നെ അനുവദിക്കുന്നില്ല. എന്നെപ്പറ്റി മറ്റുള്ളവർ എന്തെങ്കിലും പറയുന്നത് എനിക്ക് ഇഷ്ടമല്ല. അതുകൊണ്ട് ഞാൻ മറ്റുള്ളവരെക്കുറിച്ച് ഒന്നും പറയാറില്ല.' എന്നായിരുന്നു മറുപടി.

മറ്റുള്ളവരുടെ ദോഷങ്ങൾ പറയുന്നവർക്കും കേൾക്കുന്നവർക്കും ജനങ്ങളെ

എളുപ്പത്തിൽ സ്വാധീനിക്കാൻ സാധിക്കും. കൂടുതൽ പറയുംന്തോറും സുഹൃദ് ബന്ധങ്ങൾ കൂടുതൽ ബലപ്പെടുമെന്നവർ വിശ്വസിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവർ തമ്മിലുള്ള സുഹൃദ്ബന്ധം യാഥാർത്ഥ സുഹൃദ് ബന്ധം അല്ലാത്തതുകൊണ്ട് ഏറെനാൾ നിലനിൽക്കുകയില്ല. എങ്കിലും പരദൂഷണം ചിലർക്ക് ഒരു ലഹരിപോലെയാണ്. മറ്റുള്ളവരുടെ മുൻപിൽ ഒരു കേമത്തം ചമയാൻ എന്തെങ്കിലുമൊക്കെ വർത്തമാനങ്ങൾകൊണ്ടുനടക്കും. ചിലപ്പോൾ തമാശരൂപത്തിൽ ആകാം. സുഹൃദ്ബന്ധങ്ങൾ കൂടുതൽ ദൃഢമായേക്കാം. എന്നാൽ നല്ല വിശേഷങ്ങളും മോശം പരാമർശങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ നിശ്ചയിക്കാൻ എളുപ്പമല്ല.

**2. ചില കൊച്ചുവർത്തമാനങ്ങൾ നല്ലതാണ്.**

സാമൂഹിക ബന്ധങ്ങൾക്കും സാമൂഹികധാരണകൾക്കും കൊച്ചുവർത്തമാനങ്ങൾ നല്ലതാണെന്ന് മനശാസ്ത്രജ്ഞന്മാരും സമൂഹപഠന വിദ്ഗദരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സാമൂഹിക മര്യാദകളെ അതിക്രമിക്കുന്നവരെ നല്ല സമൂഹജീവിയാക്കുവാൻ വിമർശനാത്മകങ്ങളായ കൊച്ചുവർത്തമാനങ്ങളിലൂടെ സാധിച്ചേക്കാം. നമ്മുടെ പൂർവ്വികന്മാർ കടന്നുവന്നിട്ടുള്ള കാലഘട്ടങ്ങളിൽ വിവരങ്ങൾ കൈമാറിവന്നിട്ടുള്ളത് പരസ്പര സംഭാഷണങ്ങളിലൂടെയാണ്. ഒറ്റപ്പെട്ടു ജീവിക്കുന്നവരേക്കാൾ കൂടുതൽ സമർത്ഥന്മാർ കൂടുതൽ ഇടപഴകി ജീവിച്ചു വന്നവരാണ്. മൊബൈൽ ഫോൺ സർവ്വസാധാരണമായ ഇക്കാലത്ത് കൊച്ചുവർത്തമാനങ്ങൾക്ക് അത്ര പ്രാധാന്യമില്ലെങ്കിലും ഉപകാരം തന്നെയാണ്. ഒരു കമ്പനിയുടെ MD -യെപ്പറ്റി നല്ലതോ മോശമോ ആയ അഭിപ്രായം കൈമാറുന്നത് കമ്പനിയുടെ പ്രവർത്തനത്തെയോ സമൂഹത്തേയോ ബാധിക്കുമല്ലോ.

കൊച്ചുവർത്തമാനങ്ങൾ ഏകാന്തത കുറയ്ക്കുന്നു. മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നു. ബന്ധങ്ങൾ തമ്മിലുള്ള അലോസരത കുറയ്ക്കുന്നു. ശാരീരികമാനസികാവസ്ഥകൾ ശാന്തീകരിക്കപ്പെടുന്നു എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**3. ഉദ്ദേശ്യശുദ്ധിയെ ആശ്രയിച്ചിരിക്കും.**

ഒരാളോടുള്ള സഹതാപമാകാം, സ്നേഹമാകാം. ആസ്വാദനമാകാം അവരുമായി വർത്തമാനം പറയുവാൻ പ്രേരിപ്പിക്കുന്നത്. അല്ലെങ്കിൽ അവനോട് രണ്ട് വാക്ക് പറയണം എന്ന ദുരുദ്ദേശത്തോടുകൂടിയാകാം. അല്ലെങ്കിൽ കൂട്ടത്തിൽ ഒന്ന് തിളങ്ങി നിന്ന് സ്റ്റാറ്റസ് കൂട്ടാനുമാകാം.

ജോൺ ഫ്രേസർ എന്ന പത്രപ്രവർത്തകൻ കൂടിയായ എഴുത്തുകാരൻ കൊച്ചുവർത്തമാനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ഇങ്ങനെ പറയുന്നു – 'ഞാൻ മറ്റുള്ളവരുമായി കൂടുതൽ സൗഹൃദം പുലർത്താനാണ് സംസാരിക്കാറുള്ളത്. അറിവ് ലഭിക്കുവാനും അറിവ്പകർന്നു നൽകുവാനും അർഹിക്കുന്ന ചിലർക്ക് നല്ല മറുപടി കൊടുക്കുവാനും ഞാൻ മറ്റുള്ളവരോട് സംസാരിക്കാറുണ്ട്.' ജോൺ ഫ്രേസർ തുടരുന്നു. അപൂർവ്വമായ ചില സന്ദർഭങ്ങൾ മാത്രമേ ഓരോരുത്തർക്കും രഹസ്യമായിട്ടുള്ളൂ. എങ്കിലും ചില രഹസ്യങ്ങൾ ഞാൻ പറയാറുമുണ്ട്., മറ്റുള്ളവരുടെ രഹസ്യങ്ങൾ കേൾക്കാറുമുണ്ട്. എന്നാൽ ചില രഹസ്യങ്ങൾ മാനിക്കേണ്ടതുണ്ട്. അവ രഹസ്യമായി തന്നെയിരിക്കണം. എന്തായാലും വിവരാത്മകമായ കൊച്ചുവർത്തമാനങ്ങൾ സംഗതികൾ എളുപ്പമാക്കുന്നു. രഹസ്യസ്വഭാവമുള്ള വിവരങ്ങൾ കൈമാറുമ്പോൾ ചിലപ്പോൾ അനുകമ്പ എന്ന വികാരത്തിന് വഴിതെളിയിച്ചേക്കാം. രണ്ടു സുഹൃത്തുക്കൾ വിവാഹമോചനത്തിനു ശ്രമിക്കുവാണെന്നിരിക്കട്ടെ. ഈ രഹസ്യം മറ്റുള്ളവർ അറിയുകയാണെങ്കിൽ ഒരു പക്ഷേ ഒരു പ്രത്യേക മാനസികാവസ്ഥയിലുള്ള ഇവർക്ക് ഒരു പിൻബലം നൽകാൻ സാധിച്ചേക്കാം. പിന്നെ, ഒരുകാര്യം അതിന്റെ വാസ്തവസ്ഥിതി അറിയാത്തിടത്തോളം കാലം ആരുമായി പങ്കുവയ്ക്കരുത്.

നിങ്ങൾ ആരായിരിക്കണമെന്ന് നിങ്ങൾ തന്നെയാണ് തീരുമാനിക്കുന്നത്. സ്വന്തം വ്യക്തിത്വത്തിന്റെ അഖണ്ഡത (Integrity) ഉത്തരവാദി അവനവൻ തന്നെയാണ്. മനഃസാക്ഷി പറയുന്നത് മാത്രം ചെയ്യുക. ഒരു നല്ല ശ്രോതാവ് എന്ന നിലയിൽ സ്വയം വിലയിരുത്തുക. മറ്റുള്ളവർ കുനിഷ്ഠ് പറയുമ്പോൾ ചെവി കൊടുക്കാതിരിക്കുക. എനിക്ക് ഒരു സുഹൃത്തുണ്ടായിരുന്നു മറ്റുള്ളവരെ പറ്റി വേണ്ടാത്തതൊന്നും പറയാത്ത സുഹൃത്ത് എന്നു പറയുമ്പോൾ തന്നെ പരദൂഷണം പറയാൻ ഉദ്ദേശിക്കുന്നവർ അവിടെവച്ച് നിറുത്തും.

കൊച്ചുവർത്തമാനങ്ങൾ (Gossips) നല്ലതാണ്. അത് സന്തോഷവും അറിവും തരുന്നു മറ്റുള്ളവരുടെ നേർക്കുള്ള ക്രൂരതയാവാത്തിടത്തോളംകാലം.

* *** *

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 മാർച്ച് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | രഘുനാഥവർമ്മ, കിഴവനമഠം, എളമക്കര | 44,000/- |
| 2. | ലളിത. എ.പി. പിതൃസ്മരണ, ശ്രീകണ്ഠത്ത് റോഡ്, രവിപുരം, കൊച്ചി - 16 | 10,000/- |
| 3. | ലതിക മേനോൻ, 9 B, സൂര്യകാന്തി അപ്പാർട്ട്മെന്റ്, ഇയ്യാട്ടിൽ ചിറ്റൂർ റോഡ് | 10,000/- |

# ആദരാഞ്ജലികൾ



എളമക്കര കിഴവന മഠത്തിൽ **ലീല പി മേനോൻ (ലീല അമ്മ, 97),** 28 ഫെബ്രുവരി 2023 ന് വിഷ്ണു പാദം പൂകി. സ്വാതന്ത്ര്യ സമര സേനാനിയും INA സിംഗപ്പൂർ ശാഖ സെക്രട്ടറിയും അംബാസഡർ എൻ. രാഘവന്റെ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന, പരേതനായ തൃശൂർ വെള്ളായ്ക്കൽ പരമേശ്വര മേനോന്റെ ഭാര്യയാണ്. കേരള ഹെൽത്ത് സർവീസിൽ ഉദ്യോഗസ്ഥ ആയിരുന്നു. കാക്കനാട്ട് അച്യുതമേനോന്റെയും കിഴവന കല്യാണി കുട്ടി അമ്മയുടെയും മകളാണ്. ആ സ്നേഹനിധിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ. മകൾ ലക്ഷ്മി രാമവർമ, പേരകുട്ടികൾ ബാലഗോപാൽ, നന്ദഗോപാൽ, ജാമാതാവ് അഡ്വക്കേറ്റ് രാമവർമ തമ്പുരാൻ, പ്രതിഭ, ലായം, റോഡ് എറണാകുളം

# ഹാവൂ...എന്തൊരു ചൂട്

ഡോ. ദേവീദാസ് വെള്ളോടി – 9747480903

**വേ**നൽകാലമായി.. പകൽ പുറത്തു ഇറങ്ങാതിരിക്കാൻ പറ്റുമോ? ഉച്ചക്ക് പുറത്തിറങ്ങിയാൽ വയ്യാതാവും അല്ലെ. ദാഹം കൊണ്ട് പ്രയാസപ്പെടും. തലനീരിറക്കം വരും. ക്ഷീണം. ഒരു നാലു മണി കഴിഞ്ഞാൽ കുറച്ചു സമാധാനമായി ഇക്കുറി ചൂട് കൂടുതലാണെന്നു തോന്നുന്നു.

ആഗോളതാപനില വ്യതിയാനം ഉണ്ടാകുന്നുണ്ട്. സൂര്യാഘാതത്തിന് കാരണമാകുന്ന വിധത്തിൽ താപനില ഉയരാം. ഫാനോ ശീതീ കരണിയോ ഇല്ലാതെ മുറിയിൽ മിനുട്ടുകൾ പോലും ചിലവഴിക്കാനാവാത്ത അവസ്ഥ. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇനിയും ചൂട് വർധിക്കാനാണ് സാധ്യത. പതിവു പോലെ ഉപദേശങ്ങളും ചട്ടങ്ങളുമായി തദ്ദേശ സ്ഥാപനങ്ങളും അധികൃതരും രംഗത്തെത്തിക്കഴിഞ്ഞു. വായുജന്യ രോഗങ്ങൾ പടരാം. കുടി വെള്ളമില്ലാത്ത പ്രശ്നങ്ങൾ വേറെ.

വേനൽ കാലത്തു വിയർപ്പു കാരണം ശരീരത്തിലെ ജലാംശവും ധാതുലവണങ്ങളും അധികമായി ശരീരത്തിൽ നിന്ന് നഷ്ടപ്പെടുന്നതാണ് പല ആരോഗ്യ പ്രശ്ങ്ങൾക്കും കാരണം. ചിക്കൻ പോക്സ്, അഞ്ചാം പനി, കോളറ, നേത്രരോഗങ്ങൾ, മഞ്ഞപ്പിത്തം, മൂത്രാശയ രോഗങ്ങൾ, ചെങ്കണ്ണ് എന്നിവ സാധാരണയായി കണ്ടുവരുന്ന വേനൽക്കാല രോഗങ്ങളാണ്.

ജീവിതശൈലിയിലും ഭക്ഷണക്രമത്തിലും വരുത്തുന്ന മാറ്റങ്ങളാൽ ഇതിനെ അതിജീവിക്കാൻ നമുക്ക് കഴിയും.

അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ കൂടുതലായി ശരീരം വിയർത്ത് ജലവും ലവണങ്ങളും നഷ്ടപ്പെടുന്നതുകാരണമാണ് പേശിവലിവുണ്ടാകുന്നത്. കൈകാലുകളിലും ഉദരപേശികളിലുമാണ് കൂടുതലായി പേശിവലിവ് അനുഭവപ്പെടുന്നത്. പേശിവലിവ് അനുഭവപ്പെടുകയാണെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിർത്തി തണുപ്പുള്ള സ്ഥലത്തേക്ക് മാറുക. ധാരാളമായി വെള്ളം കുടിക്കുക. ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാ വെള്ളം, കരിക്കിൻവെള്ളം, സംഭാരം, തണ്ണിമത്തൻ എന്നിവ കൂടുതൽ ഫലപ്രദമാണ്. ഏതാനും മണിക്കൂർ നേരത്തേക്ക് ജോലി തുടരാതിരിക്കുക. ഉടനെ ജോലി തുടർന്നാൽ താപശരീരശോഷണാവസ്ഥയിലേക്ക് പോയേക്കാം

**സൂര്യതാപം** (SUN STROKE, HEAT STROKE)

അന്തരീക്ഷ താപം വല്ലാതെ ഉയർന്നാൽ മനുഷ്യശരീരത്തിലെ താപനിയന്ത്രണ സംവിധാനങ്ങൾ തകരാറിലാവുകയും താപം പുറത്തേക്ക് കളയുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നു. ഇതിനെത്തുടർന്ന് ശരീരത്തിന്റെ പല പ്രവർത്തനങ്ങളും തകരാറിലായേക്കാം. ഇത്തരമൊരു അവസ്ഥയെയാണ് സൂര്യതാപം അല്ലെങ്കിൽ 'ഹീറ്റ് സ്ട്രോക്ക്' എന്ന് പറയുന്നത്. ശരീരതാപം 103 ഡിഗ്രി ഫാരൻഹീറ്റിന് മുകളിൽ വന്നാൽ, വറ്റിവരണ്ട് ചുവന്ന് ചൂടായി ശരീരം നേർത്ത് വേഗത്തിലുള്ള നാഡീമിടിപ്പ്, ശക്തിയായ തലവേദന, തലകറക്കം, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും ഇതേത്തുടർന്നുള്ള അബോധാവസ്ഥയും സൂര്യതാപത്തിന്റെ ലക്ഷണങ്ങളാണ്. സൂര്യതാപം കൂടുതലായാൽ ആശുപത്രിയിൽ പോകേണ്ടി വരും.

**തിണർപ്പ്**

ചൂടുകാലത്ത് കൂടുതലായുണ്ടാകുന്ന വിയർപ്പിനെത്തുടർന്ന് ശരീരം ചൊറിഞ്ഞ് തിണർക്കുന്നതിനെയാണ് ഹീറ്റ്റാഷ് എന്നുപറയുന്നത്. കുട്ടികളെ ഇത് കൂടുതലായി ബാധിക്കാറുണ്ട്. കഴുത്തിലും നെഞ്ചിന്റെ മുകൾഭാഗങ്ങളിലുമാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. ചിലർക്ക് കാലിന്റെ ഒടിയിലും കക്ഷത്തിലും സ്ത്രീകളിൽ മാറിടത്തിന്

*****



താഴെയും ഇതുണ്ടാകാറുണ്ട്.

**പൊള്ളലേൽക്കൽ**

നേരിട്ട് വെയിലേൽക്കുന്ന കൈകളുടെ പുറം ഭാഗം, മുഖം, നെഞ്ചിന്റെ പുറംഭാഗം, കഴുത്തിന്റെ പിൻവശം തുടങ്ങിയ ശരീരഭാഗങ്ങളിൽ സൂര്യതാപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലുമാണ് സാധാരണ ഉണ്ടാകുന്നത്. ചിലർക്ക് തീപ്പൊള്ളൽ ഏൽക്കുമ്പോഴുണ്ടാകുന്നതുപോലെയുള്ള കുമിളകളും പൊള്ളലേറ്റ ഭാഗങ്ങളിൽ ഉണ്ടാകാറുണ്ട്.

**എന്ത് മുൻ കരുതൽ എടുക്കണം**

ധാരാളം വെള്ളം കുടിക്കുക. ദാഹം തോന്നിയില്ലെങ്കിൽപ്പോലും ഓരോ മണിക്കൂർ കൂടുമ്പോഴും രണ്ട് ഗ്ലാസ് വെള്ളം കുടിക്കുക. ധാരാളം വിയർപ്പുള്ളവർ ഉപ്പിട്ട കഞ്ഞി വെള്ളവും ഉപ്പിട്ട നാരാങ്ങാവെള്ളവും കുടിക്കുക.

വെയിലത്ത് ജോലിസമയം ക്രമീകരിക്കുക. രാവിലെയും വൈകിട്ടും കൂടുതൽ സമയം ജോലി ചെയ്യുക. ചുരുങ്ങിയത് ഉച്ചയ്ക്ക് 12 മണി മുതൽ ഉച്ചകഴിഞ്ഞ് മൂന്നുമണി വരെയുള്ള സമയം വിശ്രമിക്കുക.

കട്ടികുറഞ്ഞ വെളുത്തതോ, ഇളംനിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക

ചൂട് കൂടുതലുള്ള അവസരങ്ങളിൽ കഴിവതും വീടിനകത്തോ മരത്തണലിലോ വിശ്രമിക്കുക.

വീടിനകത്ത് ധാരാളം കാറ്റ് കടക്കുന്ന രീതിയിലും വീട്ടിനകത്തെ ചൂട് പുറത്തു പോകത്തക്ക രീതിയിലും വാതിലുകളും ജനലുകളും തുറന്നിടുക.



വെയിലത്ത് പാർക്ക്ചെയ്യുന്ന കാറുകളിലും മറ്റും കുട്ടികളെ ഇരുത്തിയിട്ട് പോകാതെയിരിക്കുക.

വീട്ടിൽ പാകംചെയ്ത ഭക്ഷണം ഉപയോഗിക്കുക.

ആറുമാസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് മുലപ്പാൽ കൊടുക്കുന്നതിനൊടൊപ്പം തിളപ്പിച്ചാറ്റിയ വെള്ളവും നൽകുക. ആറുമാസം മുതൽ ഒരുവയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് ദ്രവരൂപത്തിലുള്ള ഭക്ഷണം നൽകാം. ഉപ്പിട്ട കഞ്ഞി ഉടച്ചുനൽകുക. ഇളനീർ ഇടവിട്ട് നൽകാം.

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്.

സ്കൂളിൽ തണലുള്ളിടത്തുമാത്രം കുട്ടികളെ വിടുക

പുറത്തിറങ്ങുന്ന കുട്ടികൾ വായുസഞ്ചാരമുള്ള വസ്ത്രങ്ങൾ ധരിക്കണം

**നാം എന്ത് ചെയ്യണം?**

- വേനൽകാലത്തു ധാരാളം മോര് കുടിക്കുക
- നമ്മുടെ ദഹന ശേഷി കുറവായതിനാൽ പെട്ടെന്ന് ദഹിക്കുന്ന ഭക്ഷണം കഴിക്കുക
- എണ്ണയിൽ പൊരിച്ച ഭക്ഷണം കുറക്കുക
- രാത്രി കഞ്ഞിയാണ് ഉത്തമം
- ധാരാളം പഴവർഗങ്ങൾ കഴിക്കുക
- കൊത്തമല്ലിയിട്ടു തിളപ്പിച്ച വെള്ളം, കരിങ്ങാലിയിട്ടു തിളപ്പിച്ച വെള്ളം എന്നിവ ധാരാളം കുടിക്കുക ദാഹം തോന്നുന്നില്ലെങ്കിലും വെള്ളം കുടിക്കണം
- രണ്ടു നേരം ദേഹം കഴുകുക
- അടിവസ്ത്രങ്ങൾ രണ്ടു തവണ മാറ്റണം
- മലരിട്ടു വെള്ളം കുടിക്കുക, ദാഹം കുറയും
- വേനൽ കാലത്തു വയറിളക്കാൻ മരുന്ന് കഴിക്കരുത്.

ഹിങ്കുവച്ചാദി ചൂർണം ഉച്ചക്ക് ഊണിനു മുൻപ് മോരിൽ ദിവസേന കഴിക്കുക. ദഹനത്തിന് നല്ലതാണ്

*****

# ദൃക്ക് ദൃശ്യ വിവേകം

**സി. നാരായണൻ – 9819456012**

**ശ്രീ**വിദ്യാരണ്യമുനിയുടെ സമകാലീനനായ ഋഷിവര്യൻ ശ്രീഭാരതീതീർത്ഥമുനിയാൽ രചിക്കപ്പെട്ട ഒരു വേദാന്ത പ്രകരണഗ്രന്ഥമാണ്

'ദൃക്ക് ദൃശ്യ വിവേകം' .

ഇതിനു 'വാക്യസുധ' എന്നും പേരുണ്ട്. വേദാന്തപ്രകരണഗ്രന്ഥങ്ങൾ പൊതുവേ വേദാന്തത്തിലെ പ്രാഥമിക സിദ്ധാന്തങ്ങൾ വിവരിക്കുന്നവയാണെങ്കിലും, വളരെ ഗഹനമായ തത്ത്വങ്ങൾ പ്രതിപാദിക്കുന്നവയും ആ വിഭാഗത്തിലുണ്ട്. പ്രകരണഗ്രന്ഥത്തിൽ അതു രചിക്കുന്ന ആചാര്യന്, ശാസ്ത്രഗ്രന്ഥത്തിനു ഭാഷ്യമെഴുതുമ്പോൾ ലഭിക്കാത്ത തരത്തിൽ ഇഷ്ടാനുസരണം വിഷയത്തെ സമഗ്രമായ ഒരവലോകനത്തിനുവിധേയമാക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഉദാഹരണത്തിന്, ഭഗവത്പാദർ പത്തുപനിഷത്തുകൾക്കും, ബ്രഹ്മസൂത്രങ്ങൾക്കും ഭഗവത്ഗീതക്കും ഭാഷ്യങ്ങളെഴുതിയ ശേഷവും, വേദാന്തസിദ്ധാന്തത്തെ, ഭാഷ്യങ്ങളിലൂടെ സാധിക്കാത്ത രീതിയിൽ, 'സഹസ്രശ്ലോകി'യിലൂടെയും മറ്റും വിശദീകരിക്കാൻ ശ്രമിക്കുന്നതു കാണാം.

**'ദൃക്ക് ദൃശ്യവിവേകം'**

ആകപ്പാടെ 46 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നു. അത് വേദാന്ത തത്ത്വം പ്രതിപാദിച്ച ശേഷം ആ ജ്ഞാനം എത്തരത്തിലെല്ലാം സമാധിയിലൂടെ സാക്ഷാത്ക്കരിക്കാമെന്നും വിശദീകരിക്കുന്നുണ്ട്. ഈ ഗ്രന്ഥം കൃഷ്ണയജ്ജൂർവേദത്തിലെ 'സരസ്വതീരഹസ്യോപനിഷദിന്റെ' ഭാഷ്യത്തിന്റെ പ്രയോജനം ചെയ്യുന്നുണ്ടെന്നു പറയാം. കാരണം ഇതിലെ 13 മുതൽ 31 വരെയുള്ള (4, 21, 28 ഒഴികെ) ശ്ലോകങ്ങൾ, ആ ഉപനിഷത്തിലെ മന്ത്രങ്ങൾ തന്നെയാണ്. അതിലെ 53-ാമത്തെ മന്ത്രം ദൃക്കും ദൃശ്യവും തമ്മിലുള്ള അന്തരം പ്രതിപാദിക്കുന്നതാണ്. നാമിപ്പോൾ പഠനവിധേയമാക്കുന്ന ഗ്രന്ഥത്തിലെ 1 മുതൽ. 12 വരെയുള്ള ശ്ലോകങ്ങൾ 53-ാം ശ്ലോകത്തിന്റെ വ്യാഖ്യാനമാണെന്നു പറയാം.

ദൃക്ക് ദൃശ്യ വിവേകം എന്ന ഈ ഗ്രന്ഥത്തിന്റെ പ്രമേയം ആത്മജ്ഞാനമാണ്. എന്താണ് ആത്മജ്ഞാനമെന്നും എന്താണ് അതിന്റെ പ്രയോജനമെന്നും നിരൂപിക്കേണ്ടതുണ്ട്. ആത്മാ എന്ന ശബ്ദം കൊണ്ട് അർത്ഥമാക്കുന്നത് നമുക്ക് ചിരപരിചിതമായ 'ഞാൻ' എന്ന സത്തയെയാണ്. 'ഞാനി'നെ എല്ലാവരും എപ്പോളും അറിയുന്നുണ്ടല്ലോ, പിന്നെയെന്തിനാണതിനെ പഠനവിധേയമാക്കേണ്ട ആവശ്യമെന്നു ചോദിച്ചാൽ, നാമെല്ലാം തന്നെത്തന്നെ അറിയുന്നുണ്ടെങ്കിലും, തെറ്റായിട്ടുള്ളതാണ് ആ അറിവ്. അതായത് ഇപ്പോൾ നാമെല്ലാം ഞാനെന്നു കരുതുന്ന സത്ത, ശരിയായ ഞാനേയല്ല. ആകാരസാമ്യം കൊണ്ട് രാമൻ നായർ എന്ന ഒരാളെ കൃഷ്ണക്കുറുപ്പ് എന്ന ആളായി തെറ്റിദ്ധരിച്ചേക്കാം. ഇരുട്ടത്ത് ഒരു പൂച്ചയെ പട്ടിക്കുട്ടിയായും തെറ്റിദ്ധരിച്ചേക്കാം. പക്ഷേ ഞാൻ എന്ന സത്തയെ എങ്ങനെ മറ്റൊന്നായി തെറ്റിദ്ധരിക്കും എന്നാണെങ്കിൽ, അങ്ങനെ സംഭവിക്കാറുണ്ട് എന്നാണ് ഉത്തരം. സ്വപ്നത്തിൽ ചിലപ്പോഴെല്ലാം താൻ ആയിരക്കണക്കിന് മൈലുകൾ ദൂരെയുള്ള ഒരു സ്ഥലത്തു ജീവിക്കുന്നതായും അവിടെയുള്ളവരോട് സംഭാഷണത്തിൽ ഏർപ്പെടുന്നതായും അനുഭവപ്പെടാറുണ്ടല്ലോ. ആ ഞാൻ ഇപ്പോൾ ഈ സ്ഥലത്തുള്ള ഞാനാവാൻ സാദ്ധ്യതയില്ലെന്നു വ്യക്തമല്ലേ? അതായത്, ഇപ്പോൾ ഞാനെന്നു കരുതുന്ന

സത്തയല്ലാതെ മറ്റേതോ സത്തയും ഞാനെന്നു തെറ്റിദ്ധരിക്കപ്പെടാൻ വിരോധമില്ലെന്നർത്ഥം. മാത്രമല്ല, വളരെ വർഷങ്ങൾക്കു മുമ്പ് ഞാൻ ഞാനായി കരുതിയിരുന്നത് ഒരു കുഞ്ഞോമനയെയായിരുന്നു. ആ ഞാനല്ല ഇന്നത്തെ ഞാൻ. അപ്പോൾ ഞാൻ അന്ന് ഞാനെന്നു കരുതിയത് ശരിയായ ഞാനിനെയല്ലെന്നു വ്യക്തമാണ്.

ബിരുദാനന്തരപരീക്ഷയിൽ ഫസ്റ്റ്ക്ലാസ് കിട്ടുമെന്നുറപ്പുണ്ടായിരുന്നെങ്കിലും റാങ്കു കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. റാങ്കുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ അതീവ സന്തുഷ്ടനായി. പക്ഷേ അന്നു രാത്രി പെട്ടന്ന് അച്ഛൻ ഹൃദയാഘാതം മൂലം മരിച്ചപ്പോൾ ഞാൻ അതീവ ദുഃഖിതനായി. അപ്പോൾ, അതീവ സന്തുഷ്ടനോ അതീവ ദുഖിതനോ, ആരാണ് ശരിയായ ഞാൻ? ഞാൻ ചിലപ്പോൾ സന്തോഷിക്കുകയും മറ്റു ചിലപ്പോൾ ദുഃഖിക്കുകയും ചെയ്യുന്നവെന്നു കരുതിയാൽ പോരേയെന്നു ചോദിച്ചാൽ, ചിന്തിക്കുന്ന ഒരാൾക്കാ വിശദീകരണം പോരാ. ദുഖിതനായും സന്തുഷ്ടനായും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു 'താത്ക്കാലിക ഞാനി'ന്റെ സാക്ഷിയല്ലേ ശരിയായ ഞാനെന്ന്, അയാൾ ചിന്തിക്കാൻ തുടങ്ങും. ആ നിമിഷം അയാളൊരു ജിജ്ഞാസുവായിത്തീരുന്നു. 'ദൃക്ക് ദൃശ്യ വിവേകം' പോലുള്ള വേദാന്തഗ്രന്ഥങ്ങൾ, അങ്ങനെ, താൻ സത്യത്തിൽ ആരെന്നറിയാൻ ജിജ്ഞാസുക്കളായവർക്കായി രചിക്കപ്പെട്ടവയാണ്.

പ്രകരണ ഗ്രന്ഥങ്ങളുടെ അടിസ്ഥാനം ഉപനിഷത്തുകൾ തന്നെയാണ്. ഉപനിഷദ് വേദത്തിന്റെ ഭാഗമാണ്. വേദം അപൗരുഷേയജ്ഞാനത്തിന്റെ പ്രമാണമാണെന്ന് ലോക പ്രസിദ്ധമാണല്ലോ. അതായത് പ്രത്യക്ഷ ജ്ഞാനങ്ങളായ ശബ്ദരൂപാദികൾക്ക് ശ്രോത്രചക്ഷുകളാദി ഇന്ദ്രിയങ്ങൾ എപ്രകാരം പ്രമാണമാണോ, അപ്രകാരം അതീന്ദ്രിയ ജ്ഞാനത്തിനു വേദമാണ് പ്രമാണം. ഒരു പ്രമാണം മറ്റൊരു പ്രമാണത്തെ നിരാകരിക്കാറില്ല. കണ്ണുകൊണ്ട് ഒരു വസ്തു നീലയാണെന്നറിയുമ്പോൾ അത് മഞ്ഞയാണെന്ന് സ്പർശിച്ചറിഞ്ഞ് തിരുത്താറില്ലല്ലോ. അതുപോലെ വേദങ്ങൾ ഏതെല്ലാം ജ്ഞാനത്തിനു പ്രമാണമാണോ ആ ജ്ഞാനത്തെ മറ്റു പ്രമാണങ്ങൾക്ക് തിരുത്താനാവില്ല

രൂപത്തിന്റെ പ്രമാണം നേത്രമാണെന്ന പോലെ 'ഞാൻ' എന്ന ആത്മതത്ത്വത്തിന്റെ പ്രമാണം ഉപനിഷദാണ്. രൂപവർണ്ണങ്ങൾ കണ്ണുകൊണ്ടല്ലാതെ മറ്റൊരു പ്രമാണത്താലും ഗ്രഹിക്കത്തക്കതല്ലാത്തതു പോലെ, ഞാൻ എന്ന സത്തയുടെ സത്യാവസ്ഥയും വേദത്തിനേ പറയാനാവൂ, ബുദ്ധിക്കാവില്ല.

'പ്രത്യക്ഷേണാനുമിത്യാ വാ
യസ്തുപായോ ന ബുദ്ധ്യതേ
ഏനം വിദന്തി വേദേന
തസ്മാത് വേദസ്യ വേദതാ'

(പ്രത്യക്ഷം, അനുമാനം എന്നീ പ്രമാണങ്ങളാൽ അറിയാത്തതിനെ വേദത്താൽ അറിയാനാവുന്നു. അതാണ് വേദത്തിന്റെ പ്രാമാണികത )

ഉപനിഷദ് പറയുന്നത് ഞാൻ ആനന്ദമയവും വിജ്ഞാനസ്വരൂപവുമാണെന്നാണ്. (വിജ്ഞാനമാനന്ദം ബ്രഹ്മഃ) നമ്മുടെ നിത്യാനുഭവങ്ങളെ യുക്തിപൂർവ്വം അപഗ്രഥനം ചെയ്താലും നമുക്കതു മനസ്സിലാവും. മനസ്സിൽ ദുഃഖം കടന്നുകൂടിയാൽ നാമതിനെ എങ്ങനെയെങ്കിലും ദൂരീകരിക്കാൻ ശ്രമിക്കുന്നു. കണ്ണിൽ കരടു വീണാൽ അതെടുത്തു മാറ്റുന്നതു വരെ, കണ്ണ് അസ്വസ്ഥമായിരിക്കുന്നതു പോലെയാണത്. കണ്ണിനെ സംബന്ധിച്ചേടത്തോളം, കരട് അന്യമായ വസ്തുവാണ്. അതു പോലെ ദുഃഖവും എന്റെ സത്യാവസ്ഥക്ക് വിരുദ്ധമായ ധർമ്മമാണ്

സുഖം എന്റെ സ്വരൂപം തന്നെയായതിനാൽ, സുഖത്തെ ഞാൻ മനസാ സ്വീകരിക്കുന്നു.

സ്വരൂപം തന്നെ ആനന്ദമായിട്ടും ഞാനത് മനസ്സിലാക്കാത്തത് അത്യത്ഭുതകരമാണെങ്കിലും, അതാണ് വസ്തുത. ആത്മാവിനോടു

അനാത്മാവ് എന്നു വിളിക്കാവുന്ന ഒരുതത്ത്വം കൂടിച്ചേരുന്നതിനാലാണ് ആത്മധർമ്മങ്ങളായ ആനന്ദം സ്വാതന്ത്യം മുതലായവ മുഴുവൻ പ്രഭാവത്തിൽ പ്രകടമാവാത്തത്. ആ കൂടിച്ചേരലിനു 'അദ്ധ്യാസം' എന്നാണ് സാങ്കേതികപദം. ആത്മാ ചൈതന്യമാണല്ലോ. അപ്പോൾ ആത്മാവല്ലാത്തത് ജഡമാണ്. ഈ ജഡം ദുഃഖരൂപവും മോഹകാരകവുമാണ്. ചിത്തിനേയും ജഡത്തേയും വേർ തിരിക്കലാണ് പരമ പുരുഷാർത്ഥം. ചിത്ത് ജഡം എന്നിവയെ ദൃക്ക് എന്നും ദൃശ്യമെന്നും വിളിക്കാവുന്നതാണ്. കാരണം ദൃക്ക് എന്ന കാണുന്നവൻ ചിദ്രൂപവും, ദൃശ്യമായ കാണപ്പെടുന്ന വസ്തു ജഡവുമാണല്ലോ. അങ്ങനെ ചിത് ജഡ വിവേകമെന്ന പ്രക്രിയയെ ദൃക്ക് ദൃശ്യ വിവേകമെന്നും വിളിക്കാം. അതാണ് നാം ചിന്തിക്കാൻ പോകുന്ന ഗ്രന്ഥത്തിന്റെ പ്രമേയം.

അനാത്മാവിന്റെ രൂപമറിഞ്ഞാൽ അതിനെ വിവേചിച്ചു മാറ്റാനാവുമെന്നതിനാൽ, അതിനെക്കുറിച്ചും കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട് അജ്ഞാനമാണ് അനാത്മാവിന്റെ മൂലരൂപമെങ്കിലും, നമ്മളിൽ അത് പ്രകടമാകുന്നത് പഞ്ചകോശങ്ങളെന്നു വിളിക്കപ്പെടുന്ന ഉപാധികളായാണ്. ചിലരവയെ സ്ഥൂല സൂക്ഷ്മ കാരണ ശരീരങ്ങളെന്നും വിളിക്കാറുണ്ട്. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ പഞ്ചകോശങ്ങൾ ആത്മാവിനു കോശങ്ങൾ അഥവാ ഉറകൾ പോലെ വർത്തിക്കുന്നു. വെറും ജഡങ്ങളായ അവ നമുക്കൊരു പ്രശ്നമാകാൻ പാടില്ലാത്തതാണ്. പക്ഷേ നമുക്കവയോടുള്ള തന്മയീഭാവം വൈഷമ്യത്തിനു കാരണമായിത്തീരുന്നു. ജഡങ്ങളായ അവ ദുഃഖങ്ങളുടെ സ്രോതസ്സാണ്. അവയോടു താദാത്മ്യം പ്രാപിക്കുകയെന്നാൽ അവയുടെ ദു:ഖങ്ങൾ സ്വന്തമാക്കുക എന്നാണല്ലോ. ആ ഉപാധികളുമായി ചൈതന്യരൂപനായ എനിക്ക് എന്തെങ്കിലും സംബന്ധമുണ്ടാവാൻ വയ്യെന്നു വിവേകേന തിരിച്ചറിഞ്ഞ്, ഇപ്പോളുള്ള മോഹത്താലുള്ള താദാത്മ്യം വിച്ഛേദിക്കലാണ് മോക്ഷത്തിലേക്കുള്ള മാർഗ്ഗം. താനല്ലാത്തതിനോടുള്ള താദാത്മ്യമാണ് എവിടേയും ദു:ഖഹേതു. ഗൃഹാംഗങ്ങളോടുള്ള താദാത്മ്യത്താൽ അവരുടെ രോഗക്ലേശങ്ങൾ തന്റേതായെടുത്തു വ്യസനിക്കുന്ന ഗൃഹനാഥന്മാരെ കാണാറുണ്ടല്ലോ. ശരീരമുൾപ്പെടെയുള്ള ജഗത് വസ്തുക്കളുമായുള്ള തന്മയീഭാവം തന്നെയാണ് ബന്ധനം. ഈശ്വരനുമായുള്ള തന്മയീഭാവം മോക്ഷവും.

അതുകൊണ്ട് അനാത്മന്റെ എല്ലാ രൂപത്തേയും ചൈതന്യത്തിന്റെ രൂപത്തേയും തിരിച്ചറിയലാണ് ചിത് ജഡ വിവേകം അല്ലെങ്കിൽ ദൃക്ക് ദൃശ്യവിവേകം.

ഈ ഗ്രന്ഥത്തിലെ ഓരോ ശ്ലോകത്തിന്റേയും അർത്ഥം പരിശോധിക്കാം.

*(തുടരും)*

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

സാഹിത്യരംഗം

# മാമ്പഴത്തിനപ്പുറത്തെ വൈലോപ്പിള്ളി

**അജിത് കുമാർ**

മദ്ധ്യവയസ്സ് പിന്നിട്ട ദമ്പതികൾ നിർ ബ ന്ധമായും വായിച്ചിരിയ്ക്കേണ്ട രണ്ട് കവിതകൾ എഴുതിയത് വൈലോപ്പിള്ളി ശ്രീധര മേനോൻ ആണ്. അവയെക്കുറിച്ച് ഈ കുറിപ്പിന്റെ അവസാന ഭാഗത്ത് പറയാം.

ഭാഷകൊണ്ടും ഭാവം കൊണ്ടും ബിംബ വൈവിധ്യം കൊണ്ടും കവിതയിൽ സവിശേഷവ്യക്തിത്വം നിലനിർത്തുന്ന കവിയാണ് വൈലോപ്പിള്ളി.

ഈ ലക്കം വായനക്കാരുടെ കൈകളിലെത്തുമ്പോഴേയ്ക്കും 'നാടിൻ താഴ്‌വാര തോറും സ്പന്ദിച്ചീടുമൊരു നവ ചൈതന്യം' എവിടെയും ദൃശ്യമാകും എന്ന് ഉറപ്പാണ്..

'കിങ്ങിണി പോലെ സുവർണ സുമങ്ങളിണങ്ങിയ കൊന്നമരം വഴിവക്കിൽ' കാണാത്ത വീഥികൾ ഈ ദിവസങ്ങളിൽ ഉണ്ടാവില്ലല്ലോ. ഇലകളുണങ്ങിയുതിർന്നൊരു പാവം കൊന്നമരമായിരുന്ന തന്നിൽ അൽപ നേരം കാവ്യദേവത ചാരിനിന്നതിനാലാണ് അവിടെ പൊൻകണിയായ കവിതയുണ്ടായതെന്ന് ഒരു വിഷുക്കവിതയിൽ വൈലോപ്പിള്ളി പറയുന്നുണ്ട് :

'അല്ലാതെങ്ങനെ,<br>
യിലകളുണങ്ങിയുതിർന്നൊരു<br>
പാവം മരമിത് പൊൻകണി വയ്ക്കാൻ സംഗതിയായി...! '

കൊന്നപൂക്കൾ നവചൈതന്യമാർന്ന് നാട്ടിലെമ്പാടും നിറയുന്നതിന്റെ കാവ്യ ചരിതങ്ങൾ കൂടുതലായി നമുക്ക് നൽകിയിട്ടുള്ളത് വൈലോപ്പിള്ളിയാണ്.

ഉത്സവം നടക്കുന്ന ഏത് അമ്പലമുറ്റത്തും നിൽക്കുമ്പോൾ, പൂത്ത താഴ്‌വാര പോലെ പുരുഷാരം മരുവുന്നതും, തീവെട്ടികളിളകുന്ന വെളിച്ചത്തിൽ പതയുന്ന നെറ്റിപ്പട്ടപ്പൊന്നരുവികളോലുന്ന സഹ്യന്റെ മക്കളും എന്നും ഓർമ്മയിലെത്തും.. നാഗരികരുടെ ഉത്സവാഘോഷത്തിനിടയിൽ നിൽക്കുന്ന ആന മനസ്സിൽ ഒരു കാടിന്റെ സ്വതന്ത്ര പഥചലനം സ്വീകരിയ്ക്കുമ്പോൾ സംഭവിക്കുന്ന ദുരന്തമാണ് 'സഹ്യന്റെ മകൻ'. എൺപത് വർഷം മുൻപ് തന്നെ ഐതിഹ്യമാലകളിലെ ആനക്കഥകൾക്കൊരു മറുകുറിപ്പായി മാറിയ ഈ കവിത മലയാളത്തിന്റെ ആഴമേറിയ സർഗ്ഗാവിഷ്ക്കാരങ്ങളിലൊന്നായി ഇന്നും നിലനിൽക്കുന്നു.

ഏതാണ്ട് അതേ കാലഘട്ടത്തിൽ തന്നെ വൈലോപ്പിള്ളി എഴുതിയ മറ്റൊരു പ്രസിദ്ധ കവിതയെ ഇന്ന് കേരള സമൂഹം തിരിച്ച് വായിയ്ക്കുന്നു എന്നത് കൗതുകകരമാണ്..

'ജനിച്ച നാടുവിട്ടകലെയാസ്സാമിൽ

പണിയ്ക്ക് പോയ് വരും പരിഷകൾ ഞങ്ങൾ

നിയതമെങ്കിലും കിടച്ചിടുമല്ലോ

വിയർപ്പിന് കൂലി, വിശപ്പിന് കൂലി..'

1941ൽ എഴുതിയ ആസ്സാം പണിക്കാർ എന്ന ഈ കവിതയാണ് ഇന്ന് എല്ലാ പ്രായോഗിക അർത്ഥങ്ങളിലും തിരിച്ച് വായിക്കേണ്ടി വരുന്നത്.. എങ്കിലും ഇതിൽ, കേരളം വിട്ടു പോകുന്നവർ കാണുന്ന കേരളത്തിന്റെ കാല്പനികഭംഗി നിറഞ്ഞു നിൽക്കുന്നു.

മാമ്പഴത്തേക്കാൾ മധുരത്തോടെ നമ്മളോർക്കുന്ന വൈലോപ്പിള്ളിയുടെ മറ്റൊരു കവിതയാണ് കാക്ക.

'കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ
സൂര്യപ്രകാശത്തിനുറ്റ തോഴി...' എന്ന വരികൾ കേൾക്കാത്ത ആരും ഉണ്ടാവില്ല.

മനുഷ്യൻ സൂക്ഷിയ്ക്കുന്ന രഹസ്യങ്ങളുടെ ലോകത്തിൽ കടന്നുകയറി എല്ലാം വെളിപ്പെടുത്തുന്നവരാണ് കവികൾ. അങ്ങനെയുള്ള അതിരഹസ്യങ്ങൾ, സ്വന്തമാണെങ്കിൽ പോലും, തുറന്ന് കാണിച്ച് തന്ന കവിയാണ് വൈലോപ്പിള്ളി.. അങ്ങനെ തുറന്നെഴുതിയ കവിതകളിൽ മറക്കാനാവാത്ത ഒന്നാണ്, ഏഴ് പതിറ്റാണ്ട് പിന്നിട്ടിട്ടും പുതിയ കവിതയായിത്തന്നെ നിലകൊള്ളുന്ന വിസ്മയ സൃഷ്ടിയായ കുടിയൊഴിക്കൽ എന്ന ദീർഘ കവിത.

'പുഞ്ചിരി , ഹാ! കുലീനമാം കള്ളം..'

എന്നത് ഇന്ന് രഹസ്യമല്ലാതായത് അന്ന് വൈലോപ്പിള്ളി അത് വെളിപ്പെടുത്തിയതിനാലാണ്..

'ചെററയാം വിടൻ, ഞാനിനി മേലിൽ
കഷ്ട, മെങ്ങനെ കണ്ണാടി നോക്കും..! '

എന്നും കുടിയൊഴിക്കലിൽ പറഞ്ഞു വയ്ക്കുന്നുണ്ട്.

കവിതയുടെ ജനകീയതയിൽ ചങ്ങമ്പുഴ നേടിയ അസാധാരണ വിജയം അതേ കാലത്ത് തന്നെ കവിതകളെഴുതിയിരുന്ന വൈലോപ്പിള്ളി ആരാധനയോടെ വ്യക്തമാക്കുന്ന ഒരു മനോഹര ദൃശ്യമുണ്ട്, കുടിയൊഴിക്കലിൽ.. താൻ ഇഷ്ടപ്പെടുന്ന പെൺകുട്ടി അയൽപക്കത്ത് കൂട്ടുകാരുമൊത്ത് കൈകൊട്ടിക്കളിച്ചതിനെ, കവി കൂടിയായ കാമുകൻ അവതരിപ്പിയക്കുന്നത് ഇങ്ങനെയാണ്. :

'ധന്യനാമിടപ്പള്ളിലെഗ്ഗാന
കിന്നരന്റെ കവിതകൾപാടി
കന്യമാരുമായെന്നയൽ വക്കിൽ
കൈയ്യു കൊട്ടിക്കളിച്ചതിൻ ശേഷം,
'എന്നുടെയൊച്ച കേട്ടുവോ വേറി
ട്ടെ ' ന്ന് പിറ്റേന്ന് ചോദിയ്ക്കുവോളേ."

കാവ്യാനുഭവത്തിന്റെ ഏത് തലമെടുത്താലും കുടിയൊഴിക്കൽ മലയാളത്തിന്റെ ഏറ്റവും ശ്രദ്ധേയമാകുന്ന കവിതകളിലൊന്നാണ്... ലോകത്തിന്റെ തെറ്റുകൾ തിരുത്തുന്നത് 'സ്നേഹ സുന്ദര പാതയിലൂടെ' ആകണം എന്ന് കവി ആവശ്യപ്പെടുന്നു..

പ്രണയ വർണ്ണങ്ങളുടെ ധാരാളിത്തത്തിൽ ആവിഷ്കരിച്ച ഒരു ബന്ധത്തെ ഉപേക്ഷിക്കുമ്പോൾ,

'കന്യമാർക്ക് നവാനുരാഗങ്ങൾ,
കമ്ര ശോണ സ്ഫടിക വളകൾ,
ഒന്നു പൊട്ടിയാൽ മറ്റൊന്നിവണ്ണം
ഉന്നയിപ്പു ഞാൻ തത്ത്വനിരകൾ... '

എന്ന് മാന്യ കാമുകൻ ന്യായം കണ്ടെത്തുന്നതും, മേൽസൂചിപ്പിച്ച തുറന്ന് പറച്ചിലാണ്...

അവളുടെ മാടം തീ പിടിച്ച് നശിച്ചപ്പോൾ,

'നീയെരിച്ചതിൽ പിന്നെയാണല്ലോ,

തീയെരിച്ചതസ്സാധുവിൻ മാടം....'

എന്ന് സ്വയം കുററപ്പെടുത്തുവാനും ഇതേ കാമുകൻ തയ്യാറാണ്..

ഉള്ളിലും പുറത്തും കവിയും കാമുകനും നേരിടുന്ന വൈരുദ്ധ്യത്തിന്റെ സംഘർഷം വൈലോപ്പിള്ളി ഉപയോഗിയ്ക്കുന്ന വാക്കുകൾക്കുമുണ്ട്.

'വിദ്യുദൈന്ദ്ര ധനുസ്സുകൾ ചൂഴും
സത്യ സൗന്ദര്യ ഗോപുരം പൂകെ'
എന്ന് എഴുതിയതിന് തൊട്ട് പിന്നാലെ
'തള്ളിയേറുമന്നുള്ളിലൊരൂറ
ക്കള്ള് നാറും തെറിയുടെ പൂരം...'
എന്ന് എഴുതാൻ ഒരു മടിയും ഇല്ല...

എത്രയെഴുതിയാലും വ്യാഖ്യാനങ്ങൾ അവസാനിയ്ക്കാത്ത അക്ഷയ കവിതയാണ് 'കുടിയൊഴിയ്ക്കൽ..'

ഓണക്കാലത്തെക്കുറിച്ച് ഏറ്റവും അധികം കവിതകൾ എഴുതിയിട്ടുള്ളത് വൈലോപ്പിള്ളി ആയിരിയ്ക്കും. ആ കണക്ക് എങ്ങനെ ആയിരുന്നാലും, മലയാളത്തിലെ ഏറ്റവും പ്രശസ്തവും അർത്ഥസംപുഷ്ടവും ആയ ഓണക്കവിത വൈലോപ്പിള്ളിയുടെ 'ഓണപ്പാട്ടുകാർ' ആണ് എന്നതിൽ സംശയ

മില്ല.. കൊച്ചു കേരളത്തിന്റെ ഈ മനോഹര സങ്കല്പത്തെ വിസ്തൃത ലോകചരിത്രത്തിനോട് ചേർത്ത് വയ്ക്കുന്ന ഇന്ദ്രജാലമാണ് 'ഓണപ്പാട്ടുകാർ '. പദബഹുലമായ ഓണപ്പാട്ടുകാർ വൈലോപ്പിള്ളിയുടെ മറ്റെല്ലാ കവിതകളിൽ നിന്ന് വ്യത്യസ്തമായി നിലനിൽക്കുന്നു..

'പോയതിൽ നിന്നിനിയെന്നോ വിരിയു
ന്നായതിലേയ്ക്ക് കുതിയ്ക്കുകയാണി
ന്നായത വിശ്വാസത്തൊടു ഞങ്ങടെ
ഭാസുരചിന്താ സങ്കല്പങ്ങൾ.. '

ഇങ്ങനെ എല്ലാ വരികളും സവിശേഷമായ ചടുലപദസഞ്ചാരം കൊണ്ട് മുഖരിതമായ ഈ കവിത എല്ലാ കാലത്തേയും ഏറ്റവും മികച്ച ഓണ രചനയാണ്.

സമാന പദവിന്യാസത്തിലൂടെ വൈലോപ്പിള്ളി ആവിഷ്കരിച്ച ശബ്ദചാരുത പ്രാസഭംഗിയ്ക്കപ്പുറത്തേയ്ക്ക് കടക്കുന്ന പ്രതിഭാസഞ്ചാരമാണ്.. അവയ്ക്ക് നൂറ്റി അൻപതിലേറെ ഉദാഹരണങ്ങൾ ലീലാവതി ടീച്ചർ തന്നെ തിരഞ്ഞെടുത്ത് ഒരു പഠനത്തിൽ ചേർത്തിട്ടുണ്ട്. ഒരേ വാക്കുകളിലൂടെ വിപരീതഭാവങ്ങൾ വെളിപ്പെടുത്തുന്ന 'തൃശൂരിലെ വടക്കേച്ചിറ' യിലെ ഈ വരികൾ മാത്രം നോക്കൂ:

'പണ്ടാ വടക്കേച്ചിറ യൊന്നു ചെന്നു
കണ്ടാൽ കുളിച്ചീടണമെന്ന് തോന്നും :
പണ്ടാരമാം വാഴ്ചയിലിന്നതൊന്നു
കണ്ടാൽ കുളിച്ചീടണമെന്ന് തോന്നും..'

ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച മദ്ധ്യവയസ്സ് പിന്നിട്ട ദമ്പതികളുടെ കവിതയെക്കുറിച്ച് കൂടി സൂചിപ്പിച്ച് അവസാനിപ്പിക്കാം. ഊഞ്ഞാലിൽ, കണ്ണീർപാടം എന്നിവ മലയാളത്തിലെ ഏറ്റവും മികച്ച കവിതകളായിത്തന്നെ കണക്കാക്കപ്പെടുന്നു.

വിവാഹിതയായ മകൾ 'നൽക്കുടുംബിനിയായി വൻപെഴും നഗരത്തിൽ വാഴുന്ന' കാലത്തും പ്രിയതമയോട് ' വന്നിരുന്നാലും നീയീ ഊഞ്ഞാൽ പടിയിൽ, ഞാൻ

മന്ദമായ് കല്ലോലത്തെ തെന്നൽ പോലാട്ടാം നിന്നെ'

എന്ന് പറയാൻ തോന്നുന്നത്

'വീശുമീ നിലാവിന്റെ വശ്യശക്തിയിലാവാം..' എന്ന് സമാധാനിച്ചാലും, സത്യമായ കാര്യമാണല്ലോ..

അത് കേട്ട് പത്നി ചിരിക്കുമ്പോഴോ ?

'ചിരിയ്ക്കുന്നുവോ, കൊള്ളാം! യൗവനത്തിന്റേതായ്

കയ്യിരിപ്പുണ്ടിപ്പോഴും നിനക്കാ മനോഹരസ്മിതം..'

എന്ന മറ്റൊരു സത്യവും പുറത്ത് വരുന്നു.. ഇങ്ങനെ ദീർഘജീവിതം ഒന്നും മാറ്റിയിട്ടില്ല എന്ന് സ്ഥാപിക്കുന്ന ഊഞ്ഞാലിൽ നിന്ന്, മറ്റൊരു ദാമ്പത്യ കവിതയായ 'കണ്ണീർ പാട' ത്തിലെത്തുമ്പോൾ സത്യം കൂടുതൽ പരുക്കനാവുന്നു..

കണ്ണീർ പാടത്തെ ദമ്പതികൾക്ക് മറ്റൊരു ഭാവമാണ്.. 'ഇന്ന് മിക്കതും മുൾക്കാടായ ദാമ്പത്യത്തിന്റെ പനിനീർ പൂന്തോട്ടത്തിൽ' ആവിഷ്കരിക്കുന്ന എല്ലാ സന്ദർഭങ്ങളും ഭാവങ്ങളും പ്രകടമായോ സൂക്ഷ്മമായോ ഒരിക്കലെങ്കിലും അനുഭവിക്കാത്ത ഭാര്യാഭർത്താക്കന്മാർ ഉണ്ടാവില്ല എന്നതാണ് ഈ കവിതയെ കാലാതിവർത്തിയാക്കുന്നത്. നാഗരികരും വെറും 'നാടൻമാരും' ഇത്തരം സന്ദർഭത്തിൽ വ്യത്യസ്തമായാണ് പെരുമാറുക എന്ന് വൈലോപ്പിള്ളി വ്യക്തമാക്കുന്നുണ്ട്..

'തമ്മിലത്രമേലിഷ്ടമാകിലും സ്നേഹ
സ്വാർത്ഥ
ജൃംഭിതങ്ങളാൽ, പരിഭവത്താ, ലസൂയ
യാൽ
കാറുമൂടിയ കണ്ണീർ പാടത്ത് മുന്നോട്ടേ
യ്ക്ക്
കാലിടറവേ നീങ്ങും മുഗ്ധമാം രണ്ടാത്മാക്കൾ.. '

ആയി ദമ്പതിമാർ മാറുന്നു..ഗൃഹ ഛിദ്ര

ത്തിൽ വാഗാ ടോപം നാടന്മാർക്കല്ലേ പറ്റൂ.... നാഗരികർക്ക് 'മൂകശീതസംഗരം മാത്രം. '

'നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ
നയമെത്രയാണഭിനയമെത്രയാണെന്നും...'

എന്ന് ഒരിക്കലെങ്കിലും ആലോചിച്ചുപോകാത്ത ദമ്പതിമാരുണ്ടോ?

കുടിയൊഴിക്കൽ പോലെ തന്നെ സങ്കീർണമായ മാനുഷിക പ്രശ്നങ്ങൾ ഉൾച്ചേരുന്ന കവിതയാണ് കണ്ണീർപാടം. കാല്പനികതയുടെ ആടയാഭരണങ്ങൾ അണിയിച്ച, കാല്പനികതയ്ക്കപ്പുറത്തേയ്ക്ക് വളർന്നെത്തിയ കവിത..

മുന്നൂറിലധികം കവിതകൾ രചിച്ചിട്ടുണ്ട് വൈലാപ്പിള്ളി.

ഇവിടെ സൂചിപ്പിക്കുന്ന കവിതകൾക്ക് പുറമേ, ജലസേചനം, മൃതസഞ്ജീവനി, വെള്ളില വള്ളി, ഉപമന്യു, സാവിത്രി, തച്ചന്റെ മകൻ, പന്തങ്ങൾ, മലതുരക്കൽ, യുഗപരിവർത്തനം, കടൽക്കാക്കകൾ, കൃഷ്ണാഷ്ടമി, കയ്പവല്ലരി, തൃശൂരിലെ തിരുവാതിരകൾ, തുടങ്ങി അഗാധ വായനയും ചിന്തയും ആവശ്യമായ നിരവധി പ്രശസ്ത കവിതകൾ അദ്ദേഹത്തിന്റെ സമാഹാരത്തിൽ ഉൾപ്പെടുന്നു.. കാവ്യലോകസ്മരണകൾ എന്ന ആത്മകഥയും പ്രശസ്തമാണ്.

മാമ്പഴത്തിന്റെ കവി മാത്രമല്ല വൈലോപ്പിള്ളി ശ്രീധരമേനോൻ എന്ന് ഉറപ്പിക്കുവാനാണ് അതിപ്രശസ്തമായ ആ കവിതയെക്കുറിച്ച് ഈ കുറിപ്പിൽ വിശദമാക്കാതിരുന്നത്. മേൽ സൂചിപ്പിച്ച കവിതകളെല്ലാം വിശദമായ വ്യാഖ്യാനങ്ങൾക്കും പഠനങ്ങൾക്കും എല്ലാ കാലത്തും വിധേയമാകുന്നവയാണ്.. പ്രാധാന്യത്തെ സൂചിപ്പിക്കുക മാത്രമാണ് ഈ കുറിപ്പിന്റെ പ്രധാന ലക്ഷ്യം.

അടിയന്തിരാവസ്ഥക്കാലത്ത് ഭയം കൂടാതെ സാമൂഹ്യ കവിതകളെഴുതിയ ഒരേയൊരു മുതിർന്ന കവി വൈലോപ്പിള്ളി മാത്രമാണ്.. അതുകൊണ്ടാണ്, വൈലോപ്പിള്ളിയുടെ ഭൗതികദേഹം ഐവർ മഠത്തിൽ ചിതയാകുമ്പോൾ സച്ചിദാനന്ദൻ എഴുതിയത്. :

'ഇറക്കിക്കിടത്തിയതെന്റെ യൗവനമല്ലോ
ചിതയിൽ പൊട്ടുന്നതെൻ നാടിന്റെ നട്ടെല്ലല്ലോ...'

മലയാളത്തിന്റെ ഏറ്റവും വികാരാർദ്രമായ ചരമ കവിതയാണ് വൈലോപ്പിള്ളിയെക്കുറിച്ച് സച്ചിദാനന്ദൻ എഴുതിയ ' ഇവനെക്കൂടി...' എന്ന കവിത.

ചങ്ങമ്പുഴയും വൈലോപ്പിള്ളിയും ജനിച്ചത് ഒരേ വർഷമാണ്. 1911ൽ. എന്നാൽ ചങ്ങമ്പുഴ ജീവിച്ചിരുന്ന അത്രയും വർഷം കൂടി ചങ്ങമ്പുഴയുടെ മരണശേഷം (1948) വൈലോപ്പിള്ളി ജീവിച്ചിരുന്നു. 1985 വരെ.

*****


## കുട്ടികളുടെ ഒഴിവു ദിവസങ്ങൾ ആസ്വാദ്യകരമാക്കൂ

എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ 2023, മെയ് 11, 12, 13 തീയതികളിൽ കുട്ടികൾക്കായി യോഗ, വ്യക്തിത്വവികസനം, പൈതൃക വിജ്ഞാനം, കളികൾ, സൂംബ ഡാൻസ് തുടങ്ങി രസകരമായ പരിപാടികൾ ഒരുക്കുന്നു. അതാത് മേഖലകളിലെ വിദഗ്ദരാണ് പരിപാടികൾ നയിക്കുന്നത്. താൽപര്യമുള്ളവർ 2023 ഏപ്രിൽ 25-ാം തീയതിക്ക് മുമ്പായി രജിസ്ററർ ചെയ്യേണ്ടതാണ്.

| | |
|---|---|
| പ്രായ പരിധി | - 6 വയസ്സു മുതൽ 15 വയസ്സു വരെ |
| സമയം | - രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ |
| രജിസ്ട്രേഷൻ ഫീസ് | - 300 രൂപ |

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**ശുഭ വിജയകുമാർ - 9446357315**

**15/04/23 മുതൽ 14/05/23 വരെ**

# മാസഫലം

മേടമാസഫലം

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) വിദേശയാത്രക്ക് ശ്രമിക്കുന്നവർക്കും നാട് വിട്ട് മാറിനിൽക്കണം എന്ന് ആഗ്രഹിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും കാലം അനുകൂലമായിരിക്കും. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക നേട്ടം ഉണ്ടാകും. തൊഴിൽ രംഗത്ത് ചില ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. മെയ് 7, 8 തീയതികൾ, അഷ്ടമരാശി നക്ഷത്രങ്ങൾ ആയതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. നാഗയക്ഷി, നാഗരാജ പ്രീതികരമായ വഴിപാടുകൾ നടത്തണം.



ഇടവക്കൂർ (കാർത്തിക അവസാന മൂന്നു പാദം, രോഹിണി, മകീര്യം ആദ്യപകുതി) കോടതി വ്യവഹാരങ്ങളിലും, മത്സരങ്ങളിലും ശത്രുക്കൾക്ക് മേൽ വിജയം നേടാൻ സാധിക്കും. ലൗകീക വിഷയങ്ങളിൽ സന്തോഷകരമായ അനുഭവങ്ങൾ ഉണ്ടാകും. യാത്രകളോട് താൽപര്യം കൂടും മെയ് 9, 10 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ, മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ്. ദൈവീ പ്രീതികരമായ കർമ്മങ്ങൾ അനുഷ്ഠിക്കുക.



മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി, തിരുവാതിര, പുണർതം അവസാന മൂന്ന് പാദം) ബന്ധുജനങ്ങളിൽ നിന്നും പ്രതീക്ഷിക്കാതെ തന്നെ സഹായങ്ങളും, സഹകരണങ്ങളും ഉണ്ടാകും. ദീർഘകാലമായി മനസ്സിൽ കൊണ്ട് നടക്കുന്ന ചിലകാര്യങ്ങൾ സഫലമാകും. വിശ്വസ്തരായ സുഹൃത്തുക്കളിൽ നിന്നും ഗുണാനുഭവങ്ങൾ പ്രതീക്ഷിക്കാം. മെയ് 11,12 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ദുർഗ്ഗാ ദേവീ ക്ഷേത്ര ദർശനം നടത്തി പ്രാർത്ഥിക്കുന്നത് നല്ലതാണ്.



കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയം, ആയില്യം) തൊഴിൽ രംഗത്ത് ഭാഗ്യം കൊണ്ട് ലഭ്യമാകുന്ന ഉന്നതി മൂലം ശത്രുക്കൾ വർദ്ധിക്കും. അനാവശ്യ കലഹങ്ങൾക്ക് സാധ്യത ഉണ്ടാകും. കലാരംഗത്ത് നിന്നും കുടുംബപരമായ സ്വത്തുവകകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. മനസ്സ് അസ്വസ്ഥമാകുമെങ്കിലും സ്വയം പരിഹാരങ്ങൾ കണ്ടെത്തും. വിദ്യാർത്ഥികൾക്ക് ഉന്നത വിജയം നേടാൻ സാധിക്കും. മെയ് 13, 14 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ഗണപതിഹോമം ക്ഷേത്രദർശനം എന്നിവ നടത്തുന്നത് നല്ലതാണ്.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) ദ്രവ്യലാഭം ഭാഗ്യവും കഴിവും കൊണ്ട് നേടുന്ന അധികാര ലബ്ധി വിദ്യാർത്ഥികൾക്കും കലാപരമായ രംഗത്ത് പ്രവർത്തിക്കുന്നവർക്കും മികച്ച പ്രകടനം കാഴ്ചവെക്കാനും, അതിലൂടെ അംഗീകാരം നേടാനും സാധിക്കും. വസ്തുവകകളിൽ നിന്നും ധനലാഭം എന്നീ ഗുണഫലങ്ങൾ പ്രതീക്ഷിക്കാം. ഏപ്രിൽ 18, 19 ദിവസങ്ങൾ അനുകൂലമല്ല. നവഗ്രഹക്ഷേത്രത്തിൽ ശനി പ്രീതികരമായ വഴിപാടുകൾ നടത്തുക.



കന്നിക്കൂർ (ഉത്രം അവസാന മൂന്നാം പാദം, അത്തം, ചിത്തിര ആദ്യപകുതി) സഹപ്രവർത്തകൾ മേലാധികാരി പങ്കാളികൾ എന്നിവരിൽ നിന്നും നേട്ടങ്ങൾ പ്രതീക്ഷിക്കാം. വിദ്യാർത്ഥികൾക്ക് പഠന കാര്യത്തിൽ ചില ആശയ കുഴപ്പങ്ങൾ ഉണ്ടാകാമെങ്കിലും അത് സ്വയം പരിഹരിക്കും. വാതസംബന്ധമായതും ശ്വാസതടസ്സ സംബന്ധമായതും ആയ രോഗങ്ങൾ അലട്ടാം. ഏപ്രിൽ 20, 21 തീയതികൾ ശുഭകരമല്ല. നാഗയക്ഷി പ്രീതി സർപ്പാരാധന എന്നിവ നടത്തുക.



തുലാക്കൂറ് (ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം) പൈതൃകത്തിലൂടെയോ, പങ്കാളിയിലൂടേയോ, സാമ്പത്തിക നേട്ടം. ഇൻഷറൻസ് ആനുകൂല്യം, പൊതുവേ സാമൂഹികപരമായും സാമ്പത്തികപരമായും ഗുണാനുഭവങ്ങൾ പ്രതീക്ഷിക്കാം. കലാ രംഗത്ത് പ്രവർത്തിക്കുന്നവർക്കും, സാഹിത്യ കലാ വിദ്യാർത്ഥികൾക്കും നേട്ടങ്ങൾ ഉണ്ടാകും. ഏപ്രിൽ 22, 23 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. വിഷ്ണു പ്രീതി വരുത്തുക.



വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) ആരോഗ്യം മെച്ചപ്പെടും അലട്ടികൊണ്ടിരിക്കുന്ന രോഗങ്ങൾക്ക് ശമനം ഉണ്ടാകും. ശത്രുക്കളുടെ മേൽ വിജയം നേടാൻ സാധിക്കും. മനസമാധാനം കിട്ടുന്ന തരത്തിലുള്ള കാര്യങ്ങൾ ജീവിതത്തിൽ ഉണ്ടാകും. വാക്ക് മൂലം ധനനഷ്ടത്തിനു സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. ദാമ്പത്യത്തിലെ ഈഗോ ഒഴിവാക്കി, തോറ്റ് കൊടുക്കാനുള്ള മനസ്സും പ്രകടിപ്പിച്ചില്ലെങ്കിൽ ദാമ്പത്യ ജീവിതം ശിഥിലമാകാൻ സാധ്യത കൂടി ഉണ്ട്. ഏപ്രിൽ 25, 26 തീയതികൾ ശുഭകരമല്ല.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം) പൊതുകാര്യങ്ങളിലും സാമൂഹിക പ്രവർത്തനത്തിലും നിന്നും സന്തോഷം ലഭിക്കുന്ന തരത്തിൽ ഉള്ള നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. ഭാവനാസമ്പന്നതയും, ഗുണകരമായ സ്ഥിരോൽസാഹവും ഉണ്ടാകും. പങ്കാളിയുടെ വാശി ദാമ്പത്യത്തിലെ അഭിപ്രായ വ്യത്യാസങ്ങൾക്ക് കാരണമാകും. പരിഹരിക്കാൻ ശ്രമിച്ചില്ലെങ്കിൽ ദാമ്പത്യകലഹം രൂക്ഷമാകും. ഏപ്രിൽ 28, 29 തീയതികൾ ശുഭ കാര്യാരംഭത്തിന് സ്വീകരിക്കരുത്.



മകരക്കൂർ (ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) വിദ്യാർത്ഥികൾക്ക് പഠനവിഷയത്തിലും, മുതിർന്നവർക്ക് സാമ്പത്തിക വിഷയത്തിലും തടസ്സങ്ങളും മറ്റ് പ്രയാസങ്ങളും ഉണ്ടാകുമെങ്കിലും, ക്രമേണ എല്ലാം പരിഹരിക്കപ്പെടും. ജനസമ്മതി, ആസൂത്രണ മികവ് എന്നീ ഗുണങ്ങൾ അനുഭവത്തിൽ ഉണ്ടാകും. ശിവക്ഷേത്ര ദർശനവും, നാമജപവും നടത്തണം. ഏപ്രിൽ 30 മെയ് 1 ദിവസങ്ങൾ അനുകൂലമായിരിക്കില്ല.



കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) പ്രധാന കാര്യങ്ങൾക്കായി കൂടുതൽ യാത്ര ചെയ്യേണ്ടി വരും. അകന്നിരിക്കുന്ന ബന്ധുക്കളുമായി കൂടുതൽ സൗഹൃദം സ്ഥാപിക്കാൻ അവസരം ലഭിക്കും. മേലധികാരികളുമായും ശത്രുക്കളുമായും തർക്കങ്ങൾ ഉണ്ടാകും. അപകീർത്തിക്ക് സാധ്യത എന്നി ദോഷങ്ങൾ കരുതിയിരിക്കുക. വൈഷ്ണവ പ്രീതികരങ്ങളായ മന്ത്ര ജപവും ക്ഷേത്രദർശ്ശനവും നടത്തണം. മെയ് 2,3 തീയതികൾ പ്രായേണ ഗുണം കുറയും.



മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) സർക്കാർ കാര്യങ്ങളിൽ വിജയം, സാമ്പത്തികാഭിവൃദ്ധിയുണ്ടാകും. കുടുംബ ജീവിതത്തിലെ പ്രതിസന്ധിയും, അനുകൂലമല്ലാത്ത ചുറ്റുപാടുകളും മനസ്സിന് കടുത്ത അസ്വസ്ഥത സൃഷ്ടിക്കും. അടി വയർ വേദനയും, കാലിലെ മരവിപ്പും രൂക്ഷമാകാം. ബന്ധുജന കലഹവും, അഭിപ്രായ വ്യത്യാസവും ഉണ്ടാകാം. ശ്രദ്ധിക്കുന്നത് നല്ലതാണ്. ഭദ്രകാളി പ്രീതിയും, നാമജപവും നടത്തി ദോഷങ്ങൾ പരിഹരിക്കണം. മെയ് 4, 5 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 37/181cm, Triketta, Fair, B.Com, Operations Executive in Bullion Street Gold Trading Company, Dubai, Divorced, Mob:- 9048096193

Email: arunsuryan085@gmail.com
Date of Birth:03-06-1985 (06.08 pm)
Sishta Dasa:





Contact Address:
MR. ARUN SURYAN
49/VLRA
VATTAPARAMBU WEST LANE
KALOOR P.O
KOCHI - 682017

---

Nair Boy, 29/180cm, Uthradam, Fair, B.Com, Business, Mob:- 9847661175, 8891361175

Email:reshma.mohan73@gmail.com
Date of Birth: 05-07-1993(11.20 am)
Sishta Dasa: Aditya - 02-06-07





Contact Address:
MR. RAJAMOHAN. K
ILLIKAL (H)
AYYAMPILLY P.O
ERNAKULAM - 682501

---

Nair Boy, 29/175cm, Moolam, M.com, Territory Manager (TATA Group of Companies) HDFC BANK CHANN, Pure Vegetarian, Pref:- Sudhajathakam, Mob:- 9037220348, 9497682007

Email:saranr093@gmail.com
Date of Birth: 16-11-1993(01.15 pm)
Sishta Dasa: Ketu- 05-06-03





Contact Address:
SMT. PRASANNA
GANESWARAM, (KTC-188)
PADAM ROAD, KTC NAGAR
ELAMAKKARA
KOCHI - 682026

---

Nair Boy, 32/175cm, Makom, B.Tech, PGDM, Working in JP Morgan Bengaluru, Sudhajathakam, Pref:- Looking for Employed candidates in Bengaluru, Mob:- 8281885041, 0484-2323871

Email:cncnair1958@gmail.com
Date of Birth: 11.08.1991(00.32 am)
Sishta Dasa:





Contact Address:
MR.CHANDRASEKHARAN NAIRC.N
CHANDRALAYAM MIG-462
PANAMPILLY NAGAR
ERNAKULAM - 682 036

---

Nair Boy, 28/165 cm, Chithira, Medium, M.Tech, Ms, Pursuing Ms in UK, Pref:- Postgraduate/ Professional Degree, Looking for Candidates preferably from Ernakulam, Thrissur, Calicut, Kottayam Districts, Mob:-+919446839396,+91 8590730781

Email: ganeshpmenon@gmail.com
Date of Birth: 27-12-1994 (02.20 pm)
Sishta Dasa: Chovva- 02-06-19




Contact Address:
MRS. SANDHYA GANESH
SUKRUTHI
JAWAHAR NAGAR
THIRUVAMKULAM P.O
ERNAKULAm - 682 305

---


## THOTTEKKATT DIWAN'S MEMMORIAL HALL

### ERNAKULAM! !! KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 26/167cm, Rohini, M.Tech student, Mob:- 8281902747

Email: lavmal123@gmail.com
Date of Birth: 15-02-1997(03.12 pm)
Sishta Dasa: - 05-06-16

കു ച
സ ലഗു ബു

| | | | | | |
|---|---|---|---|---|---|
| | മ ശി | | ച | ല | |
| മാ | ര മാ | ഗ്രഹനില & | | | ശു |
| | ബു ശു ഗു | അംശകം | | | |
| | | | | കു സ | ശി |

ര മ

Contact Address:
MR. ANAND NAMBRATH
HOUSE NO. 7, KUMKUM
TAGORE STREET
DESHABHIMANI ROAD, KALOOR
KOCHI - 682017

Nair Girl, 27/160cm, Revathy, B.Tech (Electronics & Communication), Private job ( Acadamic Associate), Pref:- From Ernakulam, Alappuzha, Thrissur, Kottayam districts, Mob:- 9847803788

Email: sasipmundolil@yahoo.co.in
Date of Birth:12-09-1995 (03.29 am)
Sishta Dasa:Buda - 01-01-16.18

ശിമാ മ

| | | | | | |
|---|---|---|---|---|---|
| ച | ച | ശി മാ | | | |
| | മ | ഗ്രഹനില & | | ല | ബു |
| ശു | | അംശകം | | ര | |
| കു | | ഗു | കു സ | ബു ശു | |

ലഗു
രസ

Contact Address:
Mr.SASIDHARAN. P
REVATHY (H), CRRA.19
CHENDANKULANGARA ROAD
EDAPPALLY P.O
KOCHI - 682024

Nair Girl, 28/165 cm, Pooruruttathy, B.Tech Ciivl, Diploma in Interior Designing, Project Manager in Private Sector(Non IT), 7il chovva, Pref:- Working in India Only,Mob:-0484-2323871, 8281885041

Email:cncnair1958@gmail.com
Date of Birth:06-01-1995( 07.50 am)
Sishta Dasa:

ച കു

| | | | | | |
|---|---|---|---|---|---|
| സ ല | | ശി | | | |
| ബു മ | ച മ | ഗ്രഹനില & | | | |
| | ബു ല മ | അംശകം | | കു | ശു മാ |
| | ര | ശു ഗു | സ | | ശി |

ര ഗു

Contact Address:
MR.CHANDRASEKHARAN NAIR C.N
CHANDRALAYAM MIG-462
PANAMPILLY NAGAR
ERNAKULAM - 682 036

Nair Girl, 25/167cm, Vishakam 3/4 (Thulam), MA in International Relation (JNU), Working in UNDP, New Delhi, India, Mob:- 9899540305

Email: ssk4170@gmail.com
Date of Birth: 17-06-1997(05-11 pm)
Sishta Dasa: 14-11-05

ച ശു

| | | | | | |
|---|---|---|---|---|---|
| | മ ശി | | ബു | ര ശു | |
| കു മ | | ഗ്രഹനില & | | | ബു മാ ശി |
| സ | ഗു | അംശകം | | | |
| | | ല | ച | കു മാ സ | ഗു |

ര ല

Contact Address:

MR. C. SUNIL KUMAR
NEWDELHI - 110078

പൂർണ്ണേ ഗർഭേ സമസ്ര ത്രിഭുവന ശുഭക-
    ർമ്മങ്ങളേകത്രകൂടി-
പ്പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടല-
    ശ്യാമധാമാഭിരാമൻ
മംഗല്യേ സന്മുഹൂർത്തേ മഹിതഗുണമിയ-
    ന്നഷ്ടമീ രോഹിണീഭ്യാം
സംഗേ ഭംഗ്യാ ജനിച്ചാ നഴകൊടു ജഗതീ-
    മൂലകുന്ദം മുകുന്ദൻ

– ശ്രീകൃഷ്ണചരിതം മണിപ്രവാളം 1. 72.

ലോകങ്ങൾക്ക് ആദികാരണനായ മഹാവിഷ്ണു, ദേവകിയുടെ ഗർഭം പൂർണ്ണമായപ്പോൾ, മൂന്നു ലോകത്തിലെയും സകലശുഭകർമ്മങ്ങളുടേയും മൂർത്തീഭാവം പോലെ, മേഘപാളികളുടെ നീല ശോഭയുള്ളവനായി, അഷ്ടമിയും രോഹിണിയും ചേരുന്ന സന്മുഹൂർത്തത്തിൽ ആ ദേവിയുടെ ഉദരത്തിൽ നിന്നു പിറന്നു.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),










*എറണാകുളം കരയോഗത്തിന്റെ വിവിധ സ്ഥാപനങ്ങൾ*

**DATE OF PUBLICATION: 10-04-2023**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**
**M6-57945/2007**

**REGISTERED NO. KL/EKM/761/2022-24**
**LICENSE NO. KL/CR/EKM/WPP-7/2022-24**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 15 April 2023 Issue No. 4



എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 'നമ്മുടെ സംഗീതപാരമ്പര്യം' എന്ന വിഷയത്തെ അധികരിച്ച് പ്രമുഖ പത്രപ്രവർത്തകൻ കെ. പ്രദീപ് സീനിയർ ഡെപ്യൂട്ടി എഡിറ്റർ, ദി ഹിന്ദു (Rtd) സംസാരിക്കുന്നു.

2023 ഏപ്രിൽ 12 ബുധനാഴ്ച വൈകുന്നേരം 5.00 മണിക്ക് ടി.ഡി. എം. ഹാളിൽ വെച്ച് നടത്തുന്ന ഈ പ്രഭാഷണ പരമ്പരയിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്





അന്തരിച്ച പ്രശസ്ത കഥകളി നടൻ കലാമണ്ഡലം വാസു പിഷാരടി ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം 17-04-2023 തിങ്കളാഴ്ച, കാവേരി, ടി.ഡി. എം. ഹാളിൽ വൈകുന്നേരം 5.30ന് തുടർന്ന് കഥകളിപ്പദകച്ചേരി കോട്ടക്കൽ മധു, നെടുമ്പള്ളി രാംമോഹൻ, ചെണ്ട - കലാ. വേണു മോഹൻ, മദ്ദളം - ബിജു ആറ്റുപുറം

*ഏവർക്കും സ്വാഗതം*

## ബീം ഏപ്രിൽ മാസ പരിപാടി

**ശ്രുതി ഓർക്കസ്ട്രാ അവതരിപ്പിക്കുന്ന**

## ഗാനമേള

**25-4-2023 ചൊവ്വാഴ്ച വൈകുന്നേരം 6.30ന്**
**ടിഡിഎം. ഹാളിൽ**

## എറണാകുളം കരയോഗം
## സാംസ്ക്കാരിക വിഭാഗം
## സംഗീത സായാഹ്നം

**ശതാഭിഷേകത്തിലേക്ക് കടന്ന ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങൾ**
**30-4-2023 ഞായറാഴ്ച**
**വൈകുന്നേരം 4ന് ടി.ഡി.എം. ഹാളിൽ**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**